KOTTAYAM PUBLIC LIBRARY

Call No. M200 ANN-O Acc. No. 13364

Author [illegible]

Title [illegible]

820

# ഒന്നു പരീക്ഷിച്ചു നോക്കാമോ?

13364.

**EVERY DAY SANCTITY**

*by*

Sister M. Annetta, S. A. C.
(Schoenstatt Sisters of Mary)

അനുവാദകൻ:
ജോസ് കൂട്ടുങ്കൽ
ഏഴല്ലൂർ

പ്രസാധകർ:
എസ്. എച്ച്. ലീഗ്,
ആലുവാ നോർത്ത്, P. O.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

1959

വില 50ന. പൈ.

ഒന്നാംപതിപ്പ് കോപ്പി 2000
1959 സെപ്റ്റംബർ

---

**Nihil Obstat** Fr. Michael Angel, O. C. D.,
*Alwaye, 10-5-1959* *Rector, Ap. Seminary.*

**Imprimatur** † Joseph Parecattil,
*Ernakulam, 19-5-1959.* *Abp., Ernakulam.*

---

പകർപ്പവകാശം "എസ്. എച്ച്. ലീഗി"ന്

Printed at the J. M. Press, Alwaye North P. O.
Kerala (India)

# I

## അതു സാദ്ധ്യമാണ്

നിത്യനഗരമായ റോമിൽ അന്ന് ഈശോസഭയുടെ അഭിമാനസ്തംഭമായ ഫ്രാൻസിസ് സേവ്യറിനെ വിശുദ്ധനെന്നു പ്രഖ്യാപിക്കുകയാണ്. നാനാദേശങ്ങളിൽനിന്ന് അനേകം പ്രശസ്തവ്യക്തികളും ആയിരക്കണക്കിനു സാധാരണക്കാരും പത്രോസിന്റെ ബസിലിക്കയിൽ തടിച്ചുകൂടിയിട്ടുണ്ട്. യുവാവായ ഫ്രാൻസിസ് സെയിൽസും കാണികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. സേവിയറിന്റെ വീരോചിതമായ വിശുദ്ധിയെ പ്രകീർത്തിക്കുന്ന പ്രസംഗം നമ്മുടെ യുവാവു ശ്രദ്ധിച്ചു ശ്രവിച്ചു. തിരുസ്സഭയുടെ വിശാലവിഹായസ്സിൽ വിളങ്ങിപ്രകാശിക്കുന്ന നക്ഷത്രങ്ങളാണു വിശുദ്ധർ. അവിടെ ഇന്ന് ഒരു വെള്ളിനക്ഷത്രംകൂടി ഉദയം ചെയ്തിരിക്കുന്നു. അസീസിയിലെ വിശുദ്ധ ഫ്രാൻസീസിനോടൊപ്പം ഒരു ഫ്രാൻസീസുകൂടെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെടുന്ന മഹദ്ദിനം. യുവാവായ ഫ്രാൻസീസു സെയിൽസ് ചിന്തിച്ചു: 'മൂന്നാമതൊരു ഫ്രാൻസിസുകൂടി അവരോടു ചേരണം. അതു ഞാൻതന്നെയായിരിക്കും.' വർഷങ്ങൾ പലതു കടന്നുപോയി. ഫ്രാൻസിസ് സെയിൽസ് പതിനേഴാം നൂററാണ്ടിലെ ഏററവും വലിയ പുണ്യവാനായിത്തീരുകതന്നെ ചെയ്തു.

ജോസഫ് എംഗ്ലിംഗ്—നിർമ്മലതയുടെ നിദർശനങ്ങളായ നീലക്കണ്ണുകളും നിഷ്കളങ്കത നിറഞ്ഞ ഹൃദയവും അ

യുവാവിൻെറ പ്രത്യേകതകളായിരുന്നു. വെറും ഒരു സാധാരണ സൈനികനായിട്ടാണ് എംസ്ലിംഗ് ജീവിതമാരംഭിച്ചത്. ഷൂവൻസ്റ്റാട്ട് മൂവ്മെൻറി (Schoenstatt Movement) ൻെറ മുന്നോടിയും അതിൻെറ സ്ഥാപകരിൽ അഗ്രഗണ്യനും ഇദ്ദേഹമാണ്. "വ്യാകുലമാതാവിൻെറ ഗബ്രിയേൽ" എന്ന വിശുദ്ധൻെറ വീരചരിതം വായിച്ചതിനു ശേഷം ആ യോദ്ധാവു തൻെറ ആദ്ധ്യാത്മികപിതാവിന് ഇങ്ങനെ എഴുതി: "പിതാവേ, എനിക്ക് ഒരു പുണ്യവാനാകണം. ഗബ്രിയേലിനെ അതിശയിക്കുന്ന ഒരു പുണ്യവാൻ. അതിനു നമ്മുടെ സ്വർഗ്ഗീയ മാതാവിൻെറ സഹായം കൂടിയേ കഴിയൂ എന്നെനിക്കറിയാം. ആ അമ്മ എന്നെ സഹായിക്കുമെന്നു തീർച്ചയാണ്. ഭാഗ്യപ്പെട്ട ഗബ്രിയേലേ, ദൈവമാതാവിനോടു ഗാഢമായ സ്നേഹം എനിക്കു പ്രാപിച്ചു തരിക; എന്നാൽ, ഞാനും അങ്ങയെപ്പോലെ ഒരു വിശുദ്ധനാകും." എംസ്ലിംഗിൻെറ പിന്നീടുള്ള ജീവിതം പരിശുദ്ധ കന്യകയ്ക്കായി സമർപ്പിക്കപ്പെട്ട ഒരു സ്നേഹബലിയായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൻെറ അന്ത്യഘട്ടത്തിൽ മാതൃരാജ്യത്തിനുവേണ്ടി അദ്ദേഹം സ്വജീവൻ അർപ്പിച്ചു. ആ പടയാളിയെ അടുത്തറിഞ്ഞിട്ടുള്ളവരെല്ലാം അദ്ദേഹത്തെ ഒരു പുണ്യവാനായി ബഹുമാനിച്ചുപോരുന്നു. അദ്ദേഹത്തിൻെറ നാമകരണത്തിനുള്ള നടപടികൾ വിജയപൂർവ്വം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

"അതു സാധ്യമാണ്"—ഈ കൊച്ചുവാചകത്തിൻെറ അർത്ഥം നിങ്ങൾക്ക് ഇപ്പോൾ ഏതാണ്ടു മനസ്സിലായിക്കാണും. ഒരു പുണ്യവാനാകുക—അതു സാദ്ധ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ പലരും അതു സാധിച്ചിട്ടുണ്ട്. ഭാവിയിൽ അത് അസാദ്ധ്യമാവുകയുമില്ല. ഇതു വായിക്കുമ്പോൾ നിങ്ങൾ പക്ഷേ നെററി ചുളിച്ചേക്കാം; "ഈ ഇരുപതാം നൂററാണ്ടിൽ ഒരു വിശുദ്ധനാവുക, കിഴക്കും പടിഞ്ഞാറും തമ്മിൽ കൂട്ടിമുട്ടിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. പഴയകാലത്തെ പുസ്ത

കങ്ങൾ വരച്ചു കാട്ടുന്ന വിളറി വാടിയ മുഖവും കുഴിഞ്ഞിറങ്ങിയ കണ്ണുകളും ഉള്ള ഒരു കൈയിൽ ചമ്മട്ടിയും മറേറതിൽ തലയോട്ടും ഏന്തിനില്ക്കുന്ന, അത്ഭുതജീവികളായ വിശുദ്ധാത്മാക്കളും ചോരയും നീരുമുള്ള ഇന്നത്തെ പരിഷ്കൃതമനുഷ്യരും തമ്മിൽ എന്തു ബന്ധമാണുള്ളതു്?" എനിക്കു പറയാനുള്ള ഉത്തരം, നിങ്ങളുടെ ഭാവനയിലിരിക്കുന്നതു ദൈവത്തിന്റെ വിശുദ്ധരുടെ യഥാർത്ഥചിത്രമല്ല എന്നാണ്. അവർ ജീവിച്ചിരുന്ന കാലത്തിന്റെ മനോഗതിക്കൊത്തു, കക്കശവും ചിലപ്പോൾ അതികഠിനവുമായ തപസ്സും പ്രായശ്ചിത്തപ്രവൃത്തികളും അവർ അനുഷ്ഠിച്ചിരുന്നു എന്നതു വാസ്തവം തന്നെ. എന്നാൽ, എക്കാലത്തെയും വിശുദ്ധരുടെ ജീവിതത്തിനു് ഒരു പ്രത്യേകതയുണ്ടായിരുന്നു—സ്നേഹം. ഈ സ്നേഹത്തിന്റെ വിജയം സുനിശ്ചിതമാക്കുവാനാണു് അവർ ലോകവ്യഗ്രതകളിൽനിന്നു് ഏകാന്തതയിലേക്കു് ഓടിയൊളിച്ചതും നീണ്ട രാത്രികൾ ഉറക്കമിളച്ചു പ്രാർത്ഥനയ്ക്കായി ചെലവഴിച്ചതും ചമ്മട്ടികൊണ്ടടിച്ചും മുള്ളരഞ്ഞാണമണിഞ്ഞും മുള്ളിൽ കിടന്നുരുണ്ടും സ്വശരീരത്തെ പീഡിപ്പിച്ചതുമെല്ലാം. ആധുനികകാലങ്ങളിൽ വിരചിതമായ വിശുദ്ധരുടെ ജീവചരിത്രങ്ങൾ വായിച്ചു നോക്കുക. ഈ സത്യം കുറെക്കൂടി വ്യക്തമാകും. അവയിൽ നാം കണ്ടുമുട്ടുന്നതു ശോകാത്തരായ വിശുദ്ധരെയല്ല. സന്തോഷവും സംതൃപ്തിയും അവരുടെ വദനങ്ങളിൽ തങ്ങിനില്ക്കുന്നു. ലൗകികവും അലൗകികവുമായ ആനന്ദം ആ ജീവിതത്തിൽ ദൃശ്യമാണ്. മ്ലാനതയും വിശുദ്ധിയും ഉത്തരദക്ഷിണധ്രുവങ്ങൾപോലെ അകന്നിരിക്കുന്നു. ദൈവസ്നേഹത്തിൽ പരിപൂർണ്ണമായി ലയിച്ച വ്യക്തി എപ്പോഴും ഉന്മേഷവാനായിരിക്കും. യഥാർത്ഥവിശുദ്ധർ എന്നും അങ്ങനെയായിരുന്നു. ദൈവമാണു് അവരുടെ ഹൃദയങ്ങളെ ഭരിക്കുക. അവരുടെ ആനന്ദത്തിന്റേയും സംതൃപ്തിയുടേയും ഉറവിടവും അവിടുന്നുതന്നെ.

ഇപ്പോഠം നിങ്ങഠം പറയുമായിരിക്കും, 'വിശുദ്ധർ ഭൂമിയിലേക്കു പിറന്നതുതന്നെ വിശുദ്ധരായിട്ടാണ്. പിള്ളത്തൊട്ടിമുതൽ ദർശനങ്ങളും അത്ഭുതങ്ങളുംവഴി ദൈവം അവരെ അനുഗ്രഹിച്ചിരുന്നു' എന്ന്. വെറും ഒരു തെററിദ്ധാരണയാണിത്. അവരും ഉത്ഭവപാപത്തിനും അതിൻെറ കെടുതികഠംക്കും അധീനരായിരുന്നു. നിങ്ങഠംക്കുള്ളതുപോലെ നിരവധി പ്രതിബന്ധങ്ങഠം അവർക്കും ഉണ്ടായിരുന്നു. നിങ്ങഠംക്കുള്ളവയിൽ കവിഞ്ഞ വിശുദ്ധീകരണമാർഗ്ഗങ്ങളൊന്നും അവക്കും ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന്, സമാദല്ലാനായ വിശുദ്ധ ജറോം വിശുദ്ധിക്കെതിരായ പരീക്ഷകളോട് ജീവിതകാലം മുഴുവൻ പോരാടി. നിരന്തരമുണ്ടായിക്കൊണ്ടിരുന്ന ഉഗ്രമായ തലവേദനയോടു മല്ലിട്ടാണു വിശുദ്ധ തോമസ് അക്വിനാസ് ദൈവശാസ്ത്രപരമായ വൻഗ്രന്ഥങ്ങഠം എഴുതിത്തീർത്തത്. ഇതുപോലെയുള്ള ഉദാഹരണങ്ങഠം നിരവധിയാണ്. ഇപ്പോഠം നിങ്ങഠംക്കു കുറേക്കൂടി വ്യക്തമായിക്കാണും വിശുദ്ധി എന്താണെന്ന്.

ഈ അടുത്ത കാലത്തു നടന്ന ഒരു സംഭവം ഉദ്ധരിച്ച് ഇതു കുറെക്കൂടി വ്യക്തമാക്കാം. തീക്ഷ്ണമതിയായ ഒരു സന്യാസിവൈദികൻ. യുവാക്കളുടെ ഒരുത്തമസുഹൃത്താണദ്ദേഹം. അദ്ദേഹം ഒരിക്കൽ ഒരു ഫാക്ടറി സന്ദർശിച്ചു. എല്ലാം ചുററി നടന്നു കണ്ടു താഴത്തെ നിലയിലെത്തി. പതിനഞ്ചു വയസ്സു തോന്നിക്കുന്ന സുമുഖനായ ഒരു ബാലൻ ഒരു ക്രൂരറൻ യന്ത്രം പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. ആ യന്ത്രത്തിൻെറ പ്രവർത്തനവും അതിൽ പ്രത്യേകം സൂക്ഷിക്കേണ്ട സംഗതിയും അവൻ അച്ചനു വിവരിച്ചുകൊടുത്തു.

"കുഞ്ഞേ, നിനക്ക് ഒരു പുണ്യവാനാകാൻ ആഗ്രഹമില്ലേ?" അപ്രതീക്ഷിതമായിരുന്ന അച്ചൻെറ ആ ചോദ്യം. അങ്ങനെ ഒരു കാര്യത്തെക്കുറിച്ച് അതുവരെ അവൻ ചിന്തിച്ചിട്ടേയില്ല. അല്പനേരം അവൻ വാപൊളിച്ചു നിന്നുപോയി.

"ഞാൻ ഒരു പുണ്യവാനാകുകയോ! അതു സാദ്ധ്യമാണോ?" അവസാനം അവൻ പറഞ്ഞു. "തീർച്ചയായും ഞാൻ ആഗ്രഹിക്കുന്നു." "ഒരു വിശുദ്ധനാകാൻ ആദ്യം വേണ്ടതു് അതിനായി ഹൃദയംഗമമായി ആഗ്രഹിക്കുകയാണു്. അതിനു് ഈ ജോലി ഒരിക്കലും തടസ്സമല്ല. കുഞ്ഞു് ഇപ്പോൾ ചെയ്യുന്ന ജോലി, അതെന്തുമായിക്കൊള്ളട്ടെ, ദൈവസ്നേഹത്തെപ്രതി ചെയ്യുക. വിശുദ്ധനാകുവാൻ അതുമാത്രം മതി." ആ കൊച്ചു കൺകോണുകളിൽ ആശയും ആവേശവും ഓളം വെട്ടുന്നതു് അദ്ദേഹം കണ്ടു. അവനെ അനുഗ്രഹിച്ചിട്ടു്, ആ വൈദികൻ യാത്രയായി. കുറെനാൾ കഴിഞ്ഞു വീണ്ടും അദ്ദേഹം അവിടം സന്ദർശിച്ചു. പതിവുപോലെ യുവസ്നേഹിതർ ചുററും ഓടിക്കൂടി. അവരുടെ ഇടയിൽക്കൂടി തിക്കിക്കടന്നു ഒരു മിടുക്കൻ അച്ചൻെറ അടുത്തെത്തി. "അച്ചാ, അതു സാദ്ധ്യമാണു്" വന്നവഴി ആ ബാലൻ പറയുകയാണു്. "നീ ആരാണു കുഞ്ഞേ? എന്താണു സാദ്ധ്യം?" അച്ചൻ ആരാഞ്ഞു. "ഒരു പുണ്യവാനാകുക. അച്ചൻ അന്നു പറഞ്ഞു തന്നതു് ഓർക്കുന്നില്ലേ?" അതു പറയുമ്പോൾ ഓമനത്തം തുളുമ്പുന്ന അവൻെറ മുഖം ആനന്ദംകൊണ്ടു തുടുത്തിരുന്നു.

ഇതാണു പരിശുദ്ധിയുടെ രഹസ്യം. ഇങ്ങനെയാണെങ്കിൽ ഒരു പുണ്യവാനാകുവാൻ നിങ്ങൾക്കും സാധിക്കുകയില്ലേ? അതിനു നാടും വീടും വിട്ടുപോകേണ്ടാ. ദൈവം ചിലപ്പോൾ അതും ആവശ്യപ്പെടാറുണ്ടു്. അപ്പോൾ അതിനു് ആവശ്യകമായ അനുഗ്രഹങ്ങളും അവിടുന്നു നല്കും. നിങ്ങൾ ഒരു മാതാവോ, പിതാവോ, മെക്കാനിക്കോ, തൊഴിലാളിയോ, കൂലിക്കാരനോ, ക്ലാർക്കോ, സമുദായപ്രവർത്തകനോ എന്തായാലും ആ ജോലിതന്നെ നിങ്ങൾക്കു തുടരാം. ഒരസാധാരണകൃത്യവും നിങ്ങൾ ചെയ്യേണ്ടാ. സാധാരണജീവിതത്തിൽ നിങ്ങൾ നിർവഹിക്കേണ്ട കാര്യങ്ങൾ അസാധാരണമാംവിധം നന്നായി ചെയ്യുക. തീക്ഷ്ണതയുററ ദൈവസ്നേ

ഹമായിരിക്കണം നിങ്ങളെ അതിന്ന പ്രേരിപ്പിക്കുക. തീർച്ചയായും നിങ്ങൾ ഒരു വിശുദ്ധനാകും. ഈ വിശുദ്ധിയെ, നമുക്ക് 'അനുദിനവിശുദ്ധി' എന്നു വിളിക്കാം. അനുദിനജീവിതത്തിലെ നിങ്ങളുടെ ഓരോ പ്രവൃത്തിയും ഒരു വിശുദ്ധൻേറതായിരിക്കട്ടെ. ദിവസങ്ങൾ ആഴ്ചകളായും ആഴ്ചകൾ മാസങ്ങളായും മാറും. നിങ്ങളറിയാതെതന്നെ വിശുദ്ധിയുടെ രാജപാതയിലൂടെ നിങ്ങൾ മുന്നേറിക്കൊണ്ടിരിക്കും. ഇതു സാധ്യമാണോ? തീർച്ചയായും എനിക്കും നിങ്ങൾക്കും ഇതു സാധിക്കും. എങ്ങനെയെന്നോ? ഇതാണ് ഉത്തരം "ഇന്നത്തേക്ക് ഒരു വിശുദ്ധനായിരിക്കുക."

II

## ഇന്നത്തേക്ക് ഒരു വിശുദ്ധനായിരിക്കുക

ഇററലിയിലെ ഒരു സ്കൂളിലെ അധ്യാപിക തൻേറ ക്ലാസിലെ കുട്ടികളുടെ കരുന്നുഹൃദയങ്ങളിൽ വിശുദ്ധി പ്രാപിക്കുന്നതിനുള്ള ആഗ്രഹം വളർത്തിയ കഥ രസാവഹമാണ്. ഒരു ദിവസം ഒരു പിടി വാഴനാരുമായി അവർ ക്ലാസിൽ വന്നു. അവ എന്തിനാണെന്നറിയുവാൻ കൗതുകം പൂണ്ട കുട്ടികളോട് അവർ ചോദിച്ചു: 'വിശുദ്ധരാകുവാൻ ആഗ്രഹമുള്ളവരൊക്കെ എഴുന്നേററു നില്ക്കുക.' ആ നാരുകളും ചോദ്യവും തമ്മിലുള്ള ബന്ധം അവർക്കു മനസ്സിലായില്ല. എന്നാലും "എനിക്കും എനിക്കും" എല്ലാവരും ചാടിയെഴുന്നേററു. "ശരി. ഈ നാരുകളിൽ നീളം ഏററം കൂടിയതു വലിച്ചെടുക്കുന്നയാൾ നിങ്ങളിൽ ആദ്യത്തെ പുണ്യവാനാകണം" അതു കേൾക്കാത്ത താമസം. ഒരു ഭാഗ്യപരീക്ഷയ്ക്കു തയ്യാറായി അവർ ഓടിയടുത്തു. "ഇപ്പോൾ വേണ്ടാ. അടുത്ത ക്ലാസിന്ന വരുമ്പോൾ ഓരോരുത്തരായി വന്ന് ഓരോന്നു വലിച്ചെടുക്കു

ണം. മനസ്സിലായോ?" "ഉവ്വ്" അവർ സമ്മതിച്ചു. അന്നത്തെ ക്ലാസിന് എന്നത്തേതിനേയുംകാൾ നീളം കൂടുതലുണ്ടെന്ന് അവർക്കു തോന്നി. അതൊന്നു കഴിഞ്ഞു കിട്ടാൻ കാത്തിരിക്കുകയായിരുന്നു കുട്ടികൾ. മണിയുടെ സ്വരം കേൾക്കാത്ത താമസം, അവരിൽ ഒരു കൊച്ചു മിടുക്കി ഒററ ഓട്ടം! എങ്ങോട്ടാണെന്നോ? അടുത്തുള്ള പള്ളിയിലേക്ക്. അവിടെ മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി അവൾ പ്രാർത്ഥിച്ചു: "എന്റെ അമ്മേ, ഏററം നീളംകൂടിയ നാരു വലിച്ചെടുക്കുവാൻ എന്നെ അനുഗ്രഹിക്കണമേ." അടുത്ത ക്ലാസിനു മണിയടിച്ചു. നീളംകൂടിയ നാരുകൾ കൈയ്യിലാക്കുവാൻ അവിടെ ഒരു മത്സരംതന്നെ നടന്നു. പക്ഷേ നമ്മുടെ കൊച്ചു ബാലികതന്നെയാണു വിജയിച്ചത്. പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള ഒരു പാവം പെൺകുട്ടി—ബർത്തൊലോമിയോ കപ്പിത്താനിയോ. പരിശുദ്ധ ജനനിക്ക് അവൾ നന്ദി പറഞ്ഞു. "ഇന്നുമുതൽ എന്റെ എല്ലാ കൃത്യങ്ങളും ഒരു വലിയ പുണ്യവതിയാകുവാൻവേണ്ടി ഞാൻ അനുഷ്ഠിക്കും.''—എന്നവൾ തന്നോടുതന്നെ മന്ത്രിച്ചു. കാര്യഗൗരവമുള്ള ഒരു സ്ത്രീയെപ്പോലെ അന്നുമുതൽ അവൾ എല്ലാ കാര്യങ്ങളും ചെയ്തു. ഇന്നു ചെയ്യാവുന്നവ ഒരിക്കലും നാളത്തേക്ക് അവൾ നീട്ടിവച്ചില്ല. ഇരുപത്തഞ്ചാമത്തെ വയസ്സിൽ ആ കൊച്ചുമാലാഖ മരണമടഞ്ഞു. 1926–ൽ പതിനൊന്നാം പീയൂസ് പാപ്പാ അവളെ ഭാഗ്യവതി എന്നു വിളിച്ചു.

ഇന്നു ചെയ്യാനുള്ള കാര്യങ്ങൾ ഇന്നുതന്നെ ചെയ്യുക. നിങ്ങൾക്ക് ഒരു വിശുദ്ധനാകണമോ? അതു ഇന്നുതന്നെ ചെയ്യുക. കഴിഞ്ഞ കാലം എന്നേക്കുമായി നിങ്ങൾക്കു നഷ്ടപ്പെട്ടു. നാളെയുടെ കാര്യം ദൈവത്തിനേ അറിഞ്ഞുകൂടൂ. അതുകൊണ്ട് ഇന്നു നിങ്ങൾ എന്തു ചെയ്യുന്നു, അതാണു സർവ്വപ്രധാനം. ഇതാണ് ആ ബാലിക നല്കുന്ന വിശുദ്ധിയുടെ പാഠം.

ഒരിക്കൽ ഒരു ഗ്രാമീണബാലൻ അടുത്തുള്ള പട്ടണത്തി

ലേക്കു പോയി. അങ്ങു കിഴക്കേ മലയുടെ തുഞ്ചത്തു പ്രഭാതം പൊട്ടി വിടിരുന്നേയുള്ളൂ. ആദ്യമായിട്ടാണ് അവൻ ആ നഗരം കാണുക. വാഹനങ്ങൾ ഇടതടവില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും ചീറിപ്പായുന്നു. അവൻ പ്രധാനവീഥിയിലെത്തി. റോഡു കുറുകെ കടന്നാൽ അവനെത്തേണ്ട കടയിലെത്താം. അകലെനിന്നു രണ്ടുമൂന്നു കാറുകൾ പാഞ്ഞു വരുന്നു. അവ കടന്നു പോകട്ടെ. അവൻ അടുത്തുള്ള കമ്പിക്കാലിന്റെ അടുത്തേക്ക് അല്പം മാറിനിന്നു. ആ കാറുകൾക്കു പുറകേ അതാ ലോറികൾ, ബസ്സുകൾ, റിക്ഷകൾ, വീണ്ടും കാറുകൾ, സൈക്കിളുകൾ അങ്ങനെ ആ പ്രവാഹം തുടരുകയാണ്. എത്ര എത്ര നിറത്തിലും തരത്തിലും ഉള്ള വണ്ടികൾ, വണ്ടു മൂളുന്നതുപോലെ മൂളിക്കൊണ്ടുള്ള ആ വരവ്, എന്തൊരു വേഗം! അതിനകത്തിരുന്നു പുറത്തേക്കു നോക്കുന്ന ആളുകൾ, കുടുകുടു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പറന്നുപോകുന്ന മോട്ടോർസൈക്കിളുകൾ. ഓ, എന്തൊരു രസമാണ്! എത്ര മനോഹരമായ കാഴ്ച! അവനങ്ങനെ അതിൽ ലയിച്ച് അവിടെത്തന്നെ നിന്നുപോയി. പക്ഷേ സമയം കാത്തു നില്ക്കില്ല. അവന്റെ നിഴലിനു നീളം കുറഞ്ഞുകുറഞ്ഞുവന്നു പിന്നെ അതു കിഴക്കോട്ടു നീണ്ടു പൊയ്ക്കൊണ്ടിരുന്നു. അസ്തമയസൂര്യൻ പടിഞ്ഞാറെ ആകാശത്തു ചെഞ്ചായം പൂശുന്നു. അന്തിവെയിലിന്റെ പൊൻപ്രഭയിൽ മുങ്ങി നിൽക്കുന്ന ആ പട്ടണം അതിമനോഹരമായി അവനു തോന്നി. വാഹനങ്ങളുടെ ഇരമ്പിപ്പാച്ചിൽ ഒട്ടൊന്നു നിലച്ചു. പെട്ടെന്ന് അവൻ വന്ന കാര്യം ഓർത്തു. ഒററക്കുതിക്ക് റോഡു കുറുകെ കടന്ന് അവൻ കടയിലെത്തി. പക്ഷേ! അപ്പോഴേക്കും ആ കടപൂട്ടിപ്പോയിരുന്നു! കഷ്ടം അവന്റെ സകല പ്ലാനും തകർന്നു!

നാമും ചിലപ്പോൾ ജീവിതയാത്രയിലെ കാഴ്ചകൾ കണ്ടുനിൽക്കാറില്ലേ? ഒച്ചപ്പാടുകൾ നിറഞ്ഞ ചുററുപാടുകളിൽ നമ്മുടെ ജീവിതോദ്ദേശ്യം നാം മറന്നു പോകുന്നു. ജീവി

ത്സായാഹ്നം സമീപിക്കുമ്പോൾ നഷ്ടപ്പെടുത്തിയ നല്ലകാലം ഓർത്തു നാം വിലപിക്കും. പക്ഷേ എന്തു ഫലം! എന്നേക്കുമായി അതു നമുക്കു നഷ്ടപ്പെട്ടു കഴിഞ്ഞു. ഓരോ ദിവസവും ഒരു നിമിഷംപോലും പാഴാക്കാതെ പരമാവധി ഉപയോഗപ്പെടുത്തുക. ഓരോ ദിവസവും ദൈവത്തോടു കൂടുതൽ സമീപിക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും

ഗ്രീക്കു ചരിത്രത്തിൽ ഒരു രണാധിപന്റെ കഥയുണ്ട്. അദ്ദേഹത്തിന്ന് ധാരാളം ശത്രുക്കളുണ്ടായിരുന്നു. ശത്രുക്കൾ അദ്ദേഹത്തെ അപായപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നറിഞ്ഞ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ആ വിവരം അറിയിക്കുവാൻ ഒരെഴുത്തുംകൊടുത്തു തന്റെ ദൂതനെ അയച്ചു ദൂതൻ എഴുത്ത് എത്തിച്ചു കൊടുത്തതിനു ശേഷം 'വളരെ ഗൗരവമുള്ള കാര്യമാണ്' എന്നറിയിച്ചു. 'അത്ര ഗൗരവമേറിയതാണെങ്കിൽ നാളെ നോക്കാം' എന്നു പറഞ്ഞ് അദ്ദേഹം അതു മാററിവയ്ക്കുകയാണു ചെയ്തത്. അന്നു രാത്രിയിലെ 'ഡിന്നർ പാർട്ടി'യായിരുന്നു അദ്ദേഹത്തിനു കൂടുതൽ പ്രധാനം. അദ്ദേഹം വിരുന്നിനുപോയി. പക്ഷേ ഒരിക്കലും തിരിച്ചെത്തുകയുണ്ടായില്ല.

'ഇന്ന്'. ആ രണ്ടക്ഷരങ്ങൾ വില കല്പിക്കുവാൻ പാടില്ലാത്തവിധം അത്ര അമൂല്യങ്ങളാണ്. ഒരിക്കൽ നരകരാജൻ പിശാചുക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടി, നല്ലയാളുകളെ നശിപ്പിക്കുവാൻപററിയ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുവാൻ. പിശാചുക്കൾ കൊണ്ടുവന്ന വിവിധ പ്ലാനുകളൊന്നു ലൂസിഫറിനു തൃപ്തികരമായി തോന്നിയില്ല. അതിനാൽ, എല്ലാവരും ലോകത്തിലേക്കു പോയി തങ്ങളുടെ കഴിവുകൾ പരമാവധി വിനിയോഗിച്ച് ഒരു പ്രായോഗികപരിശീലനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ കല്പനയായി. നിശ്ചിത ദിവസം വീണ്ടും നരകസഭ സമ്മേളിച്ചു. "വിശ്വാസം വെറും വിഡ്ഢിത്തമാണെന്നും നേരിട്ടു കണ്ടുഗ്രഹിക്കുവാൻ

കഴിയാത്ത സംഗതികൾ സ്ത്രീകളും കുട്ടികളുമല്ലാതെ കാര്യമറിയാവുന്ന മനുഷ്യരാരും വിശ്വസിക്കുകയില്ലെന്നും ഞാൻ മനുഷ്യരോടു മന്ത്രിച്ചു. ഇതുവഴി പലരുടെയും വിശ്വാസത്തെ ഇളക്കുന്നതിന് എനിക്കു കഴിഞ്ഞു." ഒരാളുടെ റിപ്പോർട്ട്. അടുത്തയാൾ മുന്നോട്ടുവന്ന് ഇങ്ങനെ അറിയിച്ചു: "ഞാൻ മനുഷ്യരുടെ ഭാവനയെയാണ് ഉപകരണമാക്കിയത്. അധമവികാരങ്ങളെ ഇളക്കിവിടുന്ന ചിത്രങ്ങളും പുസ്തകങ്ങളും വഴി ഞാൻ അനേകരെ എന്റെ സുഹൃത്തുക്കളാക്കി." അങ്ങനെ ഓരോരുത്തരും തങ്ങളുടെ പൈശാചിക 'ടെക്നിക്കു'കൾ വിവരിച്ചു. എന്നാൽ, അവയൊന്നും ലൂസിഫറിന് ഇഷ്ടമായില്ല. അയാളുടെ തീക്കണ്ണുകൾ ചുവന്നു രൂക്ഷങ്ങളായി. ഈ പറഞ്ഞ വിദ്യകളൊക്കെ പലപ്രാവശ്യം പ്രയോഗിച്ചിട്ടുള്ളതാണ്. പലരും അതിൽ കുടുങ്ങിയിട്ടുമുണ്ട്. എന്നാൽ, തീക്ഷ്ണതനിറഞ്ഞ ആത്മാക്കളെ പാട്ടിലാക്കുവാൻ ഈ പണികളൊന്നും പററുകയില്ലെന്നായി. അവരെ വളയ്ക്കാനുള്ള വഴികളാണു ലൂസിഫറിനു കേൾക്കേണ്ടതു്. അങ്ങുകലെനിന്നു ഒരു കൊച്ചു സാത്താനെ വിളിച്ച് അയാളുടെ റിപ്പോർട്ടു് ആവശ്യപ്പെട്ടു. ആ കുട്ടിപ്പിശാചു കിറികോട്ടിച്ചിരിച്ചുകൊണ്ടു് ഉരുണ്ടുരുണ്ടു സവിധത്തിലെത്തി ഇങ്ങനെ ഉണർത്തിച്ചു: "ചക്രവർത്തിൻ, ഞാൻ ആദ്യം മനുഷ്യരുടെ വിശ്വാസം സമ്പാദിച്ചു. ഞാൻ അവരോടു പറഞ്ഞു, നിങ്ങൾ ദുരാശകളെ അമർത്തണം; ദൈവ കല്പനകൾ കാക്കണം; വൈദികർ പ്രസംഗിക്കുന്നതു ശ്രദ്ധിച്ചു ശ്രവിക്കണം; അതനുസരിച്ചു പ്രവർത്തിക്കണം എന്നൊക്കെ. എല്ലാം നല്ല കാര്യങ്ങൾ. അവർ എന്നെ അനുസരിക്കുവാൻ തയ്യാറായി. എന്നിട്ടു ഞാനവരോടു പറഞ്ഞു: എന്നാൽ ഇതൊക്കെ ചെയ്യുക കുറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിനാൽ ഇന്നത്തേക്കുകൂടെ ഇങ്ങനെ അങ്ങു പോകട്ടെ; ഇന്നത്തേക്കുമാത്രം. നാളെമുതൽ എല്ലാം കൃത്യമായും കണിശമായും പാലിക്കാം. പാവങ്ങൾ! അവരെ

ല്ലാം ഈ വിദ്യയിൽ കുടുങ്ങിപ്പോയി." ഇതു കേട്ട നരകരാജൻ സന്തോഷംകൊണ്ടു കുതിച്ചു ചാടി. ഇത്രയ്ക്കും പുരോഗമനപരമായ ഒരു മാർഗ്ഗം കണ്ടുപിടിച്ചതിന്ന് അവനെ വളരെ അധികം അഭിനന്ദിക്കുകയും അവന്ന് ഉദ്യോഗക്കയററം നല്കുകയുംചെയ്തു.

സാത്താൻ ഇന്നു പ്രയോഗിക്കുന്ന വേറൊരു വിദ്യ ഇതാണ്. അവൻ പറയും "ഇപ്പോഠം എല്ലാം ഒരുവിധം തൃപ്തികരമായിരിക്കുന്നു. എന്നാൽ, ഈ ഒഴിഞ്ഞ കോണിൽ, അപരിചിതരായ ഈ ആളുകളുടെ ഇടയിൽ, ഇഷ്ടമില്ലാത്ത ഈ ജോലി ജീവിതകാലംമുഴുവൻ ചെയ്യുവാൻ നിങ്ങഠംക്കു സാധിക്കുമോ? ഒരിക്കലുമില്ല." വിദഗ്ദ്ധമായ ഈ വിദ്യ വളരെ അധികം ഫലിക്കുന്നുണ്ടു്. നാം തന്നെ ചിലപ്പോഠം ഓർത്തുപോകും—നീണ്ട എഴുപതു്, എൺപതു്, ചിലപ്പോഠം നൂറു കൊല്ലങ്ങഠം ഒരാനന്ദവും ആശ്വാസവുമില്ലാതെ ഈ ശുഷ്കജീവിതം നയിക്കുന്നതെങ്ങനെ? വയറുനിറയെ എന്തെങ്കിലും ഭക്ഷിക്കാനെങ്കിലുമുണ്ടായിരുന്നെങ്കിൽ! എന്നൊക്കെ. എന്നാൽ, ഈ ജീവിതം എത്രനാളത്തേക്കാണു്! അതു് അനേകം കൊല്ലങ്ങഠം നീണ്ടു നിൽക്കുമോ? അതോ ഏതാനും ദിവസങ്ങഠംകൊണ്ടു് അവസാനിക്കുമോ? ആരറിഞ്ഞു! ഇതൊന്നും നാം ചിന്തിക്കാറില്ല.

എബർഷ് വീലർ എന്ന ഈശോസഭാ വൈദികൻെറ ജീവിതചര്യ ഇവിടെ സ്മരണീയമാണു്. ഇന്നത്തെ ദിവ്യപൂജമുതൽ നാളത്തെ ദിവ്യപൂജവരെ ഒരു വിശുദ്ധനെപ്പോലെ ജീവിക്കുക—അതായിരുന്നു അദ്ദേഹത്തിൻെറ ആദർശം. വിഷമപ്രശ്നങ്ങഠം നേരിടേണ്ടിവരുമ്പോഠം അദ്ദേഹം ഇങ്ങനെ ആശ്വസിച്ചിരുന്നു: "ഈ ദിവസത്തിൻെറ ബാക്കിയും കൂടി ജീവിക്കുവാൻ എനിക്കു ശക്തിയും ക്ഷമയും സ്നേഹവും ആവശ്യകമാണു്. നാളെ എന്തു സംഭവിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ നാളത്തെ ദിവ്യപൂജ അടുത്ത ദിവസ

ത്തേക്ക് എനിക്കു ശക്തി നല്കുമെന്നു തീർച്ചയാണ്." ഇങ്ങനെ 'ഇന്നത്തെ ദിവസ'ത്തെക്കുറിച്ചുമാത്രം ചിന്തിച്ചപ്പോൾ പുണ്യപ്രാപ്തി അദ്ദേഹത്തിന് എളുപ്പമായിത്തീർന്നു. അതിനാൽ 'നാളെയല്ല' 'ഇന്ന്' 'വീരോചിതമായ ഇന്ന്' അതാണു പ്രധാനം. അതിനെക്കുറിച്ചു തുടർന്നു പ്രസ്താവിക്കാം.

## III

## പ്രഭാതസമർപ്പണം

വളരെ പുരാതനമായ ഒരു ഇതിഹാസകഥ: ഒരു ഇൻഡ്യൻ സന്യാസി ഒരു പുതിയ ആശ്രമം ആരംഭിച്ചു. ഒരൊന്നാന്തരം പ്രസംഗകനായിരുന്നു അദ്ദേഹം. അങ്ങകലെനിന്നുപോലും ആളുകൾ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാൻ ഓടിക്കൂടിയിരുന്നു. ഒരിക്കൽ സന്യാസി സ്വർഗ്ഗീയപറുദീസായെപ്പററി ശിഷ്യരെ പഠിപ്പിക്കുകയായിരുന്നു. വീതികുറഞ്ഞു ചെങ്കുത്തായ ആ വഴിയിലൂടെ കയറിപ്പോകേണ്ടതു് എങ്ങനെയെന്നു വളരെ സമൃക്കായി അദ്ദേഹം വിവരിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ ഒരു ശിഷ്യൻ ചോദിച്ചു. 'അങ്ങു് ആ വഴിയിൽക്കൂടി ആദ്യം ഒന്നു കയറികാണിക്കാമോ? ഞാൻ അങ്ങയെ പിന്തുടർന്നുകൊള്ളാം.' സന്യാസി നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ടു പറഞ്ഞു: "എനിക്ക് അതു സാധ്യമല്ല. കാരണം, എൻെറ ഉടലിനു മാത്രമേ ജീവനുള്ളു. കാലുകൾ കരിങ്കല്ലാണ്."

പുണ്യവാനാകുവാൻ പ്രസംഗചാതുരിയോ വിജ്ഞാനവൈപുല്യമോ അല്ല, നിർമ്മലമായ ജീവിതമാണ് ആവശ്യകം—ഓരോ ദിവസവും നന്നായി നയിക്കുക. ഇന്നത്തെ ദിവസം—അതെപ്പററി ശ്രദ്ധിക്കുക. ഉഷസ്സിൽ ഉറക്കത്തിൽനിന്ന് ഉണരുന്നതോടുകൂടി അതു് ആരംഭിക്കുന്നു. ആ അന്ത്യ

നിമിഷങ്ങൾ ഒരു വിശുദ്ധൻ യോജിച്ച രീതിയിൽ ചെല വഴിക്കണം. അതു വളരെ പ്രധാനമാണ്. വിശുദ്ധർ സൽകൃത്യങ്ങൾ ചെയ്യുവാൻ പ്രത്യേകസമയം നോക്കാറില്ല. ഏതു സമയവും അവർക്കു സ്വീകാര്യംതന്നെ. ഏററം നിസ്സാരമായ പ്രവൃത്തികൾപോലും പുണ്യസമ്പാദനത്തിന് ഉതകുന്നവ എന്ന നിലയിൽ അവർ നന്നായി ചെയ്യുന്നു. ഇതുതന്നെയാണ് അനുദിനവിശുദ്ധീകരണത്തിനുള്ള ഉത്തമമാർഗ്ഗവും. "സുഗന്ധവസ്തുക്കൾ ഇരുന്ന കുപ്പി എത്ര കഴുകിയാലും അല്പം സൗരഭ്യം ശേഷിക്കും" എന്ന ചൊല്ല് ഇവിടെ വാസ്തവമാണ്. ഓരോ ദിവസവും അന്നത്തെ പ്രഭാതത്തെ ആശ്രയിച്ചിരിക്കും. പ്രഭാതം പ്രകാശമാനമെങ്കിൽ പകൽ സമയവും അങ്ങനെതന്നെ. നിങ്ങൾ എങ്ങനെ ദിവസം ആരംഭിക്കുന്നു, അതിനെ ആശ്രയിച്ചിരിക്കും അന്നത്തെ നിങ്ങളുടെ ജീവിതവും. ദൈവവുമായുള്ള നിരന്തര യോജിപ്പിൽ ദിവസം ചെലവഴിക്കുവാൻ പ്രഭാതസമർപ്പണം നിങ്ങളെ സഹായിക്കുന്നു. രാവിലെ ഉണരുമ്പോൾതന്നെ അതു നിർവഹിക്കണം. ഉണരേണ്ട സമയം തലേദിവസംതന്നെ നിശ്ചയിക്കുക. ദിവസവും കൃത്യസമയത്തുതന്നെ ഉണരുവാൻ ശ്രമിക്കണം. രോഗം ഒഴിച്ചു മററൊന്നും അതിനു തടസ്സമാകുവാൻ സമ്മതിക്കരുത്. ഈ പതിവു നിങ്ങൾക്കു കൂടുതൽ ഉണർവും ദിവസത്തിനു കൂടുതൽ ക്രമീകരണവും നല്കും. കിടക്കയിൽനിന്ന് എഴുന്നേല്ക്കുമ്പോൾതന്നെ അനുദിന വിശുദ്ധിയിൽ ശ്രദ്ധിക്കുവാൻ നെററിയിൽ കുരിശുവരച്ചു പ്രഭാതസമർപ്പണം ചൊല്ലുന്നു. അരമണിക്കൂർ നീണ്ടുപിടിക്കുന്ന പ്രാർത്ഥനകൾ അതിനാവശ്യമില്ല. "ദൈവമേ, എല്ലാം അങ്ങേ മഹത്വത്തിനും സ്തുതിക്കുംവേണ്ടി", "കർത്താവേ, ഇന്നത്തെ എൻെറ എല്ലാ പ്രവൃത്തികളും നിനക്കു കാഴ്ചവയ്ക്കുന്നു" ഇതുപോലുള്ള കൊച്ചുകൊച്ചു പ്രാർത്ഥനകൾമതി. ദൈവമാതാവിൻെറ പ്രത്യേ

കർത്താവിന് ആ അമ്മയുടെ തൃക്കരങ്ങൾവഴി ഈ സമർപ്പണം നിർവഹിക്കാവുന്നതാണ്.

സുപ്രസിദ്ധ ചിത്രകാരനായ മൈക്കൾ ആഞ്ചലോ ഒരു ദിവസം സ്നേഹിതരുമൊന്നിച്ചു ഒരു മാർബിൾഖനി കാണുവാൻ പോയി. ഒരു വലിയ മാർബിൾക്കല്ലിന്റെ അടുത്തു വന്നപ്പോൾ മൈക്കൾ ആഞ്ചലോ അതിൽത്തന്നെ നോക്കി നില്പായി. കൂട്ടുകാർക്കു വിസ്മയം തോന്നി. വല്ല ദർശനവുമായിരിക്കാം എന്നവർ വിചാരിച്ചു. അദ്ദേഹം ആ നിലയിൽ ത്തന്നെ നിശ്ചലനായി നില്ക്കുകയാണ്, ആ മാർബിൾക്കല്ലുപോലെ. ഒരാൾ ആഞ്ചലോയുടെ തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു, "എന്താണു നിങ്ങൾ കണ്ടതു്?" "ഞാൻ ഒരു മാലാഖായെ കാണുന്നു" കല്ലിൽനിന്നു കണ്ണെടുക്കാതെതന്നെ അദ്ദേഹം ഉത്തരം പറഞ്ഞു. ആ വെൺപാറക്കല്ലിൽനിന്നു കൊത്തിയെടുക്കാവുന്ന മനോഹരമായ മാലാഖായുടെ മഞ്ജുളരൂപം ആ കലാകാരന്റെ ഭാവനയിൽ പ്രതിഫലിക്കുകയായിരുന്നു. ആ തേജോരൂപത്തിന്റെ ഓർമ്മയാണ് അദ്ദേഹത്തെ അവിടെ പിടിച്ചുനിറുത്തിയതു്. പറയാം. പ്രഭാത പ്രാർത്ഥനയും സമർപ്പണവും നടത്തുമ്പോൾ, നിങ്ങളുടെ ജീവിതലക്ഷ്യത്തെക്കുറിച്ച് അല്പനേരത്തേ ധ്യാനംകൂടി അതിലുൾപ്പെടുത്തണം, നമ്മുടെ പൊതുലക്ഷ്യമായ സ്വർഗ്ഗത്തെയല്ല ഞാനുദ്ദേശിക്കുന്നതു്. ഓരോ വ്യക്തിയും ദൈവത്തിൽനിന്ന് ഓരോ പ്രത്യേകദൗത്യം സ്വീകരിച്ചിട്ടുണ്ട്. തികച്ചും വ്യക്തിപരമായ ഈ ലക്ഷ്യമാണ് ഇവിടെ വിവക്ഷ. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾത്തന്നെ ഓരോരുത്തരേയുംസംബന്ധിച്ച പ്രത്യേകോദ്ദേശ്യവും അവിടുത്തെ മനസ്സിൽ ഉണ്ടായിരുന്നു. നാം എന്തായിത്തീരണമെന്ന് അവിടുന്ന് അഗ്രഹിച്ചുവോ അപ്രകാരം അവിടുന്നു നമ്മെ ദർശിച്ചു. ഇതാണു മൈക്കൾ ആഞ്ചലോയുടെ കാര്യത്തിൽ നാം കണ്ടതു്.

ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമ്മുടെ വ്യക്തിപരമായ

ലക്ഷ്യം പ്രാപിക്കുവാൻ ആവശ്യകമായ ഗുണങ്ങളും കഴിവുകളും കനിഞ്ഞരുളുകയും ചെയ്തിരിക്കുന്നു. നാം നമ്മെത്തന്നെ നന്നായി അറിയുമ്പോൾ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുന്നതെന്തെന്ന് അറിയുക എളുപ്പമായിത്തീരും. നിങ്ങളുടെ പ്രവണതകളെ ശ്രദ്ധാപൂർവ്വം പഠിക്കുന്നതിൽനിന്ന് ഈ അറിവു സമ്പാദിക്കാം. അതല്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിന്റെ അഗാധത്തിലുള്ള ആശയങ്ങളും അടങ്ങാത്ത അഭിലാഷങ്ങളും ഏവയെന്നു കണ്ടുപിടിക്കുക. ദൈവത്തിന്റെ മനസ്സിലുള്ള നിങ്ങളുടെ ചിത്രമാണ് അവ കാണിക്കുക. കാരണം, ദൈവമാണ് അവ നിങ്ങൾക്കു പ്രദാനം ചെയ്തത്.

വിശുദ്ധിക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം, ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അഭിവാഞ്ഛ, അവിടുത്തെ സവിധത്തിൽ വർത്തിക്കുന്നതിനുള്ള താൽപര്യം ഇവ നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകൾ ഉൾക്കൊള്ളുന്ന അടിസ്ഥാനപരമായ ആകർഷണത്തെയാണു കാണിക്കുക. നിങ്ങൾക്ക് ഒരുപക്ഷേ, ഈ ആകർഷണം അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം. വ്യക്തിപരമായ ലക്ഷ്യത്തെ പ്രാപിക്കുവാൻ ആവശ്യകമായ അനുഗ്രഹങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു എന്നതിനു സ്വർഗ്ഗത്തിൽനിന്നുള്ള അടയാളമാണത്. ഒരുവിധത്തിൽ അവ നിങ്ങളുടെ സ്വന്തമായിക്കഴിഞ്ഞുവെന്നു പറയാം. ഒരിക്കൽ ഒരമ്മയും അവളുടെ കൊച്ചുമകനുംകൂടി ഒരു യാത്ര പോവുകയായിരുന്നു. തീപോലെ പൊള്ളുന്ന വെയിൽ. പഴുത്തുപാകമായ ഒരു വലിയ ഓറഞ്ച് അമ്മ നേരത്തെ കരുതിയിരുന്നു. ആദ്യത്തെ ചുണയൊക്കെപ്പോയി ബാലൻ വാടിത്തളർന്നു. 'അമ്മേ എനിക്കു ദാഹിക്കുന്നു,' അവൻ അമ്മയുടെ മുഖത്തേക്കു നോക്കി പറഞ്ഞു. ഉടനെ അവൾ ഓറഞ്ചെടുത്ത് അവനു കൊടുത്തില്ല. "ഇപ്പോൾ ഒരു ഓറഞ്ചു കിട്ടിയെങ്കിൽ എത്ര നന്നായിരുന്നു!" ഇതു കേട്ടപ്പോൾ അവന്റെ വരണ്ട വായിൽ വെള്ളംവന്നു. അവൾ ഓറഞ്ച് എടുത്ത് അവനെ കാണിച്ചു.

'വേണം എന്നു പറ. എന്നാൽ തരാം'. ആ കൊച്ചുകൈകഠം
നീട്ടി അവൻ യാചിച്ചു. 'എനിക്കു തായേ.' അമ്മ അവന്
ആ ഓറഞ്ചു കൊടുത്തു. എന്തു സന്തോഷമായിരുന്നെന്നോ ആ
കുഞ്ഞിന്. അതോടൊപ്പം ആ അമ്മയുടെ ഹൃദയവും തുടിച്ചു.
ഇതാണു യഥാൎത്ഥസ്നേഹത്തിൻെറ സ്വഭാവം. മനുഷ്യഹൃദ
യം സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നു.

മനുഷ്യമനസ്സിൽ കുടികൊള്ളുന്ന മഹനീയമായ ഈ
സ്നേഹമാണ്, സ്നേഹംതന്നെയായ ദൈവത്തോട് അവനു സാ
ദൃശ്യം നല്കുന്നത്. തൻെറ അരുമസ്സുതനോട് ആ അമ്മ
പെരുമാറിയതുപോലെയാണ് ദൈവവും നമ്മോടു പ്രവൎത്തി
ക്കുക. നമുക്കായി അവിടുന്ന് ഒരുക്കിയിട്ടുള്ള അനുഗ്രഹങ്ങഠം
നാം ചോദിച്ചു വാങ്ങണം. അപേക്ഷിക്കാത്ത താമസംമാത്രം
അവ ദൈവം നിങ്ങഠംക്കു തരുവാൻ. നിങ്ങഠം പ്രാൎത്ഥിക്കണ
മെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതു നിങ്ങളോടുള്ള സ്നേഹ
ത്തിൻെറ കുറവുകൊണ്ടല്ല, സ്നേഹാധിക്യംകൊണ്ടാണെന്നു
നിങ്ങഠംക്കിപ്പോഠം മനസ്സിലായിക്കാണുമെന്നു കരുതുന്നു.
അനുഗ്രഹങ്ങഠംക്കുവേണ്ടിയുള്ള ആഗ്രഹം നല്ലബുദ്ധിയുടെ
പ്രാരംഭമാണ് എന്നു കാണിക്കുവാനാണ് ഈ കഥ പറഞ്ഞ
ത്. സ്രഷ്ടാവു നിങ്ങഠംക്കു നിശ്ചയിച്ചിട്ടുള്ള ജീവിതലക്ഷ്യ
ത്തെയാണ് ഈ ആഗ്രഹം കാണിച്ചുതരുന്നത്. ദൈവാനു
ഗ്രഹങ്ങഠം ഏതു വഴിയിലൂടെ നിങ്ങളെ നയിക്കുവാൻ ആഗ്ര
ഹിക്കുന്നു എന്നും അവ നിങ്ങളോടു പറയും. നിങ്ങളുടെ വ്യ
ക്തിപരമായ ജീവിതാദർശം അറിയുവാൻ ഈ വിവരണം
സഹായിക്കാതിരിക്കുകയില്ല.

പ്രഭാതപ്രാൎത്ഥനയെക്കുറിച്ചാണല്ലോ നാം പറഞ്ഞുകൊ
ണ്ടിരുന്നത്. രാവിലെ ഉണർന്നാലുടൻ, ആ ദിവസം എങ്ങ
നെ ആചരിക്കുവാൻ ആഗ്രഹിക്കുന്നു എന്നു ദൈവത്തോടോ
അവിടുത്തെ മാതാവിനോടോ പറയുക. അതിനു നിങ്ങഠം
വാക്കുകഠം തപ്പിപ്പോകേണ്ട. നിങ്ങഠംക്ക് അറിയാവുന്ന വ

ധത്തിൽ, നിങ്ങളുടേതായ വാക്കുകളിൽ പറഞ്ഞാൽ മതി. അവ നിങ്ങളുടെ ഹൃദയത്തിൽനിന്നു വരുന്നവയായിരിക്കണമെന്നുമാത്രം. ചുരുങ്ങിയ വാക്കുകളിൽ ഇതു നിർവഹിക്കാം. പ്രാർത്ഥനയുടെ ദൈർഘ്യമല്ല അതിൻെറ ഉറവിടമായ സ്നേഹത്തിൻെറ ആഴമാണു പ്രധാനം. നിങ്ങളുടെ ഉള്ളിൻെറ ഉള്ളിൽ ഒളിച്ചുവച്ചിരിക്കുന്ന എല്ലാ അഗ്രഹങ്ങളും അഭിലാഷങ്ങളും അവിടുത്തെ അറിയിക്കുക. ചിലർ തങ്ങളുടെ ആദർശം ആവിഷ്കരിക്കുന്നതിങ്ങനെയായിരിക്കും: "ദൈവമേ, എല്ലാവർക്കും ഒരമ്മയെപ്പോലെ വർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." "പിതാവായ ദൈവമേ, അവിടുത്തേ വിശ്വസ്തപുത്രനായിരിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ!" അഥവാ, "മനുഷ്യരക്ഷകാ, അങ്ങയോടുകൂടെയും അങ്ങിലും ആത്മാക്കളെ നേടുവാൻ ഞാൻ ആഗ്രഹിക്കുന്നു". അതുമല്ലെങ്കിൽ "മറിയമേ, എൻെറ അമ്മേ, അങ്ങയെ അനുകരിക്കുവാൻ എന്നെ പഠിപ്പിക്കേണമേ." ഇങ്ങനെ നിങ്ങളുടെ ഇഷ്ടംപോലെ ആഗ്രഹം അറിയിക്കാവുന്നതാണ്.

വിശ്വത്തോളംതന്നെ വിശാലമായ ഹൃദയം ഉണ്ടായിരുന്ന വിശുദ്ധ 'പൗലോസ്' എല്ലാവരേയും രക്ഷിക്കുവാൻവേണ്ടി എല്ലാവർക്കും എല്ലാമാകുവാൻ ആഗ്രഹിച്ചു. പ്രേഷിതപ്രവരനായ ഫ്രാൻസിസ് സേവ്യർ തൻെറ ഹൃദയവികാരങ്ങൾ മുഴുവൻ ഒരു കൊച്ചുവാചകത്തിൽ ഒതുക്കിനിറുത്തി 'എനിക്ക് ആത്മാക്കളെ തരിക.' നമ്മുടെ ഹൃദയത്തിൻെറ ഉൽക്കടവികാരങ്ങളെല്ലാം ഉൾക്കൊള്ളുവാൻ ചിലപ്പോൾ ഒരു വാക്കോ ഒരു നോട്ടമോ മതി. ഒരുദാഹരണംവഴി ഇതു കുറേക്കൂടി വ്യക്തമാക്കാം.

മധ്യശതകത്തിൽ ജർമ്മനിയിൽ ഒരു മാടമ്പി ജീവിച്ചിരുന്നു. അയാൾ മാർപ്പാപ്പായ്ക്കുമാത്രം മോചിക്കുവാൻ പാടുള്ള ഭയങ്കരപാപത്തിൽ വീഴുവാനിടയായി. അയാൾ റോമിൽ ചെന്നു പരിശുദ്ധ പിതാവിൽനിന്നു പാപമോചനം പ്രാ

പിച്ചു. എന്നാൽ, പ്രയാസമേറിയ ഒരു പ്രായശ്ചിത്തമാണു് അയാൾക്കു ലഭിച്ചതു്. അന്നു തുർക്കികളുടെ കൈവശമായിരുന്ന പലസ്തീനായിൽചെന്നു്, ക്രിസ്തുവിൻെറ തിരുമുഖത്തിൻെറ ഛായ പതിഞ്ഞ 'വേറോനിക്കായുടെ തൂവാല' കൊണ്ടുവരുന്നതിനു മാർപ്പാപ്പാ കല്പിച്ചു. അതിദീർഘവും അപകടപൂർണ്ണവുമായ യാത്രകഴിച്ചു്, ക്രിസ്ത്യാനികളുടെ ബദ്ധശത്രുക്കളായ തുർക്കികളിൽനിന്നു്, ആ വിശുദ്ധ വസ്തു അദ്ദേഹം കരസ്ഥമാക്കി. ആ തിരുവസ്ത്രം മാറോടുചേർത്തുവച്ചു സന്തോഷസമേതം അദ്ദേഹം മടങ്ങി. കർത്താവിൻെറ മുഖച്ഛായ അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. നോക്കുന്തോറും അതു കൂടുതൽ കൂടുതൽ ഹൃദ്യവും ആകർഷകവുമായി അനുഭവപ്പെട്ടു. സുദീർഘമായ ആ യാത്രയുടെ ക്ഷീണവും ബുദ്ധിമുട്ടുകളും തിരുമുഖത്തിൻെറ ദർശനംമൂലം അയാൾ അറിഞ്ഞതേയില്ല. അങ്ങനെ പലമാസത്തെ യാത്രയ്ക്കുശേഷം അദ്ദേഹം സ്വന്തം പട്ടണമായ ത്രേവേസിലെത്തി. ആളുകൾ ചുററും ഓടിക്കൂടി; തലകുനിച്ചു് അദ്ദേഹത്തെ വന്ദിച്ചു. ചിലർ മുട്ടുകുത്തി അയാളെ വണങ്ങി. എന്താണാവോ ഈ ബഹുമാനാദരങ്ങൾക്കു കാരണം! അയാൾ ആകപ്പാടെ അമ്പരന്നു. ആളുകൾക്കു തന്നെ മനസ്സിലായില്ലെന്നു വരുമോ? എന്താണു സംഭവിച്ചതെന്നോ? ക്രിസ്തുവിൻെറ ദിവ്യമായ ആ മുഖം അദ്ദേഹം വീണ്ടും വീണ്ടും നോക്കി. അവിടുത്തെ നേർക്കുള്ള സ്നേഹംകൊണ്ടു് അദ്ദേഹത്തിൻെറ ഹൃദയം തുടിച്ചു. അവിടുത്തെപ്പോലെ ആയിത്തീരുവാൻ ആത്മാർത്ഥമായി അദ്ദേഹം ആഗ്രഹിച്ചു. തൽഫലമായി, മിശിഹായുടെ തിരുമുഖത്തിൻെറ സാദൃശ്യം അദ്ദേഹത്തിൻെറ മുഖത്തു ദൃശ്യമായി. അതാണു് ആളുകൾ അദ്ദേഹത്തോടു ബഹുമാനാദരങ്ങൾ കാണിച്ചതിൻെറ രഹസ്യം. ഒരു ആദർശത്തിനുവേണ്ടിയുള്ള അതിയായ ആഗ്രഹം, അതിനോടുള്ള ആത്മാർത്ഥമായ സ്നേഹം അതിൻെറ സാഫല്യത്തിലേക്കു നമ്മെ കൂടുതൽ കൂടുതൽ അ

ട്ടപ്പിക്കുന്നു. അതിനാൽ ഒരാശയത്തെ മുറുകെപ്പിടിക്കുക. തീക്ഷ്ണമായും ആത്മാർത്ഥമായും അതു് ആഗ്രഹിക്കുക. കഴിവുള്ളപ്പോഴെല്ലാം വാക്കുകൾ വഴിയോ പ്രവൃത്തിയിലൂടെയോ അതു പ്രകാശിപ്പിക്കുക. എങ്കിൽ അതു സഫലമാകുന്ന ആ സുദിനം വളരെ അകലെയല്ല, തീർച്ച.

ഇതുകൊണ്ടും നിങ്ങളുടെ പ്രഭാതപ്രാർത്ഥന പൂർണ്ണമായില്ല. പ്രധാനമായ ഒരു കാര്യം വിട്ടുപോയി—സ്വർഗ്ഗീയനാഥയ്ക്കു നിങ്ങളെത്തന്നെയുള്ള സമർപ്പണം. "എന്റെ രാജ്ഞി, എന്റെ അമ്മേ, എന്റെ കണ്ണുകളും കാതുകളും അധരങ്ങളും ഹൃദയവും എന്നെ മുഴുവനും അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. സ്നേഹനിധിയായ എന്റെ മാതാവേ, അങ്ങയുടെ സ്വന്തം എന്നതുപോലെ എന്നെ കാക്കുകയും സഹായിക്കുകയും ചെയ്യേണമേ." മനോഹരവും അർത്ഥസംപുഷ്ടവും ആയ ഈ പ്രാർത്ഥന എന്നും രാവിലെ ചൊല്ലണം. കഴിയുമെങ്കിൽ മാതാവിന്റെ രൂപത്തിനു മുൻപിൽ മുട്ടുകുത്തിനിന്നുകൊണ്ടു ചൊല്ലുക.

വിശുദ്ധിയിലേക്കുള്ള നമ്മുടെ മുന്നേററത്തിൽ വഴി തെററാതെ പ്രത്യേകം സൂക്ഷിക്കണം. നാം അനുഭവജ്ഞാനമില്ലാത്തവരും ബലഹീനരുമാണ്. മറിയത്തിലൂടെയുള്ള മാർഗ്ഗമാണു സ്വർഗ്ഗത്തിലേക്കുള്ള എളുപ്പവും നിശ്ചിതവുമായ വഴി എന്നത്രേ വിശുദ്ധ പത്താംപീയൂസ് പറഞ്ഞിരിക്കുന്നതു്. എങ്കിൽ, എന്തുകൊണ്ടു് ആ മാർഗ്ഗം നിങ്ങൾക്കും സ്വീകരിച്ചുകൂടാ? അനുദിന വിശുദ്ധിയിൽ വളരുവാൻ ആഗ്രഹിക്കുന്നവൻ തീർച്ചയായും ഒരു മരിയഭക്തനായിരിക്കണം. ആ വിശുദ്ധിയുടെ വഴിത്താരയിൽ അവളാണു് ആദ്യം നടന്നു കാണിച്ചതു്. അതിനാൽ, ഇതിനെ മരിയൻമാർഗ്ഗം എന്നു വേണമെങ്കിൽ വിളിക്കാം. ആദ്ധ്യാത്മികവും ഭൗതികവുമായവയെ, ഒരേ കാഴ്ചപ്പാടിൽ കാണുന്നതിനു് അനുദിന വിശുദ്ധനു കഴിയുന്നു. അദ്ദേഹം പിതാവായ ദൈവത്തെയും

പുത്രനായ ദൈവത്തേയും അവിടുത്തെ വത്സല മാതാവിനേയും വേർതിരിച്ചില്ല, ഒന്നിച്ചുതന്നെ കാണുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവിൽ ഒന്നാണ്. പുത്രനെ കാണുന്നവൻ പിതാവിനേയും കാണുന്നു. പുത്രൻെറ അടുത്തുതന്നെ അവിടുത്തേയും നിങ്ങളുടേയും അമ്മയായ മരിയാംബികയേയും കാണാതിരിക്കുകയില്ല.

കാൽവരിയും ബത്‌ലഹമും വരയ്ക്കുന്ന ചിത്രകാരന്മാർ ഒരിക്കലും ആ അമ്മയേയും മകനേയും വേർപെടുത്താറില്ല. ദിവ്യയുണ്ണിയെ കരങ്ങളിലോ, മടിയിലോ വഹിക്കുന്ന മാതാവിൻെറ പടങ്ങൾ നിരവധിയാണ്. ക്രിസ്തുവും അവിടുത്തെ അമ്മയും മനുഷ്യരക്ഷയെപ്രതി ഒന്നിച്ചു ജീവിച്ചു, ഒന്നിച്ചു സഹിച്ചു. ലോകാവസാനംവരെ അവർ തങ്ങളുടെ ജോലി തുടർന്നുകൊണ്ടുമിരിക്കും. അതിനാൽ, ക്രിസ്തുവുമായി ഐക്യത്തിൽ വർത്തിക്കുന്ന അനുദിനവിശുദ്ധൻ അവിടുത്തെ അമ്മയുമായും അതേ സ്നേഹബന്ധം പുലർത്തുക ആവശ്യകമാണ്. അയാൾ ഒരു മരിയൻവിശുദ്ധൻ എന്നു വിളിക്കപ്പെടത്തക്കവണ്ണം അത്രയ്ക്ക് അഗാധവും ആത്മാർത്ഥവുമായിരിക്കണം ആ സ്നേഹം.

ഇത്രയുമായാൽ നിങ്ങളുടെ പ്രഭാതപ്രാർത്ഥന പൂർത്തിയായി. പുതിയ ദിവസത്തിൻെറ ആദ്യനിമിഷങ്ങൾ ദൈവത്തിൽ അലിഞ്ഞുചേർന്നുകഴിഞ്ഞു. ദൈവത്തിനായി ഹോമിക്കപ്പെട്ട ആ ഭാഗ്യപ്പെട്ട നിമിഷങ്ങളോടൊപ്പം ആ ദിവസം മുഴുവനും വിശുദ്ധീകരിക്കപ്പെട്ട് അവിടുത്തേക്കു പ്രീതികരമായി ഭവിക്കുകയുംചെയ്യും.

# IV

## രഹസ്യസന്ദർശനം

കുഞ്ഞുനാളിൽത്തന്നെ, നാമെല്ലാവരും പ്രാർത്ഥിക്കുവാൻ പഠിച്ചു. അമ്മയുടെ അടുത്തു നിങ്ങൾ മുട്ടുകുത്തിനില്ക്കും. അമ്മ നിങ്ങളുടെ കൊച്ചു കൈകൾ കൂട്ടിപ്പിടിക്കും. എന്നിട്ട് ഈശോയോടും മാതാവിനോടും കാവൽമാലാഖായോടുമുള്ള പ്രാർത്ഥന അമ്മതന്നെ ആദ്യം ചൊല്ലിത്തരും. നിങ്ങൾ കൊഞ്ചിക്കൊഞ്ചി അവ ഉരുവിടും. ഇവയൊക്കെ ഇന്നും നിങ്ങളുടെ മനസ്സിൽ മായാതെ നില്ക്കുന്നുണ്ടാവും. പ്രായമായതോടെ പ്രഭാതപ്രാർത്ഥനകളും ജപമാലയുമൊക്കെ നിങ്ങൾ പഠിച്ചു ചൊല്ലിത്തുടങ്ങി. അവ ഇന്നും ചൊല്ലിപ്പോരുന്നുമുണ്ട്. ഇവയെല്ലാം വാചികമായ പ്രാർത്ഥനകളാണ്. എന്നാൽ വേറൊരുതരം പ്രാർത്ഥനയുണ്ട്. അത് അധരങ്ങൾകൊണ്ടല്ല, ഹൃദയംകൊണ്ടാണു നടത്തുക. ഈ പ്രാർത്ഥനയെ ധ്യാനം എന്നു പറയുന്നു. വിശിഷ്ടമായ ഈ പ്രാർത്ഥനയെക്കുറിച്ച് അല്പമൊന്നു പ്രതിപാദിക്കാം.

വിശുദ്ധ അമ്മത്രേസ്യ ഒരിക്കൽ പറയുകയുണ്ടായി 'ദിവസവും കാൽമണിക്കൂർ ധ്യാനിക്കാമെന്നു വാക്കുതരാമോ, എന്നാൽ നിങ്ങൾക്കു സ്വർഗ്ഗഭാഗ്യം ഞാൻ വാഗ്ദാനം ചെയ്യാം" എന്ന്. ധ്യാനം എന്നു കേൾക്കുമ്പോൾതന്നെ ചിലർക്കു തലവേദന തുടങ്ങും. അതൊന്നും സാധാരണക്കാർക്കു സാദ്ധ്യമല്ലെന്നാണ് അവരുടെ ധാരണ. ചിലർ ആത്മാർത്ഥമായി ശ്രമിച്ചിട്ടും അതിൽ വിജയം വരിക്കാതെ മടുത്തു മാറിയിട്ടുണ്ട്. എന്നാൽ, അവരുപയോഗിച്ച മാർഗ്ഗത്തിന്റെ പിശകുകൊണ്ടാണു പരാജയം പററിയത്. ധ്യാനാഭ്യസനം ഏററം എളുപ്പമാക്കിത്തീർക്കുന്ന ഒരു വിദ്യ ഞാൻ പറയാൻപോവുകയാണ്. അതു നിങ്ങളെ നിരുത്സാഹരാക്കുകയില്ല; മറിച്ച്

അതു നിങ്ങൾക്ക് ഓരോദിവസവും കൂടുതൽ ഉണർവ്വും ഉത്സാഹവും ഉന്മേഷവും നല്കും

ബാഹ്യമായ ഒച്ചപ്പാടുകളിൽനിന്നും വ്യഗ്രതകളിൽനിന്നും അകന്ന് ഏകാന്തമായ ഒരന്തരീക്ഷത്തിൽ ദൈവവുമായി സംഭാഷിക്കുക, ഒരുത്തമസുഹൃത്തിനോടെന്നപോലെ ഹൃദയരഹസ്യങ്ങൾ കൈമാറുക, ഇതാണ് അനുദിനവിശുദ്ധൻെറ ദൃഷ്ടിയിൽ ധ്യാനം. വിശുദ്ധ ജോൺ വിയാനിയുടെ ജീവചരിത്രത്തിലെ ഒരു സംഭവം പറയാം. ഒരു പാവപ്പെട്ട കർഷകൻ ദിവസവും വൈകുന്നേരം ആ പള്ളിയുടെ ഒരൊഴിഞ്ഞ കോണിൽ മുട്ടിന്മേൽ നില്ക്കുന്നതു വിശുദ്ധൻ കണ്ടിരുന്നു. തികച്ചും നിശ്ശബ്ദമായ അന്തരീക്ഷം. ആ പണിക്കാരൻെറ കൈയിൽ പ്രാർത്ഥനപുസ്തകമില്ല, ജപമാലയില്ല, ആ അധരങ്ങൾ അനങ്ങുന്നുമില്ല. പകുതി അടഞ്ഞ കണ്ണുകൾ അൾത്താരയിലേക്കു തിരിഞ്ഞിരിക്കുന്നു. നിശ്ചലമായ ആ നില ചിലപ്പോൾ മണിക്കൂറുകൾതന്നെ ദീർഘിച്ചെന്നു വരും. ജോൺ വിയാനി ഇതു പലപ്പോഴും കണ്ടിട്ടുണ്ട്. ഒരു ദിവസം അദ്ദേഹം ചോദിച്ചു: "മകനേ, നീ എന്തു ചെയ്യുകയാണ് ഈ സമയമെല്ലാം?" അയാൾ കണ്ണുകളുയർത്തി അച്ചനെ നോക്കി. എന്നിട്ടു പറഞ്ഞു: "അച്ചാ, ഞാൻ ഇവിടെ മുട്ടുകുത്തിനിന്നു കർത്താവിനെ നോക്കുന്നു. കർത്താവ് എന്നെയും നോക്കുന്നു." പ്രാർത്ഥിക്കുവാൻ അയാൾക്കറിഞ്ഞുകൂടാ. വായിക്കുവാൻ ആ പാവം പഠിച്ചിട്ടുമില്ല. എങ്കിലും ആ ഏകാന്തതയിൽ ആ നിഷ്കളങ്കഹൃദയം ദൈവവുമായി സംസാരിച്ചു. സന്തോഷവും സംതൃപ്തിയും അയാൾ അവിടെ കണ്ടെത്തി. അതാണു ധ്യാനം.

ഷൂവൻസ്ലാട്ടിൽ വളരെ ജോലിത്തിരക്കുള്ള ഒരു സ്ത്രീ ജീവിച്ചിരുന്നു. സമയം അനുവദിച്ചിരുന്നപ്പോഴെല്ലാം അവൾ അടുത്തുള്ള അത്ഭുതമാതാവിൻെറ കപ്പേളയിലേക്ക് ഓടിപ്പോകും. ഉണ്ണിയീശോയേയും എടുത്തുകൊണ്ടു നില്ക്കുന്ന

മാതാവിൻെറ ചിത്രത്തിലേക്കു നോക്കി ഒന്നും പറയാതെ അല്പനേരം നില്ക്കും. എന്നിട്ട് ഉള്ളുകൊണ്ടു് അവൾ മന്ത്രിക്കും: "നീ എൻെറ അമ്മ, ഞാൻ നിൻെറ പുത്രി" ഇത്രയും പറഞ്ഞതിനുശേഷം ഉടൻ തിരിച്ചുപോരുകയും ചെയ്യും. വിശുദ്ധ ഫ്രാൻസിസ് അസ്സീസി "എൻെറ ദൈവമേ, എൻെറ സർവ്വവുമേ!" എന്നുമാത്രം ഉരുവിട്ടുകൊണ്ടു രാത്രി മുഴുവൻ ചെലവഴിച്ചിരുന്നു. ജീവിതകാലംമുഴുവൻ "ഏററം പരിശുദ്ധ ത്രിത്വമേ!" എന്ന സംബോധന എത്ര ആവർത്തിച്ചിട്ടും വിശുദ്ധ ഫ്രാൻസിസ് സേവിയറിനു തൃപ്തിവന്നിരുന്നില്ല. "എല്ലാററിലും ദൈവംമാത്രം." ഈ കൊച്ചുവാചകത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടു് ഇഗ്നേഷ്യസ് പുണ്യവാൻ മണിക്കൂറുകൾ തന്നെ പിന്നിട്ടിട്ടുണ്ടു്. ഇതെല്ലാം ശരിയാണെങ്കിലും ധ്യാനം ശ്രമസാധ്യമായ ഒരു ആധ്യാത്മികാഭ്യസനമാണു് എന്ന കാര്യം വിസ്മരിച്ചുകൂടാ.

അനുദിനവിശുദ്ധനും, അദ്ദേഹം ഏതു ജീവിതമാർഗ്ഗം സ്വീകരിച്ചിരുന്നാലുംശരി, അദ്ദേഹത്തിൻേറതായ പ്രാർത്ഥനാമാർഗ്ഗം ഉണ്ടു്. അനുദിനവിശുദ്ധൻ ആദ്യം ദൈവത്തെ വീക്ഷിക്കുന്നു; അനന്തരം, തന്നെ വീക്ഷിക്കുന്ന ദൈവത്തെക്കുറിച്ചു ചിന്തിക്കുന്നു. അങ്ങകലെ ചക്രവാളത്തിനുമപ്പുറം ആർക്കും അഭിഗമ്യനല്ലാതെ മരുവുന്ന ഒരാളല്ല അദ്ദേഹത്തിനു ദൈവം; പ്രത്യുത, അരികെത്തന്നെ മരുവുന്ന സ്നേഹസ്വരൂപനാണു്. ദൈവത്തോടുള്ള അദ്ദേഹത്തിൻെറ സംഭാഷണം വെറും ശൂന്യമായ അന്തരീക്ഷത്തിൽ ശബ്ദമുണ്ടാക്കലല്ല; അതു് ഒരു കൊച്ചുകുഞ്ഞു തൻെറ വത്സലപിതാവിനോടു്, ഒരു മണവാട്ടി തൻെറ പ്രിയതമനോടു ചെയ്യുന്ന ഹൃദയാവിഷ്കരണമാണു്. സ്നേഹിതൻ തൻെറ ഉത്തമ സുഹൃത്തിനോടെന്നതുപോലെ അവിടുത്തോടു് അനുദിനവിശുദ്ധൻ ആശയവിനിമയം നടത്തുന്നു. അതു് എത്രമാത്രം ആത്മാർത്ഥവും അകൃത്രിമവും ആകുമോ അത്രയ്ക്കും വിശിഷ്ടവും ഫലദായകവുമായിരിക്കും.

ദൈവവുമായി അനുദിനവിശുദ്ധൻ ചെയ്യുന്ന സംഭാഷണത്തിന്റെ വിഷയം വല്ല ധ്യാനഗ്രന്ഥത്തിലും കൊടുത്തിരിക്കുന്ന ചിന്തകൾ ആയിരിക്കുകയില്ല. കഴിഞ്ഞുപോയ ഇന്നലെ അല്ലെങ്കിൽ തുടങ്ങുവാനിരിക്കുന്ന ഇന്ന്—ഇതാണ് അയാളുടെ സംഭാഷണവിഷയം. 'ഇന്നലെ'യുടെ സന്തോഷങ്ങളും സങ്കടങ്ങളും ജോലികളും വേദനകളും, ഇച്ഛാഭംഗങ്ങളും വിജയങ്ങളും എല്ലാം ദൈവപരിപാലനയുടെ വെളിച്ചത്തിൽ അദ്ദേഹം പരിശോധിക്കുകയും ഒരു കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കതയോടുകൂടി അവയെക്കുറിച്ച് അവിടുത്തോടു പറയുകയും ചെയ്യുന്നു. തന്റെ ആത്മാവിനെസ്സംബന്ധിക്കുന്ന സകലതും ആ പരിശോധനയിൽ ഉൾപ്പെടും. നിഷ്ഫലമായി നഷ്ടപ്പെടുത്തിയ ഓരോമിനിട്ടുകളേയും ഓർത്ത് അവൻ നെടുവീർപ്പിടും. തക്കസമയത്തു നിർവഹിക്കാതെ നീട്ടിവച്ച കടമകളെക്കുറിച്ചു കരൾ നൊന്തു കരയും. ആകുലതകളുടെ ആധിക്യത്തിൽ ആ ഹൃദയം വിങ്ങി വിങ്ങി പുറത്തേക്കു പൊട്ടി ഒഴുകിയെന്നു വരും. ഗത്സേമൻ തോട്ടത്തിൽ മുട്ടുകുത്തിനിന്നു സ്വഗ്ഗീയപിതാവിനോടു നിലവിളിക്കുന്ന നാഥനോടൊപ്പം അദ്ദേഹവും പ്രാർത്ഥിക്കും, "കർത്താവേ, ഈ കഷ്ടപ്പാടുകൾ കഴിയുമെങ്കിൽ മാററിത്തരേണമേ" എന്ന്. എന്നാൽ ഇവയെല്ലാമുപരി, വേദനകളുടേയും യാതനകളുടേയും മറവിൽ തെളിഞ്ഞുനിൽക്കുന്ന സ്വർഗ്ഗീയപിതാവിന്റെ സ്നേഹനിർഭരമായ മുഖം അദ്ദേഹം ദർശിക്കുന്നു. അപ്പോൾ സസന്തോഷം അവിടുത്തെ തിരുവിഷ്ടത്തിനു തന്നെത്തന്നെ സമർപ്പിക്കുന്നു. തനിക്ക് അനുഭവപ്പെട്ട ഏററം നിസ്സാരമായ ആനന്ദത്തിനുപോലും അതിന്റെ ദാതാവായ അവിടുത്തേക്കു നന്ദി പറയുവാൻ അനുദിനവിശുദ്ധൻ വിട്ടുപോവുകയില്ല. ആ നിമിഷങ്ങൾ എത്രമാത്രം തന്നെ ആനന്ദിപ്പിച്ചു എന്നും അവയ്ക്കു നന്ദി പറയുവാൻ എത്രയധികം ആഗ്രഹിക്കുന്നു എന്നും അദ്ദേഹം ദൈവത്തോടു പറ

യും. അങ്ങനെ, അദ്ദേഹത്തിൻെറ ബുദ്ധിയും മനസ്സുംമാത്രമല്ല, മററെല്ലാകഴിവുകളും ദൈവവുമായി ഒന്നിക്കുന്നതോടുകൂടി ആദ്ധ്യാത്മികമായ അനുഭൂതികളും അറിവും വർദ്ധിക്കുകയും മുഴുവൻശക്തിയോടുകൂടി ദൈവത്തെ സ്നേഹിക്കുവാൻ അഭ്യസിക്കുകയും ചെയ്യുന്നു. അങ്ങനെ, ധ്യാനത്തിനു ചെലവഴിക്കുന്ന സമയം, വീണ്ടും ജീവിക്കുന്നതിനും വീണ്ടും സ്നേഹിക്കുന്നതിനുമുള്ള ഒരവസരമായി പരിണമിക്കുന്നു. ആത്മാവിൻെറ എല്ലാ കഴിവുകളും ദൈവത്തിൽമാത്രം വിശ്രമിക്കുകയും ചെയ്യുന്നു. 13364·

ഈവിധത്തിലുള്ള ധ്യാനം വിലയേറിയതല്ലേ? ആന്തരികസ്വാതന്ത്ര്യവും വിശ്രമവും അതു നിങ്ങൾക്കു പ്രദാനം ചെയ്യുന്നു. നഷ്ടപ്പെട്ട ശക്തികൾ വീണ്ടെടുത്ത് ഉണർവോടും ഉന്മേഷത്തോടുംകൂടി നാളെയുടെ പ്രശ്നങ്ങളെ നേരിടുവാൻ അതു നിങ്ങളെ കഴിവുററവരാക്കുന്നു. ചില അവസരങ്ങളിൽ കഴിഞ്ഞ കാര്യങ്ങളുടെ പുനഃപരിശോധനയെന്നതിനെക്കാൾ നമ്മുടെ മുൻപിലുള്ള പ്രശ്നങ്ങളെ മുൻകൂട്ടി പരിശോധിക്കുവാനും ധ്യാനം വിനിയോഗിക്കാം. നാളെ നിങ്ങൾക്കു നേരിടേണ്ട വിഷമപ്രശ്നങ്ങളേയും ചെയ്യേണ്ട ജോലിയുടെ പ്രയാസത്തേയുംപററി ദൈവത്തോടു പറയുക. അവതരണം ചെയ്യുവാൻ ഒരുങ്ങുകയും അതിന് ആവശ്യകമായ അനുഗ്രഹം അപേക്ഷിക്കുകയും ചെയ്യുക. പിന്നെ, ജോലി ചെയ്യേണ്ട സമയം വരുമ്പോൾ അതു് ആദ്യം വിചാരിച്ചിടത്തോളം ആയാസകരമായി അനുഭവപ്പെടുകയില്ല. കാരണം, നിങ്ങൾ അതിനു തയ്യാറായിട്ടാണു വന്നിരിക്കുന്നത്.

ഈവിധം പരിഗണിച്ചാൽ, ദിവസംതോറുമുള്ള ധ്യാനം അനശ്വരമായ നമ്മുടെ ആത്മാവിനു വളരെ ഉപകാരപ്രദമാണ്. നമ്മുടെ ശരീരത്തിനും അതു വളരെ നല്ലതാണെന്നത്രേ അഭിജ്ഞരായ ആളുകളുടെ അഭിപ്രായം. തങ്ങളുടെ ഹൃദയത്തിൻെറ അഗാധത്തിൽ, പ്രശാന്തമായി ദൈവത്തോ

ട സംഭാഷണം ചെയ്യുവാൻ അവസരം ലഭിക്കായ്കനിമിത്തം, സമാധാനവും സംതൃപ്തിയും അനുഭവിച്ചറിയാത്ത ആത്മാക്കൾ അനവധിയാണ്. ദൈവത്തിൽ വിശ്രമിക്കുന്നതുവരെ നമ്മുടെ ആത്മാക്കൾ അസ്വസ്ഥമായിരിക്കും. ഇതിനാലാണ്, നിരന്തരം ജോലി ചെയ്തിട്ടും ചിലർ വിശ്രമം കണ്ടെത്താത്തതു്. വാസ്തവത്തിൽ ഇക്കൂട്ടർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. മനുഷ്യാത്മാവു ജോലി ചെയ്യാനല്ല, സ്നേഹിക്കുവാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവവുമായുള്ള ഗാഢമായ ഐക്യത്തിൽനിന്നും തീക്ഷ്ണമായ സ്നേഹത്തിൽനിന്നും നാമ്പെടുക്കാത്ത യാതൊരു പ്രവൃത്തിയും, പ്രേഷിതപ്രവർത്തനങ്ങൾപോലും നിഷ്പ്രയോജനങ്ങളാണ്.

## V

## സക്രാരിയുടെ സന്നിധിയിൽ

"അൾത്താരയിൽനിന്നു മല്ലരംഗത്തിലേക്ക്" എന്ന് ആദിമക്രിസ്ത്യാനികളെക്കുറിച്ചു പറയാറുണ്ടായിരുന്നു. ഈ മല്ലരംഗങ്ങളിലാണു ക്രിസ്ത്യാനികൾ ഹിംസ്രജന്തുക്കൾക്ക് ഇരയായി എറിഞ്ഞു കൊടുക്കപ്പെട്ടിരുന്നതു്. ഇത്തരം ഭയങ്കരമായ പീഡകളുടെ സമയത്തുപോലും വേദസാക്ഷികൾ കാണിച്ച ധൈര്യവും, ഇളകാത്തവിശ്വാസവും പേഗൻ ജനതയെ വിസ്മയിപ്പിച്ചിരുന്നു. ക്രിസ്ത്യാനികൾ അത്ഭുതാവഹമായ ഈ അനുഗ്രഹങ്ങൾ സമ്പാദിച്ചിരുന്നതു സക്രാരിയുടെ സന്നിധിയിൽനിന്നാണ്. ഏതു വിപത്തിലും ക്രിസ്തുവിനോട വിശ്വസ്തരായിരിക്കുവാൻവേണ്ട ശക്തി അവർക്കു വിശുദ്ധകുർബാനയിൽനിന്നു സിദ്ധിച്ചു.

റോമൻ മല്ലരംഗങ്ങൾ കഴിഞ്ഞ കാലത്തെ വസ്തുതകളാണ്. എന്നാൽ, ഇന്നും നമുക്ക് ഓരോരുത്തർക്കും പൊരു

തുവാൻ ഒരു സമരരംഗമുണ്ട്. നാം അതിൽ പ്രവേശിച്ചു യുദ്ധം ചെയ്യണം—നമ്മുടെ അനുദിനജീവിതരംഗമാണത്. ചിലർക്ക് അതു ഭാരിച്ച ഉദ്യോഗമായിരിക്കാം, മററു ചിലർക്ക് ഒരു രസവുമില്ലാത്ത കുറെ കൂട്ടകാരുടെ സഹവാസമായിരിക്കാം, അല്ലെങ്കിൽ വിശ്രമമില്ലാത്ത ജോലിയായിരിക്കാം. ഇനിയുമൊരു കൂട്ടർക്ക് അനാരോഗ്യമായിരിക്കും അല്ലെങ്കിൽ മാനസികപ്രയാസങ്ങളായിരിക്കും.

അനുദിനവിശുദ്ധനും ഇതിന് അപവാദമല്ല. അവനും ഒരു സമരരംഗമുണ്ട്. അതദ്ദേഹം അറിയുന്നു. എന്നാൽ, ജീവിതത്തിലെ കെട്ടുപിണഞ്ഞ നൂറു നൂറു പ്രശ്നങ്ങളെ വിജയകരമായി നേരിടുവാൻ, സ്വന്തം കഴിവുകൾ അപര്യാപ്തങ്ങളാണെന്നു മനസ്സിലാക്കി, അനുദിനവിശുദ്ധൻ അൾത്താരയിലെ ദിവ്യബലിയുമായി സ്വജീവിതത്തെയും തന്നെത്തന്നെയും ബന്ധിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതകേന്ദ്രം ദിവ്യബലിയാണ്. അനുദിനജീവിതത്തിലെ എല്ലാ പ്രവൃത്തികളും ആ ബലിയോടു ബന്ധപ്പെട്ടിരിക്കും. ഇതെങ്ങനെ സാധിക്കും? പറയാം. ഒരുദിവസത്തെ ഏററം പ്രധാന കത്തവ്യമായി ദിവ്യബലിയെ കണക്കാക്കുക. നിങ്ങളുടെ ഏററംവലിയ ആഗ്രഹം കുർബാന കാണുക എന്നതായിരിക്കണം. കുർബാന കണ്ടതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത്. ആ ദിവസം മുഴുവനും ആ ബലിയുടെ തുടർച്ചയും പൂത്തീകരണവും ആയിരിക്കണം. ഓരോ പ്രവൃത്തിയിലൂടെയും ആ കാഴ്ചവെപ്പിനെയും കൂദാശ ചെയ്യലിനേയും വി. കുർബാനസ്വീകരണത്തേയും ആവത്തിക്കുകയും അങ്ങനെ, അൾത്താരയിലേ ബലിസമർപ്പണം നിങ്ങളുടെതന്നെ ആത്മാർപ്പണമായിത്തീരണം.

ഉന്നതവും ഉൽകൃഷ്ടവുമായ ആദർശങ്ങളാണ് അനുദിനവിശുദ്ധന്റെ ലക്ഷ്യം. എന്നാലും അദ്ദേഹം ഒരിക്കലും സ്വന്തകഴിവുകളിൽ ആശ്രയിക്കുകയോ അഹങ്കരിക്കുകയോ ഇല്ല. തന്നിമിത്തം ദിവ്യബലിയിലെ കാഴ്ചവെപ്പിനോടൊപ്പം

തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നതു യഥാർത്ഥമായ വിനയത്തോടുകൂടെ ആയിരിക്കും.

കാൽവരിയിൽ സമർപ്പിക്കപ്പെട്ട കുരിശിലെ ബലിയുടെ അഗാധമായ യാഥാർത്ഥ്യങ്ങൾ അൾത്താരയിലെ ബലിയിൽനിന്നു ഗ്രഹിക്കാം എന്ന വസ്തുത നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കുരിശിൽ ദിവ്യരക്ഷകൻ പരമപിതാവിനു പുത്രസഹജമായ വിധേയത്വത്തിന്റെയും ആത്മബലിയുടേയും ചൈതന്യത്തിൽ തന്നെത്തന്നെ സമർപ്പിച്ചു. "പിതാവേ, അങ്ങയുടെ ഇഷ്ടം നിറവേററുവാനായി ഞാൻ ഇതാ വരുന്നു" (എബ്രാ. 10: 7). ഇതായിരുന്നു അവിടുത്തെ പ്രഭാത പ്രാർത്ഥന. ആ ജീവിതം അതിന്റെ കർത്തവ്യം നിർവഹിച്ചു കഴിഞ്ഞതായി അവിടുന്ന് അന്ത്യസമയത്തു പ്രഖ്യാപിക്കുന്നു: "പിതാവേ, ഞാൻ ഭൂമിയിൽ അങ്ങയെ മഹത്വപ്പെടുത്തി. അങ്ങ് എന്നെ ഏല്പിച്ച ജോലി ഞാൻ പൂർത്തിയാക്കി" (യോഹ. 17: 4). തീവ്രമായ സ്നേഹത്തോടുകൂടെ അവിടുന്നു പിതാവിന്റെ തിരുവിഷ്ടം നിറവേററുവാൻ യത്നിച്ചു. അവിടുത്തെ അറിയുകയും ആശ്ലേഷിക്കുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട്, ആ ഏകലക്ഷ്യത്തിനുവേണ്ടി, തന്റെ സകല കഴിവുകളും രക്ഷകൻ വിനിയോഗിച്ചു. സർവശക്തനും സർവജ്ഞനുമായിരുന്നതിനാൽ, മററുവിധങ്ങളിൽ തന്റെ കഴിവുകളെ അവിടുത്തേക്കു പ്രയോഗിക്കാമായിരുന്നു. എന്നാൽ, അവിടുന്ന് അങ്ങനെ ചെയ്തില്ല. അവിടുന്നു ജനിച്ചതുതന്നെ പിതാവു മുൻകൂട്ടി നിശ്ചയിച്ച സമയത്താണ്. അവിടുത്തെ ഓരോ വാക്കും പ്രവൃത്തിയും എല്ലാം തന്റെ പിതാവിന്റെ തിരുമനസ്സ് അനുസരിച്ചായിരുന്നു. അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചു; വിജയാഘോഷങ്ങളുടെമദ്ധ്യേ ജറുസലേംപട്ടണത്തിലേക്കു പ്രവേശിച്ചു; അവസാനം ഒരു രാജദ്രോഹിയെപ്പോലെ ക്രൂശിക്കപ്പെട്ടു. എന്തുകൊണ്ട്? അതായിരുന്നു പിതാവിന്റെ ഇഷ്ടം. മുപ്പതു സംവത്സരക്കാലം

ഒരു കുഗ്രാമമായ നസ്രസ്സിൽ പാവപ്പെട്ട ഒരു കൊച്ചുവീട്ടിൽ, സർവശക്തനും സർവജ്ഞനുമായ ക്രിസ്തുനാഥൻ മനുഷ്യരായ മാതാപിതാക്കൾക്കു കീഴ്വഴങ്ങി ജീവിച്ചു. ആ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. ഇസ്രായേൽരാജ്യം മുഴുവൻ ഇളക്കിമറിക്കുവാൻ നിങ്ങൾ ശ്രമിക്കുമായിരുന്നില്ലേ? എന്നാൽ, ക്രിസ്തു തന്റെ കഴിവുകളെ നശിപ്പിക്കുകയോ എന്നു തോന്നുമാറ് ആ അശാരിയുടെ പണിപ്പുരയിൽ ഒതുങ്ങിക്കഴിയുകയാണു ചെയ്തത്. "എല്ലാത്തിലും പിതാവിന്റെ തിരുവിഷ്ടം നിറവേറട്ടെ" ഇതായിരുന്നു ക്രിസ്തുവിന്റെ മുദ്രാവാക്യം. മററു ചിന്തകൾക്ക് ആ ഹൃദയത്തിൽ സ്ഥാനമില്ലായിരുന്നു.

ദിവസവും ദിവ്യബലിയുടെ സമയത്തു നമ്മുടെ അൾത്താരകളിലേക്കു ദിവ്യനാഥൻ എഴുന്നള്ളുന്നു. എന്തിനെന്നോ? നമ്മുടെ പാപങ്ങൾക്കുവേണ്ടി പരിഹാരമനുഷ്ഠിക്കുവാൻ; പരമപിതാവിനു യോഗ്യമായ സ്തുതി സമർപ്പിക്കുവാൻ; അവിടുത്തെ പക്കൽ മാധ്യസ്ഥ്യം വഹിക്കുവാൻ; നമ്മെയും തന്നോടൊന്നിച്ചു സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്ക് ആനയിക്കുവാൻ. അവിടുത്തെ അനന്തമായ സ്നേഹം! അതിന്റെ ആഴം ആർക്ക് അളക്കുവാൻ കഴിയും? ദിവ്യബലിയർപ്പിക്കണം. കാൽവരിയിൽ കുരിശിൽ തൂങ്ങിനിന്നുകൊണ്ടു നിത്യപിതാവിനു തന്നെത്തന്നെ ബലിയർപ്പിച്ച ക്രിസ്തുനാഥന്റെ അതേവികാരങ്ങൾ നമുക്കും ഉണ്ടാകണം. അതാണു ദിവ്യബലിയിൽ ഭാഗഭാക്കാകുന്നതിനുള്ള ഉത്തമ മാർഗ്ഗം. പുസ്തകങ്ങളിലുള്ള പ്രാർത്ഥനകൾ നിങ്ങളുടെ വിചാരവികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നതിന് ഉപകരിക്കുമെങ്കിൽ ഉപയോഗിക്കാവുന്നതാണ്. ചുരുക്കത്തിൽ അമേയനായ ദൈവത്തിങ്കലേക്കുള്ള നമ്മുടെ സമീപനം ക്രിസ്തുവിനോടുകൂടെയും ക്രിസ്തുവിലൂടെയും ആയിരിക്കണം. കാഴ്ചവെപ്പിന്റെ സമയത്തു നിങ്ങളുടെ ആവശ്യങ്ങളും കുറവുകളും ബലഹീനതകളും നി-

ങ്ങൾക്കുള്ള സമസ്തവും നിങ്ങളെത്തന്നെയും ആ പീലാസാ യിൽവച്ചു ദൈവത്തിനു സമർപ്പിക്കുക. വൈദികൻ കൂദാശ വചനങ്ങൾ ഉച്ചരിക്കുമ്പോൾ മനുഷ്യാവതാരം ചെയ്ത ദൈവ പുത്രൻ ബലിപീഠത്തിൽ ഇറങ്ങിവന്നു നമ്മുടെ സ്ഥാനം സ്വീകരിക്കുന്നു. സ്വർഗ്ഗീയപിതാവ് അനന്തമായ സംതൃപ്തി യോടെ അവിടുത്തെ വീക്ഷിക്കുന്നു. നമ്മുടെ ആത്മാർപ്പണ ത്തിലും വിധേയത്വത്തിലും പോരാതെയുള്ളതെല്ലാം അവിടു ന്നു പരിഹരിക്കുന്നു. ദൈവികശക്തി നമ്മളെ താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ പ്രതിജ്ഞ കളിൽനിന്നും ഉദ്ദേശശുദ്ധിയിൽനിന്നും ഏതുനിമിഷത്തിലും നാം വ്യതിചലിച്ചേക്കും. ദൈവത്തിന് അതു നന്നായി അറി യാം. അതിനാലാണു തൻെറ ദിവ്യസുതനെത്തന്നെ നമ്മുടെ ആത്മാവിൻെറ ഭക്ഷണമായി തരുവാൻ അവിടുന്നു തിരുമന സ്സാകുന്നത്. അനുദിനവിശുദ്ധൻ ദിവ്യബലിയിൽ സംബ ന്ധിക്കുമ്പോൾ ഒരിക്കലും ദിവ്യകാരുണ്യം സ്വീകരിക്കാതി രിക്കുകയില്ല.

കുർബാന കഴിയുമ്പോൾ അനുദിനവിശുദ്ധൻ തികഞ്ഞ മനസ്ഥൈര്യത്തോടും ഉറച്ചവിശ്വാസത്തോടുംകൂടി സമരരം ഗത്തേക്കിറങ്ങുകയായി. സഹനത്തിൻെറകാസ അവസാന ത്തുള്ളിവരെ പാനംചെയ്ത ദിവ്യനാഥനുമായി അദ്ദേഹം ഒന്നാ യിത്തീർന്നിരിക്കുന്നു. ആ ബന്ധത്തെ വിഛേദിക്കുവാൻ ഇനി ഒരു ശക്തിക്കും സാധിക്കുകയില്ല. സങ്കടവും സഹനവും ആ നന്ദവും ആശ്വാസവും എല്ലാം പ്രഭാതത്തിലെ ദിവ്യബലിയു ടെ തുടർച്ചയായിട്ടാണ് അദ്ദേഹത്തിന് അനുഭവപ്പെടുക. എന്തെങ്കിലും സഹിക്കാനില്ലാത്ത ദിവസം വെറുതേ നഷ്ട പ്പെടുത്തിയതായിട്ടേ അദ്ദേഹത്തിനു തോന്നൂ. എന്തുകൊണ്ടെ ന്നാൽ, ബലിയിൽ കൂദാശചെയ്യലും വസ്തുഭേദവും നടക്കുന്ന തിനു മുമ്പു കാഴ്ചവയ്പു നടക്കണം. ദൈവവുമായി ഒന്നാ യിത്തീരുന്നതിനുമുമ്പു നമ്മിലും മാററം സംഭവിക്കണം. ആ

കയാൽ, കുറെനാളത്തേക്കു ബലിയുടെ മണിനാദം നാം ശ്രവിക്കുന്നില്ലെങ്കിൽ, നമ്മുടെ ജീവിതപരിവർത്തനത്തെക്കുറിച്ചു നാം ഉൽകണ്ഠിതരാകണം.

അനുദിനവിശുദ്ധൻ അനുദിനം അൾത്താരയിലെ ദിവ്യബലിക്കു് അണയുന്നതു് എന്തിനാണെന്നു നിങ്ങൾക്കു് ഇപ്പോൾ മനസ്സിലായിക്കാണും. അവിടെ അദ്ദേഹം ദൈവത്തിൻെറ അനന്ത കാരുണ്യത്തെക്കുറിച്ചു പഠിക്കുന്നു. തനിക്കു ചെയ്യുവാനുള്ള ജോലിയുടെ ഗൗരവം ശരിക്കു മനസ്സിലാക്കുന്നു. ദൈവം ആഗ്രഹിക്കുന്ന പ്രകാരം അവ നിറവേററുവാൻ, ജീവിതമാകുന്ന ബലി സമർപ്പിക്കുവാൻ ആവശ്യകമായ അനുഗ്രഹങ്ങൾ അപേക്ഷിച്ചുവാങ്ങുന്നു. തൻെറ ഹൃദയവിചാരങ്ങളെല്ലാം ദൈവം അറിയുന്നുണ്ടെന്നും തൻെറ കഴിവുകൾ ദൈവത്തിനുവേണ്ടി വിനിയോഗിക്കുവാൻ സാധിക്കുമെന്നും ഗ്രഹിക്കുകയും ചെയ്യുന്നു.

"പ്രസിദ്ധീകരണങ്ങളിലും പ്രസംഗങ്ങളിലുംകൂടെ എന്നതിനെക്കാൾ വിശുദ്ധ കുർബാനയുടെ മുമ്പിലാണു് ഒരുവൻ കൂടുതൽ സംസാരിക്കേണ്ടതു്" എന്നു വിശുദ്ധ ജോൺ വിയാനി പലപ്പോഴും പറഞ്ഞിരുന്നു. വിശുദ്ധ ക്ലമെൻറ് ഹോഫ് ബോവർ തരുന്ന ഉപദേശം ഇതാണു്: "മനുഷ്യരോടു ദൈവത്തെക്കുറിച്ചെന്നതിനെക്കാൾ ദൈവത്തോടു മനുഷ്യരെപ്പററി പറയുക." ദിവസത്തിൽ ഏഴു പ്രാവശ്യം വിശുദ്ധ ഫ്രാൻസിസ് ബോർജിയ വിശുദ്ധ കുർബാനയുടെ സന്നിധിയിൽപോയി പ്രാർത്ഥിച്ചിരുന്നു. പള്ളിയോടു് ഏററവും അടുത്ത മുറിയാണു താമസത്തിനു വിശുദ്ധൻ തിരഞ്ഞെടുത്തതു്. തീക്ഷ്ണമതിയായ ഒരു മിഷനറിയായിരുന്നു വാഴ്ത്തപ്പെട്ട വിൻസെൻറ് പല്ലോട്ടി. അദ്ദേഹത്തിനു തിരക്കേറിയ പ്രേഷിതപ്രവർത്തനങ്ങൾനിമിത്തം തൻെറ സമയം മുഴുവൻ ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിക്കുവാൻ സാധിച്ചില്ല. അതിനു പകരം അദ്ദേഹം എന്തുചെയ്തെന്നോ? അരുളി

ക്കായുടെ പടമുള്ള ഒരു കടലാസ് എപ്പോഴും കൂടെ കൊണ്ടു നടക്കുകയും കൂടെക്കൂടെ അതെടുത്തു സ്നേഹപൂർവ്വം ചുംബിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ആ ദിവ്യകാരുണ്യഭക്തൻ എഴുതി "നമ്മുടെ ഭവനങ്ങളിലെ എല്ലാകാര്യങ്ങളും ദിവ്യകാരുണ്യനാഥൻ നടത്തട്ടെ. ഇപ്പോൾ മാത്രമല്ല, എന്നും എന്നേക്കും." കർദ്ദിനാൾ ഫാൾഹാബർ പറയുന്നതു ശ്രദ്ധേയമാണ്: "അന്ന് അപ്പസ്തോലന്മാർ അന്ത്യഭോജനശാലയിൽനിന്നു ശക്തി നേടിയെങ്കിൽ ഇന്നു ക്രിസ്തുവിൻെറ പ്രേഷിതർ വിശുദ്ധകുർബാനസ്വീകരണത്തിൽനിന്നു നവചൈതന്യം പ്രാപിക്കുന്നു."

## VI

## വേലയുടെ വിശുദ്ധീകരണം

ഭാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസു മാർപ്പാപ്പാ, അന്നു സ്റ്റേററു സെക്രട്ടറിയായിരുന്ന കർദ്ദിനാൾ പച്ചെല്ലി (പിന്നീടു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ) യോടു വിശുദ്ധ കൊച്ചുത്രേസ്യായുടെ കബറിടത്തിൽനിന്ന് വെളുത്തതും ചുവന്നതും ഇളം ചുവപ്പുള്ളതുമായ മൂന്നു റോസപ്പുഷ്പങ്ങൾ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടു. അവയുടെ അർത്ഥത്തെക്കുറിച്ചു പരിശുദ്ധ പിതാവു പറഞ്ഞതിങ്ങനെയാണ്: പൂക്കളുടെ റാണിയായ വെള്ളപ്പൂവ് സഭയുടെ സാദൃശ്യമായിരിക്കും. മൂർച്ചയേറിയ മുള്ളുകളുള്ള ചുവന്ന പുഷ്പം, ദുഃഖദുരിതങ്ങൾ സന്മനസോടെ സ്വീകരിക്കുവാൻ വിശുദ്ധയുടെ മാദ്ധ്യസ്ഥ്യംവഴി ലഭിക്കുന്ന അനുഗ്രഹത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവിനേയും അവിടുത്തെ സഭയേയും വിശ്വസ്തതയോടെ സേവിച്ചുകൊണ്ടു ദീർഘകാലം താൻ സഭയെ ഭരിക്കുമെന്നതിനു ചെറുപുഷ്പം നല്കുന്ന ഉറപ്പാണ്, ഇളം ചുവപ്പായ പുഷ്പം സൂചിപ്പിക്കുക. "ദുഃഖിക്കുകയോ കണ്ണീർ ചിന്തു

കയോ ചെയ്യാതെ, ജോലി ചെയ്യുക" എന്നു തന്റെ അമ്മ നല്കിയിരുന്ന ഉപദേശം തിരുമേനി പലപ്പോഴും ഓർക്കു മായിരുന്നു.

പരിചയസമ്പന്നനായ ഒരു വിശുദ്ധ വൈദികൻ പറഞ്ഞ വാക്കുകൾ വളരെ അർത്ഥവത്താണ്: "ഒരു മനുഷ്യന് അവശ്യമുള്ളതിൽ അല്പം കുറച്ചു പണവും ചെയ്യാൻ കഴിയുന്നതിൽ അല്പം കൂടുതൽ ജോലിയും ഉണ്ടായിരിക്കുക നല്ലതാണ്. അതു് അയാളെ ഉത്സാഹിയും ഭാവിയെപ്പററി ജാഗരൂകനും ആക്കും."

വേലയെസ്സംബന്ധിച്ചിടത്തോളം അനുദിനവിശുദ്ധന്റെ നിലപാട് എന്താണ്? ഒരു വിശുദ്ധനാകുവാൻ ലോകത്തേയും അതിലെ കത്തവ്യങ്ങളേയും ഒന്നും ഉപേക്ഷിച്ചുപോകണ്ടാ എന്നു നേരത്തേ പറഞ്ഞുകഴിഞ്ഞു. അഥവാ, വല്ലവരും ലോകത്തെ ഉപേക്ഷിക്കുവാൻ ദൈവത്താൽ വിളിക്കപ്പെടുന്നുവെങ്കിൽത്തന്നെയും, വേലയോട് അവർ യാത്ര പറയുന്നില്ല. ആശ്രമമതിൽക്കെട്ടുകൾക്കുള്ളിൽ വളരെയധികം ജോലികൾ നിർവഹിക്കപ്പെടുന്നുണ്ടു്.

ഒരുപക്ഷേ, നിങ്ങൾ പറഞ്ഞേക്കാം: "ഞാൻ നിത്യവും വിശ്രമമില്ലാതെ ജോലി ചെയ്യുന്നുണ്ടല്ലോ." അതുകൊണ്ടു നിങ്ങൾ വിശുദ്ധിയുടെ രാജപാതയിലാണെന്നു പറയാമോ? പാടില്ല. ജോലിയെ പ്രാർത്ഥനയാക്കി പകർത്തുന്ന വിശുദ്ധരുടെ വിദ്യ നാം അഭ്യസിച്ചെങ്കിലേ, വിശുദ്ധിയുടെ വെണ്ണിലാവൊഴുകുന്ന വഴിത്താരയിൽ നാം സഞ്ചരിച്ചുതുടങ്ങൂ. ജോലിസമയം മുഴുവൻ പ്രാർത്ഥിക്കണമെന്നല്ല അതിന്റെ അത്ഥം. ചിലപ്പോഴെല്ലാം ജോലിസമയത്തും നാം പ്രാർത്ഥിക്കണം. എന്നാൽ, മിക്കപ്പോഴും അതു സാധിച്ചെന്നുവരില്ല. ഭാരിച്ച ജോലി ചെയ്തു ക്ഷീണിച്ചുവശായിരിക്കുമ്പോൾ പ്രാത്ഥിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും നിങ്ങൾക്കു കഴിഞ്ഞില്ലെന്നു വരും. എന്നാൽ, നിങ്ങളുടെ ജോലി ദൈവ

ത്തിനുവേണ്ടിയും ദൈവത്തോടു യോജിച്ചും ചെയ്തുകൊണ്ടു് അതിനെ ഒരു നിരന്തര പ്രാർത്ഥനയാക്കി മാററുക. ഇതു് എല്ലാവർക്കും സാധിക്കുന്നതാണു്. ഇതുതന്നെയാണു വിശുദ്ധർ ഉപയോഗിച്ച മാർഗ്ഗം.

ദൈവത്തിനുവേണ്ടി വേലചെയ്യുക എന്നു പറഞ്ഞാൽ ശുദ്ധ നിയോഗത്തോടുകൂടെ ചെയ്യുക എന്നാണർത്ഥം. അതിനു വിശ്രമസമയങ്ങളിലോ, ജോലിസമയത്തുതന്നെയോ നിങ്ങളുടെ പ്രഭാതസമർപ്പണം നവീകരിച്ചാൽ മതി. അപ്പോൾ ദൈവത്തിൻെറ സ്തുതിക്കും മഹത്വത്തിനുമായി നിങ്ങൾ ആ ജോലി ചെയ്യുന്നതുകൊണ്ടു് അതു് ഒരു ദൈവസേവനമായിത്തീരുന്നു. ഉണ്ണുക, ഉറങ്ങുക തുടങ്ങിയ പ്രവൃത്തികൾപോലും ശുദ്ധനിയോഗംവഴി പുണ്യയോഗ്യതയുള്ളവയാക്കിത്തീർക്കാം. ഒരു കടലാസ്സിൽ കുറെ പൂജ്യങ്ങൾ തുടർച്ചയായി എഴുതിയാൽ അതിനു് ഒരു വിലയുമില്ല. എന്നാൽ, അവയുടെ മുമ്പിൽ ഒരക്കംകൂടി ഇട്ടാൽ എല്ലാ പൂജ്യങ്ങളും വിലയുള്ളവയായി. അതുപോലെയാണു് ശുദ്ധനിയോഗംവഴി നിങ്ങളുടെ പ്രവൃത്തികൾ യോഗ്യതാർഹങ്ങളായിത്തീരുക.

ദൈവസഹായമില്ലാതെ ഒരു ചെറുവിരൽ അനക്കുന്നതിനുപോലും നമുക്കു കഴിവില്ല. ഓരോ വാക്കിനും പ്രവൃത്തിക്കും അവിടുത്തെ അനുഗ്രഹം കൂടിയേ തീരൂ. ആ അർത്ഥത്തിൽ നിയോഗം ഉണ്ടെങ്കിലും ഇല്ലെങ്കിലും നമ്മുടെ പ്രവൃത്തികളെല്ലാം ദൈവത്തോടുകൂടിയാണു ചെയ്യുന്നതു്. എന്നാൽ, ഇവിടെ ഉദ്ദേശിക്കുന്നതു് അനുദിനജീവിതത്തിലേ സംഭവങ്ങൾവഴി നമ്മോടു സംസാരിക്കുന്ന സ്രഷ്ടാവിൻെറ സ്വരത്തിനു ചെവി കൊടുക്കുകയും സർവവ്യാപിയായ അവിടുത്തെ സാമീപ്യം സദാ സ്മരിക്കുകയും ചെയ്തുകൊണ്ടു ദൈവമഹത്വത്തെമാത്രം ലാക്കാക്കി സ്നേഹപൂർവം ജോലി ചെയ്യുന്നതിനെയാണു്.

ഒരു സന്യാസാശ്രമത്തിൽ പുണ്യചരിതനായ ഒരു സ

ഹോദരൻ ജീവിച്ചിരുന്നു. കൂട്ടപ്രാൎത്ഥനകഠം കഴിഞ്ഞാൽ പുകയും കരിയുംനിറഞ്ഞ പാചകശാലയിൽ പാടുപെട്ടു പണിയെടുക്കുകയായിരുന്നു ആ സഹോദരന്റെ ജോലി. വെളുക്കുമ്പോഠം തുടങ്ങി രാത്രിയാകുന്നതുവരെ തീയാവിയേററു് അടുപ്പിന്നരികെനിന്നു് അദ്ദേഹം ജോലി ചെയ്യും. സൽഗ്രന്ഥങ്ങഠം വായിക്കുന്നതിനോ പ്രസംഗങ്ങഠം ശ്രവിക്കുന്നതിനോ അദ്ദേഹത്തിന്നു സമയം ലഭിച്ചിരുന്നില്ല. എന്നിട്ടും ദൈവവുമായി നിരന്തരൈക്യത്തിൽ ജീവിക്കുവാൻ കഴിയുന്നതെങ്ങനെ എന്നു് ഒരിക്കൽ ഒരു സഹോദരൻ അദ്ദേഹത്തോടു ചോദിച്ചു. എരിഞ്ഞുകൊണ്ടിരുന്ന അടുപ്പു ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "അതാണു് എന്നോടു ദിവസവും പ്രസംഗിക്കുന്ന എന്റെ ഗുരുനാഥൻ. ചുവന്ന ആ തീനാളങ്ങഠം ദൈവസ്നേഹത്തെക്കുറിച്ചു് എന്നെ പഠിപ്പിക്കുന്നു. ദൈവസ്നേഹത്തിൽ ഞാൻ ഒരിക്കലും ഉദാസീനനാകരുതെന്നു് അവ എന്നോടു നിരന്തരം ഉപദേശിക്കുന്നു. രാവിലേ അടുപ്പിൽ തീ പിടിപ്പിക്കുമ്പോഠം നീറിപ്പിടിച്ചു കത്തിയുയരുന്ന തീജ്ജ്വാലകളോടൊപ്പം ഞാൻ പ്രാൎത്ഥിക്കും: "നല്ല ദൈവമേ, അങ്ങയോടുണ്ടായിരുന്ന എന്റെ ആദ്യതീക്ഷ്ണതയിൽ എന്നെ എന്നും കാത്തുകൊള്ളേണമേ." തീയുടെ ശക്തി കുറയുമ്പോഠം വീണ്ടും വിറകിട്ടുകൊടുക്കുന്നതോടൊപ്പം പുതിയ അനുഗ്രഹങ്ങഠംക്കായി ഞാൻ പ്രാൎത്ഥിക്കും. കത്തിക്കാളുന്ന അഗ്നിയും കത്തി മുറിഞ്ഞുവീഴുന്ന തീക്കനലുകളും നരകത്തെയും ശുദ്ധീകരസ്ഥലത്തെയുംകുറിച്ചു ചിന്തിക്കുവാൻ അവസരം നല്കുന്നു. അഗ്നി ക്രമമായി ജ്വലിച്ചുകൊണ്ടിരിക്കുമ്പോഠം ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹത്താലും തീക്ഷ്ണമായ ദൈവസ്നേഹത്താലും എന്റെ ഹൃദയവും ജ്വലിച്ചുകൊണ്ടിരിക്കും. രാത്രിയിൽ തീ പരിച്ഛേദം കെട്ടുകഴിയുമ്പോഠം, എന്റെ ജീവിതവും ഒരിക്കൽ അതുപോലെ എരിഞ്ഞടങ്ങുമെന്ന ബോധം എന്നിലുളവാകുന്നു. മരണ

ത്തിനൊരുങ്ങിക്കൊണ്ടു ഞാൻ ഉറങ്ങാൻപോവുകയും ചെയ്യും." ആ സന്യാസിയുടെ ജീവിതവിശുദ്ധിയുടെ രഹസ്യം അന്നാണ് ആശ്രമവാസികൾക്കു മനസ്സിലായത്. നിരന്തരമായ ജോലിയുടെ ഇടയ്ക്കും ദൈവവുമായി ഐക്യത്തിൽ വർത്തിക്കുന്നതിനും അവിടുത്തെ ആന്തരികാഹ്വാനങ്ങളെ പിൻചെല്ലുന്നതിനും സാധിച്ച അദ്ദേഹത്തിൻെറ മാതൃക നമുക്കും അനുകരണീയമല്ലേ?

ക്ലെയർ ഫീ എന്ന കന്യാസ്ത്രീ, തൻെറ ഓരോ തയ്യൽപ്പണിയും പൂർത്തിയാകുമ്പോൾ ആരെയൊ കാണിക്കുന്നു എന്ന മട്ടിൽ ഉയർത്തിപ്പിടിക്കുമായിരുന്നു. അവൾ താൻ ചെയ്തുതീർന്നൽവേല ദിവ്യകാരുണ്യനാഥനു കാഴ്ചവക്കുകയാണ് ആ പ്രവൃത്തിവഴി ചെയ്തിരുന്നത്. വി. കർബാനയുടെ സന്നിധിയിൽ ആധ്യാത്മികമായി വ്യാപരിച്ചുകൊണ്ടു തൻെറ ഓരോ പ്രവൃത്തിയും ചെയ്യുന്നതിന് ആ കന്യാസ്ത്രീ ശ്രദ്ധിച്ചിരുന്നു.

വിശുദ്ധ ജോൺ വിയാനി ഒരു കുട്ടിയായിരുന്നപ്പോൾതന്നെ, എല്ലാപ്രവൃത്തികളും പരിശുദ്ധ കന്യകയുടെ കൺമുമ്പിൽ വച്ചു ചെയ്യണമെന്നു ദൃഢമായി നിശ്ചയിച്ചു. വിയാനി തോട്ടത്തിൽ ജോലി ചെയ്യുമ്പോൾ കുറച്ചുകലെയായി മാതാവിൻെറ ഒരു പടം നിക്ഷേപിക്കും. എന്നിട്ട്, ആ സ്വർഗ്ഗീയജനനിയുടെ സാന്നിധ്യത്തിലെന്നതുപോലെ സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ പണിയെടുക്കും. അങ്ങനെ പടത്തിൻെറ അടുത്തെത്തുമ്പോൾ അതെടുത്തു സ്നേഹപൂർവം ചുംബിച്ചിട്ട്, കുറെക്കൂടെഅകലെ ഒരു സ്ഥലത്തു വച്ചതിനുശേഷം വീണ്ടും ജോലി തുടരും.

അനുദിനജീവിതത്തിലെ നിസ്സാരസംഭവങ്ങളിൽപ്പോലും ദൈവേഷ്ടം കാണുന്നതിനും അവിടുത്തെ അഗ്രഹം ഗ്രഹിക്കുന്നതിനും കഴിവുനേടിയ ചില ആത്മാക്കളുണ്ട്. ഓരോന്നു സംഭവിക്കുമ്പോൾ അവർ തങ്ങളോടുതന്നെ ഇങ്ങനെ ചോദിക്കും: "നല്ലവനായ ദൈവം എന്തു സന്ദേശമാണ് ഇതു

വഴി എനിക്കു നല്കാൻ ആഗ്രഹിക്കുന്നത്? എന്റെ ഈ വിജയം, ഈ പരിത്യക്തസ്ഥിതി, ഈ സാമ്പത്തികത്തകർച്ച, ഈ തീരാദുഃഖം, ഈ ബുദ്ധിമുട്ടുകൾ ഇവ വഴി എന്താണു ദൈവം എന്നോടു പറയുന്നത്? ഈ സന്തോഷത്തിൽ, ഈ ദുഃഖത്തിൽ, ഹൃദയമില്ലാത്ത എന്റെ സ്നേഹിതനിൽ, എന്നോടു കരുണ കാണിച്ച ആ നല്ല മനുഷ്യനിൽ, നന്ദിയില്ലാത്ത എന്റെ അയൽക്കാരനിൽ എന്തു കാണണമെന്നാണു സ്നേഹനിധിയായ ദൈവം എന്നോട് ഉപദേശിക്കുന്നത്?" എല്ലാത്തിലും ദൈവതിരുമനസ്സു തിരിച്ചറിയുവാനും അതിനെ പരിപൂർണ്ണമായി പിൻചെല്ലുവാനും ഇത്തരം ചോദ്യങ്ങൾ അവരെ സഹായിക്കുന്നു.

ചുററുമുള്ള ലോകത്തിൽ സംഭവിക്കുന്നതെല്ലാം സ്നേഹത്തിൽനിന്നു സംഭവിക്കുന്നു; സ്നേഹത്തെപ്രതിമാത്രം സംഭവിക്കുന്നു. സ്നേഹത്തിന്റെ ഈ സമ്മോഹനസന്ദേശം ആത്മാവിന്റെ അന്തരാളങ്ങളിൽ അലയടിക്കുകയും അഗാധമായ ആനന്ദവായ്പോടും ഉൽക്കടമായ സ്നേഹത്തോടുംകൂടെ ആത്മാവ് അതിനെ ആശ്ലേഷിക്കുകയും ചെയ്യുമ്പോൾ അനുദിനവിശുദ്ധിയുടെ വെള്ളിവെളിച്ചംവീശുന്ന രാജപാതയിലേക്കു നാം പ്രവേശിക്കുകയായി. പരിശുദ്ധി 'വീരോചിതമായ സ്നേഹം' തന്നെയാണെന്നു മുൻപു പറഞ്ഞതിന്റെ അർത്ഥം നിങ്ങൾക്ക് ഇപ്പോൾ കുറെക്കൂടി വ്യക്തമായില്ലേ? അനുദിനവിശുദ്ധി, അനുദിനജീവിതത്തെ വീരോചിതമായ വിധത്തിൽ സ്നേഹിക്കുകതന്നെയാണ്. തന്റെ ദിനചര്യകളിലും ജോലികളുംപ്പെടെയുള്ള എല്ലാകൃത്യങ്ങളിലും ദൈവമഹത്വംമാത്രം അന്വേഷിക്കുകയും ദൈവത്തെമാത്രം കാണുകയും സ്നേഹിക്കുകയും ചെയ്യുന്നവനാണ് അനുദിനവിശുദ്ധൻ.

ദിവ്യബലിയിൽ സംബന്ധിച്ച്, അവസാനാശീർവാദവും സ്വീകരിച്ചു പുറത്തേക്കിറങ്ങുമ്പോൾത്തന്നെ, അദ്ധ്വാനപൂർണ്ണമായ ദിനം ആരംഭിക്കുകയായി. അതിൽ നാം ആനന്ദം

കൊള്ളണം; കാരണം വേല ആനന്ദത്തിന്റെ ഉറവിടമാണ്. നിങ്ങളുടെ ജീവിതത്തിൽ സന്തോഷപ്രദമായ ഘട്ടം ഏതായിരുന്നു? ജോലിയൊന്നുമില്ലാതെ ദിവാസ്വപ്നം കണ്ടു വെറുതെ ഇരുന്ന അവസരമോ, ഒരു കാര്യം ചെയ്തുതീർക്കണമെന്നു കരുതി ചുണയോടെ പണിയെടുത്തിരുന്ന സമയമോ? തീർച്ചയായിട്ടും ജോലിയിലേർപ്പെട്ടിരുന്ന സമയം തന്നെ. ഒന്നും ചെയ്യാതെ കുത്തിയിരുന്ന സമയം വാസ്തവത്തിൽ നിങ്ങൾക്കുതന്നേയും മററുള്ളവർക്കും നിങ്ങൾ ഒരു ഭാരമായിരുന്നു. സമുദായത്തേയും രാഷ്ട്രത്തേയും സംബന്ധിച്ചും ഇതു വാസ്തവമാണ്. ജനങ്ങൾ തൊഴിലില്ലാതെ അലസമായികഴിഞ്ഞ കാലങ്ങളിലാണു വിപ്ലവങ്ങളും യുദ്ധവും പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതു്. "മടിയാണു മനുജന്റെ മുടിവിന്നു മൂലകാരണം" എന്നു പണ്ടുമുതലുള്ള ചൊല്ലു മറക്കാവതല്ല.

പറുദീസായിലെ പരമാനന്ദത്തിൽപ്പോലും വേലയ്ക്കു് ഒരു വലിയ പങ്കുണ്ടായിരുന്നു എന്നും ഒരിക്കൽ അതു നമ്മുടെ സ്വർഗ്ഗഭാഗ്യത്തിന്റെയും ഒരു ഭാഗമായിരിക്കുമെന്നും പറഞ്ഞാൽ നിങ്ങൾ അത്ഭുതപ്പെട്ടേക്കും. പലരും വിചാരിക്കുന്നതു നമ്മുടെ ആദിമാതാപിതാക്കന്മാർക്കു ഭൌമികപറുദീസായിൽ ഒരു ജോലിയും ഇല്ലായിരുന്നുവെന്നാണ്. ഇതു ശരിയല്ല. മനസ്സുകൊണ്ടും ശരീരംകൊണ്ടും അവർ അദ്ധ്വാനിച്ചിരുന്നു. ഏദൻതോട്ടത്തിൽ കൃഷി ചെയ്യുക, എല്ലാം ക്രമീകരിക്കുക, ജന്തുക്കൾക്കു് അവയുടെ തരവും സ്വഭാവവുമനുസരിച്ചു പേരുകൾ നല്കുക മുതലായ ചുമതലകൾ ദൈവം അവരെയാണ് ഏല്പിച്ചിരുന്നതു്.

സ്വർഗ്ഗസൗഭാഗ്യത്തോടു വേലയെ താരതമ്യപ്പെടുത്തുമ്പോൾ വേലയോടു നമുക്കു കൂടുതൽ ബഹുമാനവും മതിപ്പും ഉണ്ടാകാതിരിക്കുകയില്ല. സ്വർഗ്ഗത്തിലെ ആനന്ദം എന്തിലാണ് അടങ്ങിയിരിക്കുക? ഓരോ കാലത്തു് ഏററവും അഭികാമ്യവും ആനന്ദദായകവുമായി മനുഷ്യനു തോന്നിയതെല്ലാം അതിന്റെ പരിപൂർണ്ണതയിലും പാരമ്യത്തിലും പരലോ

കത്തിൽ ലഭിക്കുമെന്ന് അവൻ വിശ്വസിച്ചുപോന്നു. ജീവിതത്തിൽ വിശ്രമം എന്താണെന്ന് അറിഞ്ഞിട്ടില്ലാത്തവനു സ്വർഗ്ഗം ഒരു നിത്യവിശ്രമസ്ഥലമാണ്. വയറുനിറയെ ഒരു നേരത്തെ ആഹാരത്തിനു കൊതിച്ചുകഴിയുന്നവനു വിഭവസമൃദ്ധമായ ഒരു സദ്യയ്ക്കു മുടക്കംവരാത്ത സ്ഥലമാണതു്. നാമും കൊച്ചുന്നാളിൽ മധുരപലഹാരങ്ങൾ നിരത്തിവച്ച ഒരു വലിയ മേശയായും ആശിക്കുന്നതൊക്കെ ലഭിക്കുന്ന ഒരു അത്ഭുതമന്ദിരമായും സകലവിധ കളിക്കോപ്പുകളുമുള്ള ഒരു വിനോദരംഗമായും സ്വർഗ്ഗത്തെ ഭാവനയിൽ കണ്ടിട്ടില്ലേ?

"സ്വർഗ്ഗം എന്താണ്?" എന്ന ചോദ്യത്തിന് ഏതാനും യുവതികൾ നല്കിയ ഉത്തരം ഇതാണ്: "എല്ലാ ഭൗമികദുഃഖങ്ങളും നീങ്ങി, പ്രേമപാരമ്യത്തിൽ ആനന്ദിക്കുന്നവരുടെ സമൂഹമാണു സ്വർഗ്ഗം." മക്കളും മക്കളുടെ മക്കളുംഉള്ള ഒരു വല്യമ്മ ആശിച്ചു, സ്വർഗ്ഗത്തിൽചെല്ലുമ്പോൾ ജോലിത്തിരക്കൊന്നുമില്ലാതെ, സ്വൈരമായിരുന്നു ഒരു പാത്രം കാപ്പികുടിക്കുവാൻ സൗകര്യം ലഭിക്കുമെന്ന്.

ഇപ്പറഞ്ഞവയും ഇതുപോലുള്ള മററു ചിത്രീകരണങ്ങളും സ്വർഗ്ഗസൗഭാഗ്യത്തിൻെറ വെറും നിഴലുകൾമാത്രമാണ്. സ്വർഗ്ഗീയാനന്ദത്തിൻെറ സാരാംശം അടങ്ങിയിരിക്കുന്നതു് ദൈവത്തെ നേരിട്ടു കാണുക എന്നതിലാണ്. അവിടെ അതുല്യവും അത്ഭുതകരവുമായവിധത്തിൽ ദൈവികജീവിതത്തിൽ നാം ഭാഗഭാക്കുകളാകും. ആ ജീവിതമാകട്ടെ അറിവും സ്നേഹവുമാണ്; അതു പ്രവർത്തനനിരതവുമത്രേ.

വേല ആനന്ദത്തിൻെറ ഉറവിടമാണ്. ദൈവത്തിലും ദൈവത്തോടുകൂടെയും ചെയ്യുമ്പോഴാണു അതു് ഏററം അന്വർത്ഥമാകുന്നതു്. അപ്പോൾ നിങ്ങളുടെ സകല പ്രവൃത്തികൾക്കും നവചൈതന്യം സംസിദ്ധമാകും. ഒരു വ്യക്തിയെന്നനിലയിൽ നിങ്ങളുടെ മഹത്വം പൂർണ്ണതയിലെത്തും. സർവ്വോപരി നിങ്ങൾ ദൈവത്തിങ്കലേക്കു കൂടുതൽ കൂടുതൽ അടുക്കുകയും ചെയ്യും.

# VII

# മനുഷ്യരിൽ ദൈവത്തെ കാണുക

"സഹോദരനെ കാണുന്നവൻ ദൈവത്തെ കാണുന്നു." ആദിമ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന ഒരു ചൊല്ലാണിത്. ഇതിലേ ആശയത്തിനനുസൃതമായി അവർ ജീവിക്കുകയുംചെയ്തിരുന്നു. സഭാപിതാവായ ഒരിജന്റെ പിതാവ് ഉറങ്ങാൻപോകുന്നതിനുമുമ്പു തന്റെ കൊച്ചുമകന്റെ കിടക്കയ്ക്കു സമീപംചെന്നു ഭക്ത്യാദരങ്ങളോടെ അവനെ ചുംബിക്കുക പതിവായിരുന്നു. ആ കൊച്ചുകുഞ്ഞിന്റെ കളങ്കമില്ലാത്ത ഹൃദയത്തിൽ വസിക്കുന്ന ത്രിയേകദൈവത്തെ ആരാധിക്കുവാനാണ് അദ്ദേഹം അപ്രകാരം ചെയ്തിരുന്നത്. അനുദിനവിശുദ്ധനും ഈ വസ്തുത നന്നായിട്ടറിയാം. പ്രസാദവരത്തിലിരിക്കുന്ന ഏതൊരാളുടെയും നിർമ്മലനേത്രങ്ങൾ, ദിവ്യസക്രാരിയുടെ മുമ്പിൽ എരിയുന്ന കെടാവിളക്കുകളുടെ ഓർമ്മയാണ് അദ്ദേഹത്തിൽ വരുത്തുക. അയാളുടെ ആത്മാവിലുള്ള ദിവ്യനാഥന്റെ സാന്നിധ്യമാണ് ആ കണ്ണുകളിൽ കളിയാടുന്ന പ്രകാശത്തിനു കാരണം.

അനുദിനവിശുദ്ധൻ മററുള്ളവരുമായുള്ള എല്ലാ പ്രവർത്തനങ്ങളും പ്രാർത്ഥനയായി പകർത്തുന്ന മാർഗ്ഗം ഇതാണ്. മററുമനുഷ്യരിൽ ദൈവത്തിന്റെ പരിപൂർണ്ണതകളെ അയാൾ കാണുകയും ആദരിക്കുകയും ചെയ്യുന്നു. അഥവാ, പ്രസാദവരത്തിലായിരിക്കുന്ന ആത്മാക്കളിൽ വസിക്കുന്ന പരിശുദ്ധ ത്രിത്വത്തെ അയാൾ ആരാധിക്കുന്നു.

ദൈവം തന്റെ ചില ഗുണവിശേഷങ്ങൾ എല്ലാമനുഷ്യരിലും ഒളിച്ചുവച്ചിട്ടുണ്ട്. മററുള്ളവരെ ആകർഷിക്കുന്നതിനും തന്നെത്തന്നെ അല്പമായിട്ടെങ്കിലും വെളിപ്പെടുത്തുന്നതിനുംവേണ്ടിയാണു തന്റെ പ്രസാദവരത്തിന്റെ പ്രകാ

ശം ഓരോ വ്യക്തിക്കും പ്രദാനംചെയ്തിരിക്കുന്നതു്. അതിവിശ്വസ്തരായ മനുഷ്യർ ദൈവത്തിൻെറ വിശ്വാസ്യതയെ വിളിച്ചറിയിക്കുന്നു. മററുള്ളവരിൽ അവിടുത്തെ ദയയുടേയും ക്ഷമയുടേയും നീതിയുടേയും നിർമ്മലതയുടെയും വിജ്ഞാനത്തിൻേറയും പ്രതിഫലനങ്ങൾ നമുക്കു കാണുവാൻ കഴിയും.

ദൈവത്തിൻെറ പരിപൂർണ്ണതകളിൽ ഏററമധികം പങ്കുപററിയിട്ടുള്ളതു് പരിശുദ്ധ കന്യകാമറിയമാണു്. അവളുടെ ദൈവമാതൃത്വംതന്നെ അതിനു കാരണം. മറിയത്തെ സ്നേഹിക്കുകയും അവൾക്കു തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നവർ ദൈവത്തിങ്കലേക്കു കൂടുതൽ അടുക്കുന്നു. നിത്യജീവനായ ദൈവത്തിൽനിന്നു രക്ഷയുടെ ജീവജലം പുറപ്പെടുത്തുന്ന ദിവ്യസ്രോതസ്സാണു മറിയം. അവളെ അഭയം പ്രാപിക്കുന്നവർ ആ അരുവിയിൽനിന്നു പാനംചെയ്തു തൃപ്തിയടയും. ദൈവമാതാവായ മറിയത്തിൽനിന്നു പ്രവഹിക്കുന്ന പ്രകാശക്കതിരുകളിൽ ഏററം ദീപ്തിയും വെണ്മയുമുള്ളതു് അവളുടെ കരുണാപ്രകർഷത്തിനാണു്. വിശുദ്ധ യോഹന്നാൻ പ്രസ്താവിക്കുന്നതുപോലെ "സ്നേഹംതന്നെയായ ദൈവം തൻെറ കിരീടത്തിലേ ഏററം മനോഹരവും അമൂല്യവുമായ രത്നമെടുത്തു് അതിനു മനുഷ്യരൂപം കൊടുത്തതാണു് മറിയം." വിശുദ്ധാത്മാക്കളും തങ്ങളുടേതായ വിവിധ മാർഗ്ഗങ്ങളിലൂടെ ദൈവത്തിൻെറ നന്മയേയും സൗന്ദര്യത്തേയും മഹിമാവിനേയും പ്രതിഫലിപ്പിക്കുന്നുണ്ടു്.

ഒരിക്കൽ, ദിവ്യരക്ഷകൻ സ്വർഗ്ഗീയപിതാവിനെപ്പററി തൻെറ വത്സല ശിഷ്യന്മാരോടു പ്രസംഗിക്കുകയായിരുന്നു. സ്നേഹധനനായ ആ പിതാവിനെ കാണുവാൻ അവർക്കു് അത്യധികമായ ആഗ്രഹം ഉണ്ടായി. "ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരിക," ഫിലിപ്പ് അവരുടെ ആഗ്രഹത്തിനു രൂപം നല്കി. ദിവ്യനാഥൻ പ്രതിവചിച്ചു: "എന്നെക്കാണുന്നവൻ പിതാവിനേയും കാണുന്നു." സ്വർഗ്ഗസ്ഥനായ ദൈവ

ത്തിന്റെ പരിപൂർണ്ണ പ്രതിഛായയാണു ദൈവവും മനുഷ്യനുമായ ക്രിസ്തു. പുരുഷന്മാർ ക്രിസ്തുനാഥന്റേയും സ്ത്രീകൾ മറിയത്തിന്റേയും ജീവിക്കുന്ന പ്രതിഛായകളായിരുന്നെങ്കിൽ! ഈ ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തി വിശുദ്ധിയുടെ പൂർണ്ണമായ ഒരു ജീവിതസൗധം പണിതുയർത്തുവാൻ നമുക്കു കഴിയും. വിശ്വാസത്തിന്റെ വെള്ളിവെളിച്ചത്തിലൂടെ ജീവിതത്തെ വീക്ഷിക്കുവാൻ നമ്മുടെ കണ്ണുകൾക്കു കഴിവുണ്ടാകണം. അപ്പോൾ നമ്മുടെ സഹജീവികളിൽ ദൈവത്തിന്റെ പ്രതിരൂപങ്ങൾ നാം ദർശിക്കും. അതിലേക്ക് അല്പം കുറെയേറെ നാം പരിശ്രമിക്കേണ്ടി വന്നേക്കും. എങ്കിലും, നിസ്സാരങ്ങളും അനാകർഷകങ്ങളുമായ കാട്ടുപൂക്കളിൽപ്പോലും തേനീച്ചകൾ മധു കണ്ടെത്തുന്നതുപോലെ അനുദിനവിശുദ്ധൻ, എല്ലാമനുഷ്യരിലും ദൈവത്തെ ദർശിക്കുന്നു. മററു മനുഷ്യർ അപകൃഷ്ടനും ദുഷ്ടനുമെന്നു വിധിയെഴുതിത്തള്ളിയവനിൽപ്പോലും അദ്ദേഹം ദൈവപരിപൂർണ്ണതകളുടെ അല്പാംശമെങ്കിലും കാണാതിരിക്കയില്ല. അതിനെ അനുദിനവിശുദ്ധൻ ആദരിക്കുകയും പുകഴ്ത്തുകയും അതുവഴി ദൈവത്തെത്തന്നെ സ്തുതിക്കുകയും ചെയ്യുന്നു. ഇതു ദൈവത്തിനു് അതിമാത്രം പ്രീതികരമായ ഒരു പ്രാർത്ഥനയല്ലയോ?

ദിവ്യനാഥന്റെ ജീവിതത്തെ സംബന്ധിച്ച ഒരിതിഹാസകഥ പറയാം. ക്രിസ്തുനാഥനും ശിഷ്യന്മാരും കടലോരത്തുകൂടി ഗലീലിയിലേക്കു പോകവേ വഴിയരുകിൽ ഒരു പട്ടി ചത്തു കിടക്കുന്നു. അതിനുചുററും കുറെ ആളുകളും കൂടി നിൽക്കുന്നുണ്ടു്. ആ നായെക്കുറിച്ചു് അവർ ഓരോ 'റിമാർക്കു'കൾ പാസാക്കി. അതൊരു "തെണ്ടിപ്പട്ടിയായിരുന്നു." "വീട്ടിൽ വല്ലവരും വന്നു കയറിയാൽ ഒന്നു കുരക്കുകപോലുമില്ല". "വയറുനിറയെ വല്ലതും കിട്ടിയാൽ കിടന്നുറങ്ങിക്കൊള്ളും അത്രതന്നെ. അതു ചത്തതു നന്നായി". ശിഷ്യന്മാരും വെറുതെ നിന്നില്ല. അവരും ചില കുററങ്ങൾ പറഞ്ഞു. യാ

ത തുടരുവാൻ ഭാവിച്ചുകൊണ്ടു ക്രിസ്തുനാഥൻ പറഞ്ഞു: "നോക്കുക! അതിൻെറ പല്ലുകൾക്ക് ഒരു പ്രത്യേകഭംഗിയുണ്ട്." ഒരു നല്ല അഭിപ്രായം പറഞ്ഞതു് അവിടുന്നുമാത്രമാണ്. ആരും കാണാതിരുന്ന ആ കാര്യം അവിടുന്നേ കണ്ടുള്ളു.

പ്രസാദവരത്തിൽ ജീവിക്കുന്ന ആത്മാക്കൾ പരിശുദ്ധത്രിത്വത്തിൻെറ ആലയങ്ങളാണ്. ജീവനുള്ള ദൈവം അവയിൽ വാസംചെയ്യുന്നു. "ഇതു ഭക്തന്മാരുടെ അതിശയോക്തിയാണ്. അതിനെ അക്ഷരാർത്ഥത്തിൽ എടുത്തുകൂടാ." എന്നൊക്കെ നിങ്ങൾ പറയുമായിരിക്കും. എന്നാൽ, വരപ്രസാദത്തിൽ സ്ഥിതിചെയ്യുന്ന ആത്മാക്കളിൽ ദൈവം വസിക്കുന്നു എന്നതു കത്തോലിക്കാസഭയുടെ പ്രബോധനമാണ്. മാമ്മോദീസാ സ്വീകരിക്കുമ്പോൾ നാം ദൈവത്തിൻെറ ദത്തുപുത്രർമാത്രമല്ല, അവിടുത്തെ ദൈവികജീവനിൽ പങ്കുകാരും ആയിത്തീരുന്നു. ഇതു ദൈവത്തിനുമാത്രം നല്കാൻ കഴിയുന്ന ഒരു വരമാണ്. ഈലോകത്തിലെ വളർത്തുപിതാവിനോ വളർത്തുമാതാവിനോ ഇതു സാദ്ധ്യമല്ല. ദൈവികജീവനിലുള്ള ഈ ഭാഗഭാഗിത്വംവഴി സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൻെറ ജീവനുള്ള പ്രതിഛായ ആയിത്തീരുന്നു. സ്വാഭാവികക്രമത്തിൽ ദത്തുപുത്രർക്ക് ഇതു ലഭിക്കുകയില്ല. രക്തത്തിലും മററു നൈസർഗ്ഗികവാസനകളിലും അവർ വളർത്തുപിതാവിൽനിന്നു വ്യതിരക്തരായിരിക്കും. എന്നാൽ, മാമ്മോദീസാവഴിയുള്ള ദത്തുപുത്രസ്വീകരണത്തിൽ നാം ദൈവസദൃശർ ആയിത്തീരുന്നു. നിത്യമായി ദൈവത്തെ ദർശിക്കുന്നതിനുള്ള അവകാശം അതുവഴി നമുക്കു കൈവരുകയും ചെയ്യും. ജ്ഞാനസ്നാനംവഴി പ്രകൃത്യതീതമായ ഒരു സ്ഥിതിവിശേഷംതന്നെ നമുക്കു ലഭിക്കുന്നുണ്ടു്; അതാണു വിശുദ്ധീകരവരപ്രസാദം. പരിശുദ്ധ ത്രിത്വം നമ്മെ തന്നോടു ബന്ധിക്കുന്ന സുവർണ്ണശൃംഖലയാണ

ത്തു്. ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുന്ന അത്ഭുത ശക്തിയും അതുതന്നെ.

മനുഷ്യരിൽ ദൈവത്തെ കാണുക എങ്ങനെയെന്നു് ഇപ്പോഠം വിശദമല്ലേ? സഹജീവികളുമായുള്ള സഹവാസവും സമ്പർക്കവും പ്രാൎത്ഥനയായി രൂപാന്തരപ്പെടുത്തുന്നതിനു വിശുദ്ധർ ഉപയോഗിച്ചിരുന്ന മാൎഗ്ഗവും മററൊന്നല്ല. ഇതരരോടു സംസാരിക്കുകയോ, അവർക്കു സേവനം അനുഷ്ഠിക്കുകയോ അവരെ നിസ്സ്വാർത്ഥമായി സ്നേഹിക്കുകയോ ചെയ്യുമ്പോഠം അവരിൽ വസിക്കുന്ന ദൈവത്തെത്തന്നെയാണു അവർ കാണുക. അപ്പോഠം മററുള്ളവരോടുള്ള നമ്മുടെ സ്നേഹം ദൈവത്തോടുള്ള സ്നേഹമായിത്തീരും; അവരോടുള്ള നമ്മുടെ സംസാരം സ്നേഹനിധിയായ ദൈവത്തോടുള്ള സംഭാഷണമായി മാറും. നമ്മുടെ സഹോദരർക്കു ചെയ്യുന്ന സേവനം സർവശക്തനുതന്നെ ചെയ്യുന്ന സേവനമാവുകയും ചെയ്യും.

സകല മനുഷ്യരേയും ബഹുമാനിക്കുവാൻ അനുദിന വിശുദ്ധനെ പ്രേരിപ്പിക്കുന്നതു് ഈ വസ്തുതയാണു്. അസാധാരണമായ ഒരു സവിശേഷത, ഒരു ശ്രേഷ്ഠത, ഒരാകർഷകത്വം അദ്ദേഹത്തിനുണ്ടു്. അന്യരുടെ അഭിപ്രായത്തോടു വിയോജിക്കേണ്ടിവരികയോ അവരെ കുററപ്പെടുത്തേണ്ടിവരികയോ ചെയ്യുമ്പോഴും ആദരപൂൎവ്വം, അല്പംപോലും അതൃപ്തിക്കു് അവസരം കൊടുക്കാതെ ആ കൃത്യം നിൎവ്വഹിക്കുവാൻ അദ്ദേഹത്തിനു കഴിയും. ദൈവവുമായി അടുത്ത ബന്ധം പുലൎത്തുന്നവൎക്കു മററുള്ളവരേയും അങ്ങിലേക്കു് ആകർഷിക്കുക എളുപ്പമാണു്.

ദൈവവുമായി ഗാഢമായ ഐക്യത്തിൽ വൎത്തിക്കുന്ന അനുദിനവിശുദ്ധൻ, താൻ അറിയാതെതന്നെ തീക്ഷ്ണതയുററ ഒരു അപ്പസ്തോലനായി മാറുന്നു. ഒരൊച്ചപ്പാടും കൂടാതെ ആരുടെയും ശ്രദ്ധയിൽപ്പെടാതെ ആ ജീവിതം അവസാനിക്കുകയും ചെയ്യുന്നു. അപ്രകാരം എന്നേക്കുമായി മറഞ്ഞ

തിനുശേഷമായിരിക്കും അതിന്റെ യഥാർത്ഥ വില ലോകം ഗ്രഹിക്കുക.

## VIII

## അല്പം ഒരു നിറുത്ത് ഉന്മേഷകരം

നാഴികമണിയുടെ പെൻഡുലം നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. രാവും പകലും ഇളവില്ലാതെ അത് ആടിക്കൊണ്ടിരിക്കുന്നു. എന്നാൽ, അത് ആടി ഒരററത്തു ചെന്നതിനുശേഷം മറുവശത്തേക്കു ചലിച്ചുതുടങ്ങുന്നതിനുമുമ്പ് അല്പം ഒന്നു നില്ക്കുന്നുണ്ട്; എളുപ്പത്തിൽ മനസ്സിലാക്കാൻ പററാത്ത വിധം അത്ര കുറച്ചുസമയത്തേക്കുമാത്രം. പെൻഡുലത്തിന്റെ തണ്ടിനു നീളം കൂടുതലുണ്ടെങ്കിൽ ആ നിറുത്തു കുറെക്കൂടെ വ്യക്തമായി കാണാൻ കഴിയും. അതിന്റെ ഈ നിശ്ചലാവസ്ഥ എതിർവശത്തേക്കുള്ള ചലനത്തിനു ശക്തി നല്കുന്നു. ഇതുപോലെ ആദ്ധ്യാത്മികജീവിതത്തിലും അല്പം ഒരു വിശ്രമം, ഒരു നിറുത്തൽ പുതിയ ഒരുണർവും ഉത്സാഹവും പ്രദാനം ചെയ്യുന്നു. ആത്മാവിനെസ്സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള വിശ്രമങ്ങളാണു പ്രാർത്ഥനാസമയങ്ങൾ.

തെററിദ്ധരിക്കരുത്. മടിയും അലസജീവിതവും ശരിവക്കുകയല്ല, ഇപ്പറഞ്ഞതിന്റെ പൊരുൾ. നേരെമറിച്ച്, ഇപ്പോഴത്തേക്കാൾ ബുദ്ധിമുട്ടി നാം പണിയെടുത്തേ പററൂ. പിശാചു പത്തുപേരുടെ പണിയെടുക്കുമ്പോൾ അതിനെതിരേ ഒരു നൂറുപേരുടെ ശക്തി നാം പ്രയോഗിക്കണം. അതേസമയം, ദൈവത്തിലും ദൈവത്തോടു ചേർന്നുകൊണ്ടും പ്രവർത്തിച്ചെങ്കിലേ നാം വിജയിക്കൂ എന്ന കാര്യം മറക്കുകയുമരുത്. പരിചയസമ്പന്നരായ പർവതാരോഹകരുടെ പദ്ധതി ഇക്കാര്യത്തിൽ അനുകരണാർഹമാണ്. 'ഒററ ശ്വാസ'ത്തി

ന്നു മുകളിലെത്താൻ ശ്രമിക്കാതെ കുറച്ചിടകയറിയിട്ട് അവർ അല്പം ഒന്നു വിശ്രമിക്കും—സമയം കളയാനല്ല, ലക്ഷ്യപ്രാപ്തി കൂടുതൽ സുകരവും സുനിശ്ചിതവുമാക്കുവാൻ. തങ്ങൾ കടന്നുപോന്ന പർവ്വതപ്രദേശങ്ങളിൽ നേരിടേണ്ടിവന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതോടൊപ്പം നഷ്ടപ്പെട്ട ശക്തിയും ഉത്സാഹവും വീണ്ടെടുത്ത് അവർ വീണ്ടും ലക്ഷ്യത്തിലേക്കു കുതിക്കുന്നു. അങ്ങനെ അവസാനം അവർ വിജയം വരിക്കുകയും ചെയ്യുന്നു.

നമ്മുടെ അനുദിനജീവിതത്തിലും ഇതുപോലെവേണം പ്രവർത്തിക്കുവാൻ. എത്രയും കുറച്ചു ജോലി ചെയ്യുക എന്ന വിചാരമല്ല, മറിച്ച്, എത്രയും കൂടുതൽ ജോലി ചെയ്യുവാൻ ശക്തി സംഭരിക്കുക എന്നതായിരിക്കണം നമ്മെ വിശ്രമിക്കുവാൻ പ്രേരിപ്പിക്കുന്നത്. ത്രികാലജപത്തിനുള്ള മണിനാദം അല്പം ഒരു നിറുത്തലിനുള്ള സമയമാണ്. കൈകളുടേതെന്നതിനെക്കാൾ ആത്മാവിന്റെ വിശ്രമമാണു പ്രധാനം. ജോലിക്ക് ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു പോകുമ്പോൾ, നാഴികമണി അടിക്കുമ്പോൾ, ഉച്ചഭക്ഷണത്തിനിരിക്കുമ്പോൾ, വൈകുന്നേരം വീട്ടിലേക്കു മടങ്ങുമ്പോൾ—ഇവയെല്ലാം ആത്മാവിന്റെ വിശ്രമസമയങ്ങളാണ്. വടക്കുനോക്കിയന്ത്രത്തിലെ കാന്തസൂചി എപ്പോഴും ഉത്തരധ്രുവത്തെ ചൂണ്ടിനില്ക്കുന്നതുപോലെ നമ്മുടെ ആത്മാക്കളും ദൈവത്തെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഇതുപോലുള്ള വിശ്രമാവസരങ്ങളിലാണ് ആത്മാവ് ദൈവസന്നിധിയിലേക്കു പറന്നുയരുകയും ഒരു പക്ഷി അതിന്റെ കൂട്ടിലെന്നപോലെ സന്തോഷവും സമാധാനവും അനുഭവിക്കുകയും ചെയ്യുക. "ദൈവത്തിൽ വിശ്രമിക്കുന്നതുവരെ നമ്മുടെ ആത്മാക്കൾ അസ്വസ്ഥങ്ങളായിരിക്കും."

ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ വളരെവേഗം വേലയുടെ വെറും അടിമയും ദാസനുമായി പരിണമിക്കും. നിത്യതയത്തിലേക്ക അതിൻെറ വില ഇടിഞ്ഞുപോവുകമാത്രമല്ല മററുള്ളവരുടെ ആത്മാക്കൾക്ക് അതു നിരുപയോഗമാവുകയും ചെയ്യും.

പ്രേഷിതപ്രവത്തനങ്ങളിൽ മുഴവൻസമയവും മുഴകിയിരുന്ന ഒരു മിഷനറിവൈദികൻെറ കഥ പ്രകൃതത്തിൽ സ്മരണീയമാണ്. അദ്ദേഹം മരിച്ചു ആത്മാവു നിത്യവിധിയാളൻെറ മുമ്പിൽ ആനയിക്കപ്പെട്ടു. ദിവ്യന്യായാധിപൻെറ മുഖം ഗൗരവംപൂണ്ടിരുന്നു. ആ ആത്മാവിനെ അറിയുന്ന ഭാവംപോലും ആ മുഖത്തു കണ്ടില്ല. ദൈവരാജ്യത്തിനുവേണ്ടി രാപകൽ പാടുപെട്ടു പണിയെടുത്തിരുന്ന ആ മിഷനറിക്കു ന്യായാധിപൻെറ ഈ നിലപാട് അത്ഭുതമുളവാക്കി. "നിൻെറ സൽപ്രവൃത്തികളുടെ കണക്കു കേൾക്കട്ടെ" എന്നു വിധിയാളൻ കല്പിച്ചു. അല്പം അഭിമാനത്തോടുകൂടി അദ്ദേഹം പറഞ്ഞു തുടങ്ങി: "കുട്ടികളുടെ മതബോധനത്തിൽ ഞാൻ വളരെ അധികം ശ്രദ്ധിച്ചിരുന്നു. ഭക്തസംഘടനകൾ രൂപീകരിച്ച് അധ്യയനക്ലാസ്സുകൾ നടത്തി. കത്തോലിക്കപ്രവർത്തനങ്ങളിൽ പരിശീലനം നല്കി. ഭവനരഹിതരേയും പാവപ്പെട്ടവരേയും സഹായിക്കുന്നതിനു വിശ്രമമില്ലാതെ പരിശ്രമിച്ചിട്ടുണ്ട്. അഗതികളെയും അനാഗതരേയും സംരക്ഷിക്കുവാൻ പണക്കാരുടെ വീടുകൾതോറും പിച്ചപ്പാത്രവുമായി ഞാൻ കയറിയിറങ്ങി." ഇവയൊന്നും വിധികർത്താവിൻെറ രൂക്ഷഭാവത്തിനു മാററം വരുത്തിയില്ല. "ഊണും ഉറക്കവുമുപേക്ഷിച്ചുപോലും ധ്യാനങ്ങൾ പ്രസംഗിച്ചു; സമ്മേളനങ്ങളിൽ സംബന്ധിച്ചു; എല്ലാവർക്കും സേവനമനുഷ്ഠിച്ചു." ഇത്രയുമായപ്പോൾ ന്യായാധിപൻ ഇടക്കു കയറി പറഞ്ഞു. "നീ പറയുന്നതൊക്കെ ശരിയാണ്. എന്നാൽ, ഞാൻ, നിന്നെ സന്ദർശിക്കുവാൻ, നിന്നോടു സംസാരിക്കുവാൻ നിൻെറ

ഹൃദയവാതില്ക്കൽ വന്നു മുട്ടിയപ്പോഴൊന്നും നീ അവിടെ ഉണ്ടായിരുന്നില്ല."

ഏതായാലും ദൈവം ആ ആത്മാവിനെ ശിക്ഷിച്ചതായി കഥയിൽ പറയുന്നില്ല; ശിക്ഷിച്ചിരിക്കാനിടയില്ലതാനും. ഇതിൽനിന്നു നാം പഠിക്കേണ്ട പാഠമിതാണ്: ആ വൈദികൻ ദൈവത്തിനുവേണ്ടി വളരെ ബുദ്ധിമുട്ടി പണിയെടുത്തു. തിരക്കുപിടിച്ച പ്രവർത്തനങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ. അതിനിടയ്ക്കു പ്രധാനമായ ഒരു കാര്യം ആ പ്രേഷിതൻ മറന്നുപോയി— ദൈവവുമായി ഗാഢമായ ഐക്യം പുലർത്തുവാൻ; കൂടെക്കൂടെ ആത്മനാ അവിടുത്തോടു സംസാരിക്കുവാൻ. തന്നിമിത്തം, ആ പ്രവൃത്തികളുടെ യോഗ്യത വളരെ കുറഞ്ഞുപോയി. അതിനാലാണ്, ദിവ്യന്യായാധിപൻ ആ ആത്മാവിനെ കുററപ്പെടുത്തിയത്. ഓ! എത്ര പ്രാവശ്യം ദിവ്യനാഥൻ നമ്മുടെ ഹൃദയകവാടത്തിങ്കൽ മുട്ടിവിളിക്കുന്നു! അങ്ങയെ നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിച്ചു നാം സൽക്കരിക്കണം. ഇടയ്ക്കിടെക്ക് മററു വിചാരങ്ങളെ മാററിനിർത്തി, അല്പസമയത്തേയ്ക്കെങ്കിലും ദൈവത്തെക്കുറിച്ചുമാത്രം ശ്രദ്ധിക്കുവാൻ ഉത്സാഹിക്കണം. ഈ പതിവു നമ്മുടെ അനുദിനജീവിതത്തിന്റെ ഒരു ഭാഗമായിത്തീരണം. അപ്പോൾ നമ്മുടെ പ്രവൃത്തികൾ പതിന്മടങ്ങു ഫലം പുറപ്പെടുത്തുകയും സ്വർഗ്ഗത്തിൽ കൂടുതൽ സമ്മാനാർഹങ്ങളായിത്തീരുകയുംചെയ്യും.

അനുദിനകൃത്യങ്ങൾക്കു വിഘ്നമാവാതെതന്നെ പള്ളിയിൽപോയി ഏതാനും മിനിട്ടുകൾ സ്നേഹനാഥനുമായി സംഭാഷിക്കുവാൻ, അല്പം ത്യാഗം സഹിച്ചാൽ, ചിലർക്കെങ്കിലും സാധിച്ചേക്കും. ഒരു സദ്ഗ്രന്ഥത്തിൽനിന്നു കുറെ ഭാഗങ്ങൾ വായിക്കുവാനോ ജപമാലയുടെ ഏതാനും രഹസ്യങ്ങളെങ്കിലുമോ ചൊല്ലുവാനോ കഴിയാത്തവർ ആരും കാണുകയില്ല.

കഴിവുള്ളതു ചെയ്യുക. അതിനായി വിനിയോഗിച്ച സമയം ശരിയായി ചെലവഴിച്ചു എന്നു നിങ്ങൾക്കു ബോധപ്പെടും.

വിശുദ്ധിയുടെ വെൺമയേറിയ കൊടുമുടിയെ ലക്ഷ്യമാക്കി മുന്നേറിക്കൊണ്ടിരിക്കുന്ന അനുദിനവിശുദ്ധൻ ജോലിക്കിടയ്ക്കു ലഭിക്കുന്ന ചെറിയ വിശ്രമസമയങ്ങൾ തീക്ഷ്ണമായ സ്നേഹപ്രകരണങ്ങൾക്കായി ചെലവഴിക്കുന്നു. അങ്ങനെ അനുദിനകൃത്യങ്ങൾ തീവ്രമായ സ്നേഹത്തിൻെറ പ്രവൃത്തികളായി പരിണമിക്കുന്നു. അതുതന്നെയാണ് അനുദിനവിശുദ്ധിയുടെ രഹസ്യം.

സ്നേഹത്തെ വീരോചിതമായ ത്യാഗത്തിലേക്കു നയിക്കുന്ന ഒരു മാർഗ്ഗമുണ്ട്. അതു വളരെ ഫലപ്രദമെങ്കിലും ശ്രേഷ്ഠരും ഉദാരമതികളുമായ ആത്മാക്കളിലേ അതു ഫലമണിയൂ. കാരണം, അവർ മാത്രമാണു തീവ്രതയോടെ അതിനായി അഭിലഷിക്കുക. എല്ലാ സംഭവവികാസങ്ങളും ദൈവത്തിനു നമ്മുടെനേർക്കുള്ള സ്നേഹത്തിൻെറ പ്രസ്പഷ്ടസ്ഫുരണങ്ങളായി കണക്കാക്കുകയും ആ വത്സലപിതാവിനു ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്യുക—ചുരുക്കത്തിൽ ഇതാണു ഞാനുദ്ദേശിക്കുന്ന മാർഗ്ഗം. ദൈവം തന്നെ എത്രയധികം സ്നേഹിക്കുന്നു എന്നും ആ ദിവ്യസ്നേഹത്തിൻെറ വെൺമഞ്ഞു ദുഃഖദുരിതങ്ങളിൽ തനിക്ക് എത്രമാത്രം തണുപ്പും ആശ്വാസവും നല്കിയെന്നും മേല്പറഞ്ഞ വിശ്രമവേളകളിൽ അനുദിനവിശുദ്ധൻ ധ്യാനിക്കുന്നു; സ്നേഹം വഴിയുന്ന ഹൃദയത്തോടെ അവിടുത്തേക്കു കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യുന്നു. കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സ്വർഗ്ഗീയപിതാവിൻെറ സ്നേഹാശംസകളാണെന്നും അവിടുന്ന് അധികം സ്നേഹിക്കുന്നവർക്കുമാത്രം നല്കുന്ന വിലപ്പെട്ട സമ്മാനങ്ങളാണവയെന്നും അനുദിനവിശുദ്ധൻ മനസ്സിലാക്കിയിട്ടുണ്ട്.

സഭാവൈരികൾ വളരെ അധികം വെറുത്തിരുന്ന ഒരു വൈദികശ്രേഷ്ഠനാണ്, ഹെൻറി സൂസോ. പലവിധത്തിൽ അവർ അദ്ദേഹത്തെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഒരിക്കൽ, അദ്ദേഹം തൻെറ സഹപ്രവർത്തകരോടു സങ്കടത്തോടുകൂടി പറഞ്ഞു: "ഒരുമാസത്തോളമായിട്ട് എന്നെ ആരും ഉപദ്രവിക്കുന്നില്ല. എന്നെ ആരും അക്ഷേപിക്കുന്നുപോലുമില്ല. അതിനാൽ, ദൈവം എന്നെ ഉപേക്ഷിച്ചുകളഞ്ഞോ എന്നു ഞാൻ ഭയപ്പെടുന്നു." ഈ സമയത്ത് ഒരു സന്യാസിസഹോദരൻ ഓടിവന്ന്, ശത്രുക്കൾ അദ്ദേഹത്തെ വധിക്കുവാൻ അന്വേഷിച്ചുനടക്കുന്നു എന്നും ഉടൻ ഓടി രക്ഷപെടണമെന്നും അപേക്ഷിച്ചു. ഇതു കേട്ടയുടൻ സന്തോഷസമേതം അദ്ദേഹം വിളിച്ചുപറഞ്ഞു: "ദൈവം സ്തുതിക്കപ്പെടട്ടെ. അവിടുന്ന് എന്നെ മറന്നിട്ടില്ല. നിങ്ങൾ എന്നോടൊത്തു സന്തോഷിക്കുവിൻ."

ജീവിതത്തിൻെറ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിൻെറ അന്തമററ കരുണയെ കാണുകയും അതിനെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുകയാണ് അനുദിന വിശുദ്ധൻ അത്യധികം ഇഷ്ടപ്പെടുന്ന വേറൊരു കൃത്യം. നിങ്ങൾക്കും ഒന്നു പരീക്ഷിച്ചുനോക്കരുതോ? പല കാര്യങ്ങളിലും ദൈവം വഹിക്കുന്ന പങ്കിനെക്കുറിച്ചു നാം ഗൗനിക്കാറില്ല; അതിനായി അവിടുത്തോടു നന്ദി പറയാറുമില്ല. നിങ്ങൾക്കു ദിവസവും ജോലിക്കുപോകുവാൻ സാധിക്കുന്നതുതന്നെ ദൈവാനുഗ്രഹത്താലാണെന്ന് ഒരിക്കലെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇന്ന് ആരോഗ്യവാനായി ഉറക്കത്തിൽ നിന്നുണരുവാൻ സാധിച്ചതു ദൈവത്തിൻെറ സ്നേഹത്തിനു തെളിവല്ലേ? എത്ര ആളുകൾ ഉണർന്നപ്പോൾ രോഗികളായി കാണപ്പെട്ടു! ഇന്നത്തെ പ്രഭാതത്തിൻെറ പ്രകാശം കാണുവാൻ കഴിയാതെ കടന്നുപോയവർ എത്ര പേരുണ്ട്! അരോഗദൃഢങ്ങളായ നിങ്ങളുടെ കൈകാലുകൾ, നിങ്ങളുടെ നേർ

ക്കുള്ള ദൈവത്തിന്റെ പ്രത്യേക പ്രീതിയെ അല്ലേ കാണിക്കുക! അന്ധരും ഊമരും ചെകിടരുമായി എത്ര എത്ര ആളുകളെ നാം കണ്ടിട്ടുണ്ടു്! സുബുദ്ധി നഷ്ടപ്പെട്ട നിർഭാഗ്യർ നിരവധിയല്ലേ! നിങ്ങൾ ഇത്തരക്കാരിലൊന്നും ആകാതിരുന്നതു് പിതാവായ ദൈവത്തിന്റെ സ്നേഹംനിമിത്തമല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണു്? ഇന്നു നിങ്ങൾ സംബന്ധിച്ച വിശുദ്ധബലി, നടത്തിയ ദിവ്യകാരുണ്യസ്വീകരണം, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന കത്തോലിക്കവിശ്വാസം ഇവയൊക്കെ ദൈവദാനങ്ങളാണു്. ബാഹ്യലോകത്തിൽനിന്നു വെട്ടിമുറിക്കപ്പെട്ടു്, കമ്മ്യൂണിസ്റ്റു് ഇരുമ്പുമറയ്ക്കുള്ളിൽ നരകയാതന അനുഭവിക്കുന്ന ലക്ഷക്കണക്കിനു വിശ്വാസികളും ഇനിയും സത്യവിശ്വാസത്തിന്റെ നിത്യപ്രകാശം ദർശിച്ചിട്ടില്ലാത്ത ജനപദങ്ങളും നിങ്ങളുടെ മഹാഭാഗ്യത്തെ വിളിച്ചറിയിക്കുന്നു. ഈ പറഞ്ഞ പരമാർത്ഥങ്ങളുടെ പകൽവെളിച്ചത്തിൽ ചുററുപാടുകളെ നോക്കിക്കാണുമ്പോൾ, ദൈവം എത്ര വലിയ കരുണയാണു നമ്മോടു കാണിച്ചിരിക്കുന്നതെന്നും, എന്നാൽ, അവയ്ക്കു് എത്ര കുറച്ചുമാത്രം പ്രതിനന്ദിയാണു നാം പ്രദർശിപ്പിക്കുന്നതെന്നും നമുക്കു ബോധപ്പെടും. ഈ ബോധത്തിന്റെ അഭാവമാണു നമ്മുടെ സ്നേഹം ജീവനില്ലാത്തതും മഞ്ഞുപോലെ മരവിച്ചതുമായിരിക്കുവാൻ കാരണം.

• പകലത്തെ പണി കഴിഞ്ഞുവരുമ്പോൾ വിശ്രമിക്കുവാൻ പാവപ്പെട്ടതാണെങ്കിലും ഒരു കൊച്ചു വീടു നിങ്ങൾക്കുണ്ടു്. എന്നാൽ, സ്വന്തം പാർപ്പിടമില്ലാത്തവർ എത്ര വളരെയാണു്! വീട്ടിൽ നിങ്ങളുടെ പ്രിയപ്പെട്ടവർ ത്യാഗത്തിന്റെ വിളക്കിൽ സ്നേഹത്തിന്റെ എണ്ണയും പകർന്നു നിങ്ങളെ കാത്തിരിക്കുന്നു. വിശന്നുവരുന്ന നിങ്ങൾക്കു ചൂടുള്ള ഭക്ഷണം അവർ ഒരുക്കിവച്ചിരിക്കുന്നു. അതേസമയം പഞ്ഞവും പട്ടിണിയുംകൊണ്ടു കഷ്ടപ്പെടുന്ന പാവപ്പെട്ടവർ എത്ര അസംഖ്യം! സ്നേഹനിധിയായ സ്വർഗ്ഗീയപിതാവിനു നിങ്ങ

ളോടുള്ള സ്നേഹപ്രകർഷം ഒന്നുമാത്രമാണ് ഇവയിലെല്ലാം തെളിഞ്ഞു കാണുന്നത്. ഇവയൊന്നും നിങ്ങൾക്ക് അവകാശപ്പെട്ടതോ നിങ്ങൾ അർഹിക്കുന്നതോ അല്ല എന്നതു തീർച്ചതന്നെ.

ഇങ്ങനെ ദൈവത്തിൻെറ അസംഖ്യം അനുഗ്രഹങ്ങളേയും അനന്തമായ സ്നേഹത്തേയും കടൽപോലെ കരകാണാനാവാത്ത കാരുണ്യത്തേയുംകുറിച്ചു ചിന്തിക്കുകയും അവയ്ക്കു സ്നേഹം തുളുമ്പുന്ന ഹൃദയത്തോടെ നന്ദിപറയുകയും ചെയ്യുക മനോഹരവും മനോജ്ഞവുമായ ഒരു പ്രാർത്ഥനയാണ്; ഇതു ദൈവത്തോടുകൂടി ജീവിക്കുകതന്നെയാണ്. എന്നാൽ, ഇതു ചെയ്യുന്നതിനു ശാന്തവും ഏകാന്തവുമായ ഒരന്തരീക്ഷം ആവശ്യകമാണ്. അതിനാണ് ആരംഭത്തിൽ പറഞ്ഞ നവോന്മേഷം പകരുന്ന "അല്പ വിശ്രമങ്ങൾ" നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

## IX

## നിശാസമർപ്പണം

ഏതൊരു കത്തോലിക്കൻെറയും ജീവിതത്തിൽ ആദ്ധ്യാത്മികാനുഭൂതികൾ ഉളവാകുന്ന ചില നിമിഷങ്ങളുണ്ട്. വേറെ ഏതൊരു സമയത്തുമെന്നതിനെക്കാൾ, ആ നിമിഷങ്ങളിൽ തനിച്ചു ദൈവവുമായി കഴിയുന്നതിനുള്ള അതിയായ അഭിവാഞ്ഛ ആത്മാവിന് അനുഭവപ്പെടും. പലർക്കും സായംകാലമാണ് ആ സമയം. ദിവസത്തിൻെറ പ്രാരബ്ധങ്ങളെല്ലാം അവസാനിച്ച്, ചുററുപാടുമുള്ള ലോകത്തിലെ ബഹളങ്ങളും ഒച്ചപ്പാടുകളും ഒട്ടൊന്നൊതുങ്ങി പ്രശാന്തത പരത്തുന്ന സന്ധ്യാസമയം സമീപിക്കുമ്പോൾ, ആശ്വാസദായക

മായ രാത്രി നിങ്ങളെ വലയം ചെയ്യുമ്പോഠം, നീലനിർമ്മല മായ ആകാശത്തിൽ നക്ഷത്രങ്ങഠം ഓരോന്നായി പ്രത്യക്ഷ പ്പെടുമ്പോഠം, അലൗകികമായ ഈ അനുഭവം തീർച്ചയായും നിങ്ങഠംക്കും ഉണ്ടായിട്ടുണ്ടാവണം.

പ്രഭാതസമർപ്പണം, ദൈവവുമായി കാൽമണിക്കൂർനേരത്തെ സംഭാഷണം ഇവകൊണ്ടാണു നിങ്ങഠം ദിവസം ആരംഭിച്ചതെങ്കിൽ, ആ ദിവസത്തേയ്ക്കാവശ്യകമായ ശക്തിയും അനുഗ്രഹവും അഠംത്താരയിൽനിന്നു പ്രാപിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ദിനകൃത്യങ്ങളും മററുള്ളവരുമായുണ്ടായ ഇടപാടുകളും പ്രാത്ഥനയായി മാററുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, ദിവസത്തിൻെറ വിവിധമണിക്കൂറുകളിൽ അല്പസമയത്തേക്കു ജോലിയിൽനിന്നു വിരമിച്ചു നിങ്ങളുടെ വിചാരവികാരങ്ങളെ ദൈവസന്നിധിയിലേക്ക് ഉയർത്തിയിട്ടുണ്ടെങ്കിൽ, ഇവയെല്ലാം ചെയ്തു എന്ന ചിന്ത ആ സായംസന്ധ്യയുടെ മനോഹാരിതയ്ക്കു മാററുകൂട്ടും; നിങ്ങഠംക്കതു് ആശ്വാസം പകർന്നുതരുകയും ചെയ്യും.

ദിവസം ആരംഭിക്കുന്നതിലെന്നതുപോലെ അവസാനിപ്പിക്കുന്നതിലും അനുദിനവിശുദ്ധൻ നിങ്ങഠംക്കു മാതൃകയായിരിക്കട്ടെ. ഏതാണ്ടു പ്രഭാതപ്രാത്ഥനകളുടെ രീതിയിൽത്തന്നെ പ്രദോഷപ്രാത്ഥനകളും അദ്ദേഹം നടത്തുന്നു. ആത്മശോധന, ഏററു പറച്ചിൽ, മരണത്തിനൊരുക്കം, വിടവാങ്ങൽ ഇവയാണു രാത്രി പ്രാത്ഥനയിൽ വേണ്ടതു്. ഇവ ചെയ്യുക നിങ്ങഠം വിചാരിക്കുന്നതിലും വളരെ എളുപ്പമാണ്. ഇപ്പറഞ്ഞ ക്രമത്തിൽത്തന്നെ ഇവ ചെയ്യണമെന്നില്ല. ചില സഹായകനിർദ്ദേശങ്ങഠംമാത്രം താഴെ ചേർക്കുന്നു.

രാത്രിജപങ്ങഠം ഇന്നതെല്ലാമായിരിക്കണമെന്നു നിശ്ചിതമായി പറയുന്നില്ല. നിങ്ങഠം ഇപ്പോഠം ചൊല്ലിവരുന്ന

പ്രാർത്ഥനകൾ ധാരാളംമതി. അതിനു പുറമേ അത്യാവശ്യക മായി ചേർക്കേണ്ട ചില കാര്യങ്ങളാണു മുകളിൽ നിർദ്ദേ ശിച്ചതു്. ദൈവം അന്നു നിങ്ങൾക്കു നല്കിയിട്ടുള്ള നിര വധി അനുഗ്രഹങ്ങൾക്കു ഹൃദയപൂർവ്വം നന്ദിപറയുക; രാത്രി യിൽ പാപത്തിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും സംരക്ഷിച്ചുകൊള്ളണമെന്ന് അപേക്ഷിക്കുക. അതു ശിശു സഹജമായ നിഷ്കപടതയോടും നിഷ്കളങ്കതയോടുംകൂടെ ആയിരിക്കണം. അത്രയേ വേണ്ടൂ.

ഓരോ ദിവസത്തിൻെറ അവസാനത്തിലും അനുദിന വിശുദ്ധൻ ആ ദിവസം ചെയ്ത തെററുകളോക്കെയും കൂട്ട തൽ നന്നായി ചെയ്യാമായിരുന്ന പ്രവൃത്തികളെ മനസ്സിൽ അണിനിരത്തി നാളത്തേക്കു നല്ല തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു. ചിലർ അന്നത്തെ ഓരോ പ്രവൃത്തിയും പ്രത്യേകം പ്രത്യേകം എടുത്തു പരിശോധിച്ചു കുറിച്ചിടുന്നു. ഇത്രയുമാ യാൽ പിന്നെ ഏററുപറച്ചിൽ ആണ്. പാപഭാരത്താൽ തളർന്ന ഹൃദയത്തോടെ നീതിസ്വരൂപനായ ദൈവത്തിനു മുമ്പിൽ മുട്ടുകുത്തി, കുമ്പസാരത്തിൽ വൈദികനോടെന്ന പോലെ, തൻെറ പാപങ്ങളും വീഴ്ചകളും എല്ലാം എളിമയോടു കൂടെ ഏററു പറയുന്നു. അതിൻെറ അവസാനത്തിൽ മനസ്താ പപ്രകരണംചൊല്ലുന്നു. "നല്ലവനായ ഈശോയെ, എൻെറ പൂർണ്ണശക്തിയോടും മുഴുഹൃദയത്തോടുംകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നെ ഉപദ്രവിച്ച എൻെറ പാപങ്ങളെ നി ൻെറ തിരുരക്തത്താൽ കഴുകി, എന്നെ നിർമ്മലനാക്കണ മേ." അതിനുശേഷം കുരിശടയാളംവരച്ചു പാപമോചനം സ്വീകരിക്കുന്നു. തീർച്ചയായും സ്വർഗ്ഗസ്ഥനായ പിതാവ്, അനുതപിക്കുന്ന ആ ഹൃദയത്തിനു പാപപ്പൊറുതി നിഷേധി ക്കുകയില്ല.

ഉഷസ്സിലെന്നപോലെ അന്തിയിലും അനുദിന വിശു

ഞാൻ തന്നെത്തന്നെ സ്വർഗ്ഗീയമാതാവിനു സമർപ്പിക്കുന്നു. അതിന് "എന്റെ രാജ്ഞീ, എന്റെ അമ്മേ..." എന്നു തുടങ്ങി പ്രഭാതസമർപ്പണത്തിൽ കൊടുത്തിരിക്കുന്ന കൊച്ചു പ്രാർത്ഥനതന്നെ മതി.

രാത്രി, പ്രത്യേകിച്ച് ഉറക്കം, മരണത്തെ അനുസ്മരിപ്പിക്കുന്നു. ജീവിതസായാഹ്നത്തിൽ നാമെല്ലാവരും മരിക്കുമെന്നതു തീർച്ചയാണ്. രാത്രി ഉറങ്ങാനായി കിടക്കുമ്പോൾ മരണത്തെക്കുറിച്ചുള്ള ചിന്ത എളുപ്പമാണ്. കിടക്കയിൽ മലർന്നുള്ള കിടപ്പ്, മരിച്ചുകിടക്കുന്നതിന്റെ ഓർമ്മ നിങ്ങളിൽ ഉളവാക്കും. നിങ്ങൾ ഉപയോഗിക്കുന്ന പുതപ്പ് ശവശരീരത്തെ പുതപ്പിക്കുന്ന വെള്ളത്തുണിയാണ്. ഇവയെക്കുറിച്ചൊക്കെ ചിന്തിക്കുക. അതുതന്നെയാണു മരണത്തിനുള്ള ഉത്തമമായ ഒരുക്കം.

ഫ്രഞ്ചുസാഹിത്യകാരനായ ഗ്രാട്രി (Gratry) തന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. പതിനാറുവയസ്സുള്ളപ്പോൾ സ്കൂളിൽ ഒരു പരീക്ഷയിൽ അദ്ദേഹം ഒന്നാം സമ്മാനം കരസ്ഥമാക്കി. അന്നു തുടങ്ങി അദ്ദേഹം ആകാശക്കോട്ടകൾ കെട്ടുവാൻ. ഭാവിയിലെ എല്ലാ പരീക്ഷകളിലും താൻ പ്രശസ്ത വിജയം വരിക്കുന്നതായി ഗ്രാട്രി കണ്ടു. അതിനെപ്പററി അദ്ദേഹത്തിനു യാതൊരു സംശയവുമുണ്ടായിരുന്നില്ല. കാരണം, അസാമാന്യമായ കഴിവുകളും ഉരുക്കുപോലെ ഉറച്ച മനസ്സും അദ്ദേഹത്തിനുണ്ടായിരുന്നു. ഭാവന മുന്നോട്ടു നീങ്ങുകയാണ്. അവസാനത്തെ പരീക്ഷ ഫസ്റ്റ്ക്ലാസിൽ പാസ്സാകുന്നു. അതിനുശേഷം തന്റെ കഴിവുകൾക്കൊത്ത ഉയർന്ന ഉദ്യോഗം വഹിക്കുന്നു. വിശ്വസ്തരായ സുഹൃത്തുക്കൾ ഉണ്ടാകുന്നു. എല്ലാ ആധുനികസജ്ജീകരണങ്ങളോടുകൂടിയ, സ്വന്തമായ ഒരു ഭവനത്തിന്റെ ഉടമസ്ഥനാകുന്നു; സുന്ദരിയും സുശീലയും വിദ്യാസമ്പന്നയുമായ ഒരു യുവതിയെ

ഭാര്യയായി സ്വീകരിക്കുന്നു; അനന്തരം, അയാൾ പിതൃസ്ഥാനത്തേയ്ക്ക് ആരോഹണം ചെയ്യുന്നു; പുത്രീപുത്രന്മാരെ കണ്ട് അദ്ദേഹം ആഹ്ലാദിക്കുന്നു. പിന്നെ! ജീവിതസായാഹ്നം സമീപിക്കുന്നതോടുകൂടി ഇളംതലമുറ അദ്ദേഹത്തിന്റെ സ്ഥാനം കരസ്ഥമാക്കുന്നു. വാർദ്ധക്യത്തിൽ വിശ്രമിക്കുവാൻ അയാൾ അഭിലഷിക്കുന്നു. അവസാനം മരണം വന്നടുക്കുന്നു. തന്റെ മരണക്കിടക്കയ്ക്കു ചുററും വീട്ടുകാരും ബന്ധുക്കളും നിൽക്കുന്നു; നെററിയിൽ വിയർപ്പുതുള്ളികൾ പൊടിക്കുന്നു; സുബോധാവസ്ഥ ഇല്ലാതാകുന്നു; അങ്ങകലെനിന്നെങ്ങോ വരുന്ന അജ്ഞാതശബ്ദംപോലെ തന്റെ പത്നിയുടെയും സന്താനങ്ങളുടെയും ആശ്വാസവചസ്സുകൾ ശ്രവിക്കുന്നു; അന്ത്യലേപനത്തിനു വൈദികൻ അണയുന്നു; മെഴുകുതിരികൾ മങ്ങിമങ്ങി കത്തുന്നു; എല്ലാം എല്ലാം ഓർമ്മയിൽനിന്ന് ഒന്നൊന്നായി മറയുന്നു; പിന്നെ മരണവേദന! എല്ലാം കഴിഞ്ഞു. ആത്മാവു ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെടുന്നു. അതിനുശേഷം വിധി!

അങ്ങനെ ഗ്രാഡി തന്റെ ജീവിതം അതിന്റെ അവസാനനിമിഷങ്ങൾവരെ ഭാവനയിൽ കണ്ടു. ആ വിനാഴിക പിന്നീട് ഒരിക്കലും അദ്ദേഹം മറന്നില്ല. അതു് അദ്ദേഹത്തിന്റെ ഭാവിജീവിതത്തിനു രൂപംകൊടുത്തു. മരണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിനു വിലയിരുത്തിയതിനാൽ അദ്ദേഹം തികഞ്ഞ മതാനുയായി ആയി ജീവിച്ചു. ഇതാ, മരണത്തിനുള്ള ഒരുക്കത്തിന് ഒന്നാന്തരമൊരു മാതൃക.

വൃദ്ധനായ ഒരു വൈദികൻ മരണാസന്നനായിക്കിടന്നപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ചോദിച്ചു: "അച്ചനു മരിക്കാൻ ഭയം തോന്നുന്നില്ലേ?" എപ്പോഴും സന്തുഷ്ടമാനസനും പ്രസന്നവദനനുമായിരുന്ന അദ്ദേഹം തലകുലു

ങ്ങികൊണ്ടു പറഞ്ഞു: "കഴിഞ്ഞ എഴുപതുവർഷത്തിലധികംകാലം എല്ലാ രാത്രികളിലും ഞാൻ എന്റെ മരണം അഭിനയിച്ചു പഠിക്കുകയായിരുന്നു. പിന്നെ എന്തിന് ഇപ്പോൾ ഭയപ്പെടണം?"

നേരത്തേ അഭിനയിച്ചു പരിചയിക്കുക, പരിശീലിക്കുക. അതാണ്, മരണത്തിനുള്ള ഏററം നല്ല ഒരുക്കം.

പുണ്യചരിതനായ ഒരു വൈദികൻ ഇപ്രകാരം മരണത്തിനൊരുങ്ങിയിരുന്നു: കിടക്കയിലിരുന്ന്, തന്റെമേൽ തന്നെ തൈലാഭിഷേകംചെയ്തുകൊണ്ട് അദ്ദേഹം 'അന്ത്യലേപനം' സ്വീകരിച്ചിരുന്നു. പൂശാൻ ഉപയോഗിച്ചതു ഹന്നാൻവെള്ളമാണെന്നുമാത്രം. ഓരോ അവയവത്തിലും ഹന്നാൻവെള്ളംകൊണ്ടു കുരിശുവരച്ചുകൊണ്ട് അന്ത്യലേപനാവസരത്തിലെ പ്രാർത്ഥനകളെ അനുകരിച്ച്, അദ്ദേഹം ഇങ്ങനെ ചൊല്ലുന്നു:

നയനങ്ങൾ:

സ്വർഗ്ഗീയപിതാവേ, എന്റെ നയനങ്ങൾ നിന്നെ വളരെക്കുറച്ചുമാത്രമേ നോക്കിയിട്ടുള്ളു. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

കർണ്ണങ്ങൾ:

സ്വർഗ്ഗീയപിതാവേ, എന്റെ കാതുകൾ നിന്നെ ശ്രദ്ധാപൂർവ്വം ശ്രവിച്ചില്ല; കൂടാതെ ലോകത്തിന്റെ അരുചിക്ക് അവയെ തുറന്നിടുകയുംചെയ്തു. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

അധരങ്ങൾ:

സ്വർഗ്ഗീയപിതാവേ, ഉപകാരരഹിതവും അവാസ്തവങ്ങളും ദൂഷണപരങ്ങളുമായ വാക്കുകൾ ഞാൻ പറഞ്ഞിട്ടുണ്ട്. അങ്ങയോടു വളരെ കുറച്ചുമാത്രമേ ഞാൻ സംസാരിച്ചിട്ടുള്ളു. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

ഹൃദയം:

സ്വർഗ്ഗീയപിതാവേ, എന്റെ ഹൃദയം പൂർണ്ണമായും അവിഭക്തമായും നിന്നെ സ്നേഹിച്ചില്ല. നിനക്കും ലോകത്തിനുമായി പങ്കിട്ട ഒരു സ്നേഹമായിരുന്നു എന്റേതു്. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

കരങ്ങൾ:

സ്വർഗ്ഗീയപിതാവേ, എന്റെ കരങ്ങൾ ഇന്നു പ്രാർത്ഥനയ്ക്കായി ഞാൻ കൂപ്പിയില്ല. നിനക്കും മറ്റുള്ളവർക്കുംവേണ്ടി അവ കൂടുതൽ പണിയെടുത്തില്ല. അവിടുന്ന് അനുഗ്രഹിച്ചപോലെ പാപക്കറ പുരളാതെ അവയെ ഞാൻ കാത്തുസൂക്ഷിച്ചുമില്ല. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

പാദങ്ങൾ:

സ്വർഗ്ഗീയപിതാവേ, ആത്മാക്കളെ രക്ഷിക്കുവാൻവേണ്ടി എന്റെ കാലുകളെ ഞാൻ ഉപയോഗിച്ചില്ല. അതിനാൽ, നിന്റെ കരുണയാലും ഈ ആശീർവ്വാദത്താലും എന്നോടു ക്ഷമിക്കണമേ.

അതിനു ശേഷം ആ ഭക്തവൈദികൻ തന്റെ മരണവിനാഴിക, അതിന്റെ സകല സാഹചര്യങ്ങളോടുംകൂടെ

വിഭാവനം ചെയ്യുനോക്കും. എല്ലാരാത്രിയിലും ഈവിധത്തിലു ള്ള ഒരു ഒരുക്കം നമുക്കും അത്യധികം പ്രയോജനകരവും അ നുകരണീയവുമായി തോന്നുന്നില്ലേ?

മരണത്തെക്കുറിച്ച് പ്രത്യേകിച്ചും രാത്രിയിൽ കേൾക്കു ന്നതു പലർക്കും ദുസ്സഹമാണ്. എന്നാൽ, അത് എത്ര വലി യ നന്മയാണു വരുത്തുക! ഓരോനിമിഷവും നമ്മെ കുഴിമാട ത്തിങ്കലേയ്ക്കു കൂടുതൽ അടുപ്പിക്കുന്നു. നാം ഓരോരുത്തരും തനി യെ 'ഭയാനകമായ' മരണത്തിന്റെ കവാടം കടക്കേണ്ട ഒരു ദിവസം വന്നണയും. വേടനെ കാണുമ്പോൾ, മരുഭൂമിയിലെ മണലിൽ തലപൂഴ്ത്തിവച്ചിട്ട്, തന്നെ ആരും കാണുന്നില്ലെ ന്നു കരുതുന്ന പാവം ഒട്ടകപ്പക്ഷിയെ നമ്മൾ അനുകരിക്ക ണമോ? ഒരു ഐതിഹ്യകത്തിൽ വിവരിച്ചിരിക്കുന്നവിധം, മരണത്തിന്റെ പിടിയിൽനിന്ന് ഒളിച്ചോടുവാൻ ശ്രമിച്ച സോളമൻരാജാവിനേപ്പോലെ നാം പ്രവത്തിക്കുകയോ?

ഇതാണ് ആ സംഭവം. മരണചിന്ത സോളമനെ വല്ലാ തെ ഭയപ്പെടുത്തിയിരുന്നതിനാൽ, മരണത്തെ മാററിനിറു ത്തുവാനുള്ള സകല മാർഗ്ഗങ്ങളും പ്രയോഗിക്കുവാൻ അദ്ദേ ഹം നിശ്ചയിച്ചു. തന്റെ സന്നിധിയിൽവച്ച് 'മരണം' എ ന്ന പദം ആരും ഉച്ചരിച്ചുപോകരുതെന്ന് അദ്ദേഹം ആജ്ഞാ പിച്ചു. രാജ്യത്തെ പ്രശസ്തരും പ്രമുഖരുമായ ഡോക്ടർമാരെ, തന്റെ ആരോഗ്യനില എപ്പോഴും പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുമായി കൊട്ടാരത്തിൽ ത്തന്നെ അദ്ദേഹം താമസിപ്പിച്ചു. വർഷങ്ങൾ അങ്ങനെ ക ടന്നുപോയി. ഒടുവിൽ ഒരു രാത്രി അദ്ദേഹം ഒരു സ്വപ്നം ക ണ്ടു—മരണം കൊട്ടാരമതിലുകൾ ചാടിക്കടന്നു തന്നെ പി ടികൂടുവാൻ വരുകയാണെന്നും നാളെ വെളുക്കുന്നതിനുമുമ്പു താൻ മരിക്കുമെന്നും. അദ്ദേഹം ഞെട്ടിയുണർന്നു. കിടക്ക യിൽനിന്നു ചാടിയെഴുന്നേററു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും

നടന്നു നോക്കി. ശരീരം മുഴുവൻ വിയർപ്പിൽ കുളിച്ചിരിക്കു ന്നു. എങ്കിലും മരിച്ചിട്ടില്ല. കോണിപ്പടികൾ ഓടിയിറങ്ങി അദ്ദേഹം താഴെ വന്നതും തന്റെ കുതിരപ്പുറത്തു ചാടിക്കു യറി ക്രൂരിരുട്ടിലേക്കു പാഞ്ഞുമറഞ്ഞതും ഒന്നിച്ചു കഴിഞ്ഞു. അങ്ങകലെയുള്ള മണലാരണ്യത്തെ ലക്ഷ്യമാക്കി അദ്ദേഹം കുതിരയെ അതിവേഗം പായിക്കുകയാണ്. മരണം കൊട്ടാ രത്തിൽ സോളമനെ കണ്ടെത്തുകയില്ല. അദ്ദേഹം രക്ഷപെട്ടു കഴിഞ്ഞിരിക്കുന്നു. സൂര്യൻ ഉദിച്ചുയർന്നിട്ടും, സോളമൻ, ആ വിചാരത്തോടേ കാടുകളും മേടുകളും പിന്നിട്ടു മുമ്പോട്ടു തന്നെ പൊയ്ക്കൊണ്ടിരുന്നു. ഉച്ചയാകാറായപ്പോൾ അദ്ദേഹ ത്തിനു ദാഹവും ക്ഷീണവും അനുഭവപ്പെട്ടു. അങ്ങകലെയായി ഒരു വലിയ പാറ ഉയർന്നു നിൽക്കുന്നു. അതിന്റെ തണ ലിൽ അല്പം വിശ്രമിച്ചു, കൂടുതൽ ശക്തി സംഭരിച്ചുകൊണ്ടു യാത്ര തുടരാം എന്നദ്ദേഹം തീരുമാനിച്ചു. കണ്ണെത്താത്ത ആ മണൽക്കാട്ടിൽ, തണൽവിരിച്ചുനിൽക്കുന്ന ആ കരിംപാറ ക്കല്ലിന് ഒരായിരം നന്ദിപറഞ്ഞുകൊണ്ട് അദ്ദേഹം അതി നെ സമീപിച്ചു. എന്നാൽ, കഷ്ടം! അതാ ആ പാറയുടെ പിറകിൽനിന്നും മരണത്തിന്റെ 'എല്ലിൻ പേക്കോലം' ഇറങ്ങിവരുന്നു, അദ്ദേഹത്തെ സ്വീകരിക്കുവാൻ. സോളമൻ ഞെട്ടി വിറച്ചുപോയി. വിജനമായ ആ മരുഭൂവിൽ, തന്റെ കൊട്ടാരത്തിൽനിന്ന് ഇത്ര അകലെ മരണം എങ്ങനെ എ ത്തിച്ചേർന്നുവെന്ന് ഓർത്ത് അദ്ദേഹം വിസ്മയിച്ചു.

മരണംപറഞ്ഞു: "ഇന്നു രാവിലേ ദൈവം എന്നോടു കല്പിച്ചു, ഈ പാറയുടെ സമീപത്തുവച്ചു നിന്നെ കണ്ടുമുട്ടു ന്നതിനും വിധിക്കായി തന്റെ തിരുമുമ്പിൽ ഹാജരാക്കുന്ന തിനും. കൊട്ടാരത്തിൽനിന്നും വളരെ വിരളമായിമാത്രം പുറ ത്തിറങ്ങാറുള്ള നിന്നെ ഇവിടെവച്ചു കണ്ടുമുട്ടണമെന്നുള്ള ദൈവകല്പന തീരെ യുക്തിരഹിതമായി എനിക്കു തോന്നി എങ്കിലും അക്ഷരംപ്രതി ഞാൻ അനുസരിച്ചു. എന്നെ കാ

ണാനാഗ്രഹിച്ചെന്നതുപോലെ, നീ ഇതാ കതിരപ്പുറത്തു കയറി ഇവിടെ പാഞ്ഞെത്തിയിരിക്കുന്നു."

വേറൊരു ഇതിഹാസകഥ ഇങ്ങനെയാണ്. ശക്തമായ ശാഖകൾ വീശി, പടർന്നു പന്തലിച്ചുനില്ക്കുന്ന ഒരു അരവിന്ദവൃക്ഷമുണ്ടു ലോകത്തിലെവിടെയോ. കോടിക്കണക്കിനുള്ള അതിൻെറ ഇലകളിൽ ലോകത്തിലുള്ള എല്ലാമനുഷ്യരുടെയും പേരുകൾ എഴുതപ്പെട്ടിരിക്കുന്നു. എല്ലാക്കൊല്ലവും നവവത്സരപ്പിറവിയുടെ തലേരാത്രി ഒരു ദൈവദൂതൻവന്ന് ആ മരം പിടിച്ചു കുലുക്കുന്നു. ആയിരക്കണക്കിന് ഇലകൾ അടർന്നു നിലംപതിക്കും. അങ്ങനെ താഴെവീഴുന്ന ഇലകളിൽ കുറിച്ചിട്ടുള്ള പേരുകാർ, ശിശുവും ബാലനും, യുവാവും വൃദ്ധനും, ദരിദ്രനും ധനവാനും, രോഗിയും ആരോഗ്യവാനും എല്ലാം ആ പുതുവത്സരത്തിൽ മരിക്കേണ്ടവരാണ്.

എൻേറയും നിങ്ങളുടേയും പേരു വഹിക്കുന്ന ഇലകൾ അടർന്നുവീഴുന്നതു് എന്നായിരിക്കുമോ ആവോ?

നിങ്ങൾ നിശാപ്രാർത്ഥനകൾ ചൊല്ലി. ഇനി കിടക്കയിലേക്കു ചായുകയാണ്. ഉറങ്ങുന്നതിനു മുമ്പായി ചൊല്ലേണ്ട ഒരു ചെറിയ പ്രാത്ഥനയുണ്ട്. ഒരുപക്ഷേ, നിങ്ങൾക്ക് ഇതു പുത്തരിയായിരിക്കും. ആധ്യാത്മികപിതാക്കന്മാർ ഇതിൻെറ പ്രാധാന്യത്തെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഉറങ്ങുന്നതിനു തൊട്ടുമുമ്പുള്ള ഈ പ്രാത്ഥന വളരെ പ്രാധാന്യമർഹിക്കുന്നു. കാരണം, പിറേറദിവസം പ്രഭാതത്തിലേ ആദ്യ ചിന്തകൾ, തലേദിവസത്തേ നമ്മുടെ അവസാനചിന്തകളുമായി ബന്ധപ്പെട്ടവയായിരിക്കും. ഇതാണ് എൻെറ നിർദ്ദേശം:

'ആകാശങ്ങളിലിരിക്കുന്ന' നമസ്കാരം ചൊല്ലാൻ വേണ്ട സമയംകൊണ്ടു താഴെവരുന്ന ചോദ്യങ്ങൾ ചോദിച്ച്

ഉത്തരം പറയുക: നാളെ ഞാൻ എപ്പോഠം എഴുന്നേല്ക്കാൻ ഉദ്ദേശിക്കുന്നു? എഴുന്നേല്ക്കുന്നതിൻെറ ഉദ്ദേശ്യമെന്തു്?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങഠം എത്ര പ്രാധാന്യമർഹിക്കുന്നുവെന്നറിയാമോ? ഒരു നിശ്ചിതസമയത്തു കൃത്യമായി എഴുന്നേല്ക്കുന്നതു് ആ ദിവസത്തെ മുഴുവൻ ചൈതന്യപൂർണ്ണമാക്കുന്നു. ഇന്നസമയത്തു് എഴുന്നേല്ക്കണമെന്നുള്ള മനോനിശ്ചയം ആ സമയത്തുതന്നെ എഴുന്നേല്ക്കാൻ പ്രേരകമാകും. രണ്ടാംചോദ്യം നിങ്ങളുടെ വ്യക്തിപരമായ ആദർശത്തിനു രൂപംകൊടുക്കുന്നു. ആ ആദർശമായിരിക്കും അടുത്ത ദിവസത്തെ നിങ്ങളുടെ സകല പ്രവൎത്തനങ്ങഠക്കും പ്രചോദനമരുളുക. നിങ്ങളും ദൈവവുംമാത്രമറിയുന്ന 'അണുകരഹസ്യ'മാണു് ആ ആദർശം. അതോർത്തുകൊണ്ടു് ഉറങ്ങിയാൽ അതോർത്തുകൊണ്ടു് എഴുന്നേല്ക്കുവാൻ സാധിക്കും. അങ്ങനെ അതു നിങ്ങളുടെ ജീവിതത്തിലെ മുന്തിയ ചിന്തയായി പരിണമിക്കുകയും ചെയ്യും.

നിങ്ങളുടെ ആരോഗ്യം തൃപ്തികരമെങ്കിൽ ഇത്രയുമാകുമ്പോഴേക്കും നിങ്ങഠം നിദ്രയിൽ ആണ്ടുകഴിയും. ഇല്ലെങ്കിൽ ഒരു ഭക്തയായ മാതാവു്, ആറുവയസ്സുള്ള തൻെറ മകനു കൊടുത്ത ഉപദേശം പറഞ്ഞു തരാം: "കുഞ്ഞേ, നിന്നെത്തന്നെ അലട്ടാതെ, ശാന്തമായി നിനക്കേററവും ആവശ്യമുള്ള വസ്തുക്കായി പ്രാൎത്ഥിക്കുക." ഏററം ആവശ്യകമായതെന്തെന്നു് ആ കുഞ്ഞു ചോദിച്ചപ്പോഠം അമ്മ പറഞ്ഞു: "ഒന്നാമതു്, ദൈവം നിനക്കായി നിശ്ചയിച്ചിരിക്കുന്ന ജീവിതമാർഗ്ഗം അനുഗമിക്കുന്നതിനും രണ്ടാമതു് ഒരു നല്ല മരണത്തിനുംവേണ്ടി പ്രാൎത്ഥിക്കുക."

ഉറങ്ങാൻപോകുന്നതിനുമുമ്പു് തൻെറ ഏററം ആവശ്യകങ്ങളായ അൎത്ഥനകഠം ദൈവതിരുമുമ്പിൽ സമർപ്പിക്കുന്ന

തിന്നു പ്രസിദ്ധനായ സ്വെൻസൺ (Svensson) എന്ന ഈ ശോസഭാവൈദികനെ അദ്ദേഹത്തിൻെറ പ്രോട്ടസ്റ്റൻറുകാരിയായ മാതാവു് ഉപദേശിച്ചിരുന്നു. അങ്ങനെയായാൽ അവൻെറ അപേക്ഷകൾ തീർച്ചയായും ദൈവം സ്വീകരിക്കുമത്രേ. ഒരെളിയ മാതാവു നിങ്ങൾക്കു തരുന്ന ബുദ്ധിപൂർവ്വകമായ ഉപദേശമാണിതു്.

## X

# ഒന്നു പരീക്ഷിച്ചുനോക്കുക.

അങ്ങനെ നമ്മൾ ഒന്നിച്ചു് ഒരു നീണ്ടയാത്രതന്നെ കഴിച്ചു. ഇതിനിടയ്ക്കു പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ഒരു വലിയ കുന്നിൻെറ മുകളിൽ കയറിനിന്നു താഴ്‌വാരങ്ങൾ നോക്കിക്കാണുന്നതുപോലെ, അനുദിനജീവിതത്തിലേ വിശുദ്ധിയുടെ നാനാവശങ്ങൾ നാം കണ്ടു. ലക്ഷ്യം വളരെ ഉന്നതമാണെന്നും അവിടെ എത്തിച്ചേരുക അത്ര എളുപ്പമല്ലെന്നുമുള്ള വിചാരം നിങ്ങൾക്കുണ്ടായിക്കാണും. തുടക്കത്തിൽ വളരെ അധികം ആശയോടും ആവേശത്തോടുംകൂടെ നിങ്ങൾ പറഞ്ഞു "അതു സാദ്ധ്യമാണ്" എന്നു്. അതേ ചങ്കുറപ്പോടും ദൃഢനിശ്ചയത്തോടുംകൂടെ ഇപ്പോൾ അതു് ആവർത്തിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ആഗ്രഹവും ആഗ്രഹനിവൃത്തിയും ആദർശവും അതിൻെറ സഫലീകരണവും തമ്മിലുള്ള വലിയ വ്യത്യാസം നിങ്ങൾക്കറിയാം. ഇന്നു നാം നല്ല പ്രതിജ്ഞകളെടുക്കുന്നു. അവയെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും കണിശമായി കാത്തുകൊള്ളാമെന്നും ദൈവത്തോടു വാഗ്ദാനം ചെയ്യും. നാളെ അതിനു നേരെ വിപരീതമായി പ്രവർത്തിക്കും. ഇന്നലെവരെ പൂവിട്ടു പൂജിച്ചിരുന്നവയെ ഇന്നു നിലത്തിട്ടു ചവിട്ടിത്തേയ്ക്കുന്നു. നിങ്ങളും ഞാനും ഇതി

ന്ന സാക്ഷികളാണ്. മുമ്പു ചെയ്ത നിശ്ചയങ്ങളെ മറന്ന് അവിശ്വസ്തരായി പെരുമാറുക സ്വാഭാവികംമാത്രമാണ്. വേരുറച്ച വൻവൃക്ഷങ്ങളെപ്പോലെ ഉറച്ചുനില്ക്കുന്നു എന്നു വിചാരിക്കുന്നവർപോലും ചിലപ്പോൾ അടി പതറി വീഴാറുണ്ട്.

ഇത്രയും പറഞ്ഞതു നിങ്ങളെ നിരാശരാക്കുവാനല്ല, അന്തിമവിശുദ്ധിയിലേക്കുള്ള മുന്നേററത്തിൽ നാം കരുതലുള്ളവരായിരിക്കണമെന്നു കാണിക്കുവാൻവേണ്ടിമാത്രമാണ്. ലക്ഷ്യപ്രാപ്തിയെ ഏററം എളുപ്പവും സുനിശ്ചിതവുമാക്കിത്തീർക്കുന്ന ഒരു മാർഗ്ഗത്തെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ടു് ഈ പ്രഭാഷണം അവസാനിപ്പിക്കാം.

അത്യഗാധങ്ങളായ ഗർത്തങ്ങൾക്കുമീതെക്കൂടി നിങ്ങളെ നയിക്കുകയും അപകടകരങ്ങളായ കുത്തൊഴുക്കുകളിൽ നിങ്ങളുടെ കൈയ്ക്കുപിടിച്ചു നടത്തുകയുംചെയ്യുന്ന ആ കരങ്ങൾ, ത്രിതൈ്വകദൈവത്തിൻെറ സിംഹാസനത്തിലേക്കു മാത്രമല്ല, ദൈവത്തിൻെറ ഹൃദയത്തിലേക്കുതന്നെ നിങ്ങളെ നയിക്കും. ആ ശക്തിയേറിയ കരങ്ങൾ ഏതാണെന്നല്ലേ? നമ്മുടെ സ്വർഗ്ഗീയജനനിയുടെ കരങ്ങൾതന്നെ. അതിനാലാണു വിശുദ്ധർ എല്ലാവരും പരിശുദ്ധ കന്യകാമറിയത്തിൻെറ വലിയ ഭക്തരായിരുന്നതു്. നാം ഒന്നാം അധ്യായത്തിൽക്കണ്ട ജോസഫ് എംഗ്ലിങ്ങിൻെറ പ്രാർത്ഥനയുടെ അർത്ഥം ഇപ്പോൾ കൂടുതൽ സ്പഷ്ടമാകും: "അനുഗ്രഹീതനായ ഗബ്രിയേലേ, എനിക്കും ഒരു പുണ്യവാനാകണം. അങ്ങയെക്കാൾ വലിയ ഒരു പുണ്യവാൻ. പരിശുദ്ധജനനിയോടു ഗാഢമായ ഒരു സ്നേഹം എനിക്കു പ്രാപിച്ചുതരിക. എന്നാൽ ഞാനും നിന്നെപ്പോലെ പരിപൂർണ്ണനായിത്തീരും."

വാഴ്ത്തപ്പെട്ട ഹെർമൻജോസഫിൻെറ ജീവിതത്തിൽ

ഏതാദൃശമായ ഒരു മനോഭാവത്തെ വ്യക്തമാക്കുന്ന ഒരു ഐതിഹ്യം രേഖപ്പെടുത്തിയിട്ടുണ്ടു്. ഉണ്ണിയീശോയ്ക്കു് ഹെർമ്മൻ ഒരാപ്പിൾ കൊടുക്കുന്നതും അമ്മയുടെ അങ്കതലത്തിലിരുന്നുകൊണ്ടു് ഈശോ കൈനീട്ടി ആ പഴം വാങ്ങിക്കുന്നതുമായ ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടാവണം. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ വളരെ ദരിദ്രരായിരുന്നു. പലപ്പോഴും അത്യാവശ്യപ്പെട്ട സാധനങ്ങൾപോലും കിട്ടാതെ വിഷമിച്ചാണു് അദ്ദേഹം ജീവിച്ചതു്. പരിശുദ്ധകന്യകയുടെ ഭക്തനായിരുന്നതിനാൽ, ഹെർമ്മൻ കൂടെക്കൂടെ പള്ളിയിൽപോയി ആ അമ്മയുടെ മുമ്പിൽ മുട്ടുകുത്തി സഹായം അഭ്യർത്ഥിക്കുക പതിവായിരുന്നു. ഒരു ദിവസം പരിശുദ്ധജനനി ഹെർമ്മനെ അറിയിച്ചു, അൾത്താരയുടെ അടിയിൽ കിടക്കുന്ന കല്ലുയർത്തിനോക്കിയാൽ അയാൾ ആഗ്രഹിക്കുന്നതെല്ലാം അവിടെക്കാണുമെന്നു്. പൂർണ്ണവിശ്വാസത്തോടെ അദ്ദേഹം മാതാവിനെ അനുസരിച്ചു. അദ്ദേഹമാഗ്രഹിച്ചതു് ആ കല്ലിനടിയിൽനിന്നു കിട്ടുകയുംചെയ്തു. അന്നുമുതൽ ആവശ്യങ്ങൾ അലട്ടുമ്പോൾ പരിശുദ്ധ ജനനിയെ സമീപിച്ചു പ്രാർത്ഥിച്ചതിനുശേഷം ആ കല്ലുയർത്തി നോക്കുകയും തനിക്കാവശ്യമുള്ള സാധനങ്ങൾ എടുക്കുകയുംചെയ്തുപോന്നു. ദരിദ്രനായ ഹെർമ്മനു് ഇവയെല്ലാം എവിടെനിന്നു കിട്ടുന്നുവെന്നു് അവൻെറ സ്നേഹിതന്മാർ തിരക്കി. അവൻ തൻെറ രഹസ്യം വെളിപ്പെടുത്തി. അവരും ഓടിച്ചെന്നു മാതാവിനോടു പ്രാർത്ഥിച്ചതിനുശേഷം കല്ലു പൊക്കിനോക്കി. ഒന്നും കിട്ടിയില്ല. ഹെർമ്മൻേറതുപോലുള്ള ശിശുസഹജമായ വിശ്വാസത്തോടെ അവർ പ്രാർത്ഥിച്ചില്ല. അതാണു് അവർക്കു് ഒന്നും ലഭിക്കാഞ്ഞതിൻെറ കാരണം.

പരിശുദ്ധ കന്യക മാതൃസഹജമായ സ്നേഹത്തോടുകൂടെ ഏതാവശ്യങ്ങളിലും നമ്മെ സഹായിക്കുവാൻ സന്നദ്ധയാ

ണെന്നു കാണിക്കുന്ന സുന്ദരമായ ഒരു കഥയാണിത്. ശിശുസഹജമായ വിശ്വാസത്തിൽനിന്നുയരുന്ന പ്രാത്ഥന തീർച്ചയായും ഫലപ്രദമാകും. നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടേയും അടിയുറപ്പാണു ദൈവത്തിന്റെ അനന്തശക്തിക്ക് അതിർത്തി നിശ്ചയിക്കുന്നത്. തന്നിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഓമൽസുതന്റെ അഭിലാഷം വത്സലപിതാവായ ദൈവത്തിന്ന് എങ്ങനെ നിഷേധിക്കാൻ കഴിയും? ദൈവത്തിന്റെ കാര്യത്തിൽ ഇതു ശരിയാണെങ്കിൽ ദൈവികപരിപൂർണ്ണതകളിൽ പരമാവധി പങ്കുകാരിയായ പരിശുദ്ധ കന്യകാമറിയത്തെസ്സംബന്ധിച്ചും ഇതു വാസ്തവമാണ്. കരുണക്കടലായ അവർ നമ്മുടെ പ്രാത്ഥനകൾ പ്രാപിച്ചുതരാതെ ഇരിക്കുകയില്ല.

കഴിഞ്ഞനൂററാണ്ടിലെ ഏററം വലിയ വിശുദ്ധനായ ഡോൺ ബോസ്കോ ഈ ആശയത്തിലാണു തന്റെ ജീവിതം മുഴുവനേയും തന്റെ സകല പ്രസ്ഥാനങ്ങളേയും അടിയുറപ്പിച്ചിരുന്നത്. അദ്ദേഹം ഒരിക്കൽ തന്റെ മാതാവിനെ സന്ദർശിക്കുവാൻപോയി. അനാഥ ശിശുക്കൾക്കുവേണ്ടി ഒരു വലിയ ഭവനം പണിയുവാൻ അപ്പോൾ അദ്ദേഹം പരിശ്രമിക്കുകയായിരുന്നു. കൈയിൽ ഒരു പൈസപോലുമില്ലാതെ, ഈ ഉദ്യമത്തിനു പുറപ്പെട്ടതിന്ന് അമ്മ മകനെ ശാസിച്ചു. അപ്പോൾ ജോൺബോസ്കോ അമ്മയോടു ചോദിച്ചു: "അമ്മേ, അമ്മയുടെ കൈവശം ധാരാളം പണമുണ്ടെങ്കിൽ, ഞാൻ ചോദിച്ചാൽ എനിക്കു തരികയില്ലേ?" "തീർച്ചയായും തരും മകനേ," അമ്മ പറഞ്ഞു, "എന്നാൽ, എന്റെ കയ്യിൽ പണമില്ലല്ലോ. അതാണെന്നെ വ്യസനിപ്പിക്കുന്നത്. ഞാൻ ധനികയായിരുന്നെങ്കിൽ നിന്റെ എല്ലാ പരിശ്രമങ്ങളേയും ഞാൻ സഹായിക്കുമായിരുന്നു." ഡോൺബോസ്കോ പ്രതിവചിച്ചു: "ശരി, സ്വർഗ്ഗത്തിലുള്ള എന്റെ അമ്മ, പരിശു

ദ്ധ കന്യകാമറിയം, ലക്ഷപ്രഭാവിയാണ്, കരുണാനിധിയാണ്, ശക്തയുമാണ്. പിന്നെ എന്തുകൊണ്ടു തികഞ്ഞ ശരണത്തോടുകൂടെ അവളെ എനിക്കു സമീപിച്ചുകൂടാ? തീർച്ചയായും അവൾക്കെന്നെ സഹായിക്കാൻ കഴിയും. അവൾ അതിന് അനുഗ്രഹിക്കുന്നു എന്നും എനിക്കറിയാം." ഇങ്ങനെ ഡോൺബോസ്കോ ഭവനനിർമ്മാണത്തിനുതന്നെ തുനിഞ്ഞിറങ്ങി. അപ്രതീക്ഷിതമായി പലരും മുമ്പോട്ടുവന്നു ഗണ്യമായ സഹായം നല്കി. മനോഹരമായ ആ അഗതിമന്ദിരം പൂർത്തിയായപ്പോൾ കടമൊന്നുമുണ്ടായിരുന്നില്ല.

വി. അഗുസ്തീനോസു തരുന്ന ഉപദേശം ഇതാണ്: "നിനക്കുള്ള കഴിവിൻെറ പരമാവധി ചെയ്യുക. കഴിവിനപ്പുറത്തുള്ളവയ്ക്കായി പ്രാർത്ഥിക്കുക." നമ്മുടെ ശരണം ഉറച്ചതായിരിക്കണമെന്നാണു വിശുദ്ധൻെറ അഭിലാഷം. നിങ്ങളുടെ കഴിവിൻെറ അങ്ങേ അററംവരെ ആത്മാർത്ഥമായി പരിശ്രമിക്കുന്നുവെങ്കിൽ, സഹായം ലഭിക്കുമെന്നതിനെപ്പററി സംശയിച്ചിട്ടാവശ്യമില്ല. കാരണം, ആ ശരണത്തെ നിഷ്പ്രയോജനമാക്കുന്നതിനെക്കാൾ ഒരത്ഭുതം പ്രവർത്തിച്ചുപോലും അതിനെ ഒന്നുകൂടി ഉറപ്പിക്കുവാനാണു ദൈവം തിരുമനസ്സാവുക.

ആരംഭത്തിൽ പറഞ്ഞതുപോലെ നിറഞ്ഞ ആത്മാർത്ഥതയോടും തികഞ്ഞ അവബോധത്തോടുംകൂടെ നിങ്ങൾക്ക് ഇപ്പോൾ ആവർത്തിക്കുവാൻ കഴിയുമോ, "അതു സാധ്യമാണ്!" എന്ന്? ഉവ്വ്, "സ്വർഗ്ഗീയമാതാവിൻെറ സഹായത്താൽ എനിക്കൊരു വിശുദ്ധനായിത്തീരുവാൻ സാധിക്കും."

അതിനാൽ, ദൈവമാതാവായ കന്യകാമറിയം അത്ഭുതങ്ങൾക്കു വിഷയമായ ജനനിയായി ഷുവൻസ്റ്റാട്ടിലെ കൊച്ചുകപ്പേളയിൽ വണങ്ങപ്പെടുന്നതിൽ വിസ്മയിപ്പാനില്ല. ശ

'BRAR

കതിയിലും ജ്ഞാനത്തിലും നന്മയി[illegible]ൾ അത്ഭുതാവഹയാണ്. ബലിപീഠത്തിനു മുകളിലുള്ള അവളുടെ പടത്തിന്മേൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള "മറിയത്തിന്റെ ദാസൻ ഒരിക്കലും നശിക്കയില്ല" എന്ന വാചകത്തിന്റെ അർത്ഥം, "മറിയത്തോടു വിശ്വസ്തരായിരിക്കുന്നവർ നരകയാതന അനുഭവിക്കുകയില്ല," എന്നുമാത്രമല്ല, "മറിയത്തെ സ്വമാതാവായി സ്വീകരിക്കുകയും പുത്രസഹജം സ്നേഹിക്കുകയും ചെയ്യുന്നവർ തീർച്ചയായും, സ്വർഗ്ഗസ്ഥനായ പിതാവ് അവർക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന വിശുദ്ധിയുടെ പദവിയെ പ്രാപിക്കും" എന്നുകൂടെയാണ്. അനുദിനവിശുദ്ധിയുടെ രാജകീയമാർഗ്ഗത്തിൽ ചെന്നെത്താനുള്ള അവരുടെ പരിശ്രമങ്ങൾ ഒരിക്കലും നിഷ്ഫലമാകുകയില്ല.

ആകയാൽ, വീണ്ടും നമുക്കുറപ്പിച്ചു പറയാം, "അതു സാദ്ധ്യമാണ്!"

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. M.200 Acc. No. 13364

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M1200
ANN-O

13364

അന്നാട്ടാ, ഏറം
ഇന്നാർ ചരിക്കിച്ചുർ ണോക്കാ ഖോ

KOTTAYAM PUBLIC LIBRARY

Call No. M200 ANN-O Acc. No. 13364

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org